വേദപ്രചാര

# മദ്ധ്യസ്ഥൻ

വാല്യം 94 ലക്കം 11 | 2022 മെയ്



The official organ of the Archeparchy of Changanacherry



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശേരി അതിരൂപത
സ്ഥാപിതം: മെയ് 20, 1887

വാല്യം 94 ● ലക്കം 11 ● മെയ് 2022

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ (22 Ch. 270-351)........................................................ 05
മെയ്ദിന സന്ദേശം 2022 ........................................................ 09
കച്ചേരിക്കാര്യം........................................................ 15
അതിരൂപതാദിനാചരണം........................................................ 23
അനുസ്മരണം........................................................ 25
വൈദികസമ്മേളന റിപ്പോർട്ട് ........................................................ 28
പഞ്ചവത്സര അജപാലനപദ്ധതി........................................................ 30
MAAC (Media Apostolate Archeparchy of Changanachery) ........................................................ 31
സന്ദേശനിലയം........................................................ 32
ചെറുപുഷ്പ മിഷൻലീഗ്........................................................ 35
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........................................................ 37
ഫാമിലി അപ്പോസ്റ്റലേറ്റ്........................................................ 39
യുവദീപ്തി - എസ്.എം.വൈ.എം........................................................ 42
കെ.സി.എസ്.എൽ ........................................................ 47
CARP ........................................................ 48
ചാസ്........................................................ 49
ജീവകാരുണ്യനിധി ട്രസ്റ്റ്........................................................ 55
ആതുരശുശ്രൂഷാ മേഖല........................................................ 56
പ്രവാസി അപ്പോസ്തലേറ്റ് ........................................................ 58
കെ.എൽ.എം. ........................................................ 59
കത്തോലിക്കാ കോൺഗ്രസ്........................................................ 60
ആത്മതാകേന്ദ്രം ........................................................ 62
ദലിത് കത്തോലിക്കാ മഹാജനസഭ ........................................................ 64
ഫ്രാൻസിസ്കൻ അല്മായസഭ........................................................ 65
വിൻസെൻഷ്യൻ വേദി........................................................ 67
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........................................................ 69
പൗരോഹിത്യ ആദ്ധ്യാത്മികത........................................................ 70
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........................................................ 76
Engagements ........................................................ 83

Annual Subscription: Rs. 300/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

## സർക്കുലർ

22 Ch. 270-351

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപിതാവിന്റെ 97-ാം ചരമവാർഷികാചരണം ദൈവദാസി ഷന്താളമ്മയുടെ 50-ാം ചരമവാർഷികം

ഭാരത അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ജൂബിലിവർഷമായ 2022 നമ്മുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണെന്ന് സീറോമലബാർ സഭാ സിനഡ് (ജനുവരി 7–15, 2022) ഓർമ്മിപ്പിക്കുന്നുണ്ട്. ഈ അവസരത്തിൽ ചങ്ങനാശേരി രൂപതയുടെ പ്രഥമമെത്രാനും ആരാധനാസന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ വേദപ്രചാരണവിഷയത്തിൽ ഉണ്ടായിരുന്ന താല്പര്യവും അദ്ദേഹത്തിന്റെ പ്രബോധനങ്ങളും പരിചിന്തനം ചെയ്യുന്നത് നമ്മുടെ പ്രേഷിത തീക്ഷ്ണതയെ സഹായിക്കും എന്നതിൽ സംശയമില്ല. 'മാർ തോമ്മാശ്ലീഹായുടെ മക്കളായ നാം നമ്മുടെ മന്ദജീവിതത്തിൽനിന്നും ഇതേവരെ ഉണർന്നിട്ടില്ല എന്നു കാണുന്നത് എത്രയോ വ്യസനകരമാകുന്നു' എന്ന് തന്റെ ഇടയലേഖനത്തിലൂടെ (88) ആകുലപ്പെടുന്ന പിതാവ് 'എത്രയോ ആയിരം ശീശ്മയിലും, എത്രയോ വലിയ സംഖ്യ അജ്ഞാനത്തിലും ജീവിച്ചുവരുന്നു, നാം ഇവരുടെ മനസ്സുതിരിവിനായി എന്തു ചെയ്തിട്ടുണ്ടെന്നും എന്തു ചെയ്യുന്നുവെന്നും ഓർമ്മിക്കേണ്ടിയിരിക്കുന്നു' എന്ന് ഒരു ആത്മപരിശോധനയ്ക്ക് നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നുണ്ട്.

തങ്ങൾ വിശ്വസിക്കുന്നത് ജീവിതത്തിലൂടെ ഏറ്റുപറയുകയും ഈ വിശ്വാസം പ്രഘോഷിക്കുകയും ഇതിനായി ഉദ്യമിക്കുന്നവരെ സഹായിക്കുകയും ചെയ്യുക എല്ലാ ക്രിസ്ത്യാനികളുടെയും കടമയായി പിതാവ് തന്റെ അജഗണങ്ങളെ ഓർമ്മപ്പെടുത്തുന്നുണ്ട്. മാറുന്ന സാമൂഹിക ചുറ്റുപാടുകളിലും എന്തു വിലകൊടുത്തും നമ്മുടെ പക്ഷം ചേരാനും സത്യത്തിനുവേണ്ടി നിലകൊള്ളാനും നമുക്ക് സാധിക്കണം. അസത്യങ്ങളും അർദ്ധസത്യങ്ങളും അരങ്ങു വാഴുമ്പോൾ കറതീർന്ന കത്തോലിക്കാ വിശ്വാസത്തിന്റെ പ്രതിസംസ്കാരത്തിനാണ് കുര്യാളശ്ശേരിപിതാവ്

ആഹ്വാനം ചെയ്യുന്നത്. ജീവിതസാക്ഷ്യം പരമപ്രധാനമായിരിക്കെ, വിശ്വാസപ്രചാരത്തിലും അശ്രാന്തം പരിശ്രമിക്കാൻ പിതാവ് ആഹ്വാനം ചെയ്തിരുന്നു (ഇടയലേഖനം 69). കൈയ്യിൽകിട്ടിയ വിശ്വാസദീപം കൈമാറിക്കൊടുക്കാനും ആ ദീപപ്രഭയിൽ സത്യദൈവത്തെ അറിഞ്ഞ് വിശ്വസിക്കാനും ഇടയാകത്തക്കവിധം പ്രേഷിത തീക്ഷ്ണത നമ്മിൽ ജ്വലിക്കട്ടെ. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി വേലചെയ്യുന്നതും വേല ചെയ്യുന്നവരെ സഹായിക്കുന്നതും എത്ര മഹനീയവും ദൈവീകവുമ ണെന്ന് നിങ്ങൾ നല്ലവണ്ണം ആലോചിപ്പിൻ (ഇടയലേഖനം 56).

'മിശിഹായിൽ എല്ലാം നവീകരിക്കുക' എന്ന ആപ്തവാക്യവുമായി 1911–ൽ ചങ്ങനാശേരി വികാരിയാത്തിന്റെ സാരഥ്യം ഏറ്റെടുത്ത് മാർ തോമസ് കുര്യാളശ്ശേരി 1923–ൽ ചങ്ങനാശേരിരൂപതയുടെ പ്രഥമമെത്രാനായി അവരോധിക്കപ്പെട്ടു. അതിന്റെ ശതാബ്ദി ആരംഭിക്കുന്ന ഈ വർഷം വന്ദ്യപിതാവിന്റെ സഭാശുശ്രൂഷയെക്കുറിച്ച് വിചിന്തനം ചെയ്യുന്നത് അവസരോചിതമാണ്. വിദ്യാഭ്യാസപ്രേഷിതത്വം തന്റെ സഭാശുശ്രൂഷകളിൽ പ്രധാനപ്പെട്ട ഒന്നായി അദ്ദേഹം കണക്കാക്കി. ജനങ്ങൾ ആത്മീയവും ഭൗതീകവുമായ ഉന്നതികൈവരിക്കുന്നതിന് വിദ്യാഭ്യാസത്തിനുള്ള അനിവാര്യമായ പങ്ക് മനസ്സിലാക്കിയ കുര്യാളശ്ശേരി പിതാവ് അതിനുള്ള സാധ്യതകളും അവസരങ്ങളും പരമാവധി പ്രയോജനപ്പെടുത്തി.

പ്രൈമറിവിദ്യാലയങ്ങൾപോലും വളരെ വിരളമായിരുന്നതിനാൽ ഇടവകകൾതോറും ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ ഉണ്ടാകണമെന്നാഗ്രഹിച്ച് ഇടവകവൈദികരുടെയും വിശ്വാസിസമൂഹത്തിന്റെയും സഹകരണത്തോടെ കുറഞ്ഞൊരുകാലം കൊണ്ട് ധാരാളം സ്കൂളുകൾ സ്ഥാപിച്ചു. ആൺകുട്ടികൾക്കുവേണ്ടിയുള്ള ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ അന്ന് ചങ്ങനാശേരി, പാലാ, എടത്വാ എന്നീ സ്ഥലങ്ങളിലും മാന്നാനം കൊവേന്തയോടുചേർന്നും ഓരോന്നു മാത്രമാണുണ്ടായിരുന്നത്. വിസ്ത്രുതമായ ചങ്ങനാശേരിയുടെ വ്യാപ്തിക്ക് ഇത് തികച്ചും അപര്യാപ്തമായിരുന്നതിനാൽ രാമപുരം, കുറവിലങ്ങാട്, കൈനകരി തുടങ്ങിയ സ്ഥലങ്ങളിലായി പത്ത് ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ സ്ഥാപിച്ചു. സ്ത്രീവിദ്യാഭ്യാസം കേട്ടുകേൾവി മാത്രമായിരുന്ന ആ കാലത്ത്. കന്യാസ്ത്രീമഠങ്ങളോടനുബന്ധിച്ച് സ്കൂളുകളും ബോർഡിംഗുകളും ആരംഭിച്ചതിന് 'വിപ്ലവകരമായ കാൽവയ്പ്' എന്ന വിശേഷണമായിരിക്കും അനുയോജ്യം.

വന്ദ്യപിതാവ് ആരംഭിച്ച ആരാധനാസന്യാസിനി സമൂഹത്തിന്റെ സഹസ്ഥാപകയായ മദർ ഷന്താളിന്റെ സഹകരണത്തിൽ ചമ്പക്കുളം, തുരുത്തി, മല്ലപ്പള്ളി, വാഴപ്പള്ളി, മുത്തോലപുരം, അതിരമ്പുഴ എന്നിവിടങ്ങളിലെല്ലാം സ്കൂളുകൾ സ്ഥാപിതമായി. പെൺകുട്ടികളുടെ ഭാവിനന്മ മുന്നിൽ കണ്ടുകൊണ്ട് വാഴപ്പള്ളിയിൽ ടീച്ചേഴ്സ് ട്രെയ്നിങ് സ്കൂളും അദ്ദേഹം ആരംഭിച്ചു.

കുര്യാളശ്ശേരി പിതാവിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കെല്ലാം മകുടമായി പ്രശോഭിക്കുന്നത് ചങ്ങനാശേരിയിലെ സെന്റ് ബർക്കുമാൻസ് കോളേജാണ്. അടിസ്ഥാനവിദ്യാഭ്യാസത്തിനപ്പുറം ഉന്നതവിദ്യാഭ്യാസം നേടുന്ന കേരളസമൂഹത്തെ മനസ്സിൽ ദർശിച്ച് ഏറെ ക്ലേശങ്ങളെടുത്ത് അദ്ദേഹംസ്ഥാപിച്ച ഈ കലാലയം ഇന്ന് ശതാബ്ദിയിൽ എത്തിനിൽക്കുന്നു. ഈ സ്ഥാപനംവഴി കൈവന്ന നന്മയും അഭിവൃദ്ധിയും പുരോഗതിയും പരിഗണിക്കുമ്പോൾ നൂറ്റാണ്ടുകൾക്കു മുമ്പ് കേരളസമൂഹത്തെക്കുറിച്ച് വന്ദ്യപിതാവിനുണ്ടായിരുന്ന സ്വപ്നങ്ങളും ദർശനങ്ങളും പാഴായില്ല എന്നുമാത്രമല്ല ബഹുദൂരം മുമ്പോട്ടുപോയിരിക്കുന്നു എന്നുവേണം കരുതുവാൻ. 1965 ൽ ബർക്കുമാൻസ് കോളേജിൽ നടന്ന സയൻസ് എക്സിബിഷനോടനുബന്ധിച്ച് മലയാളമനോരമ പുറത്തിറക്കിയ സപ്ലിമെന്റിൽ -'കോട്ടയം സി.എം.എസ് കോളേജ് ഒഴിച്ചാൽ മധ്യതിരുവതാംകൂറിൽ മറ്റൊരു കലാലയവും അന്നുണ്ടായിരുന്നില്ല. നിത്യസ്മരണാർഹനായ കുര്യാളശ്ശേരിൽ തിരുമേനിയുടെ ദീർഘവീക്ഷണവും സമുദായോന്നമന താത്പര്യവും കൊണ്ടാണ് ഈ കോളേജ് ജന്മമെടുത്തത്' എന്ന് പ്രസ്താവിച്ചു കാണുന്നത് ഈ അവസരത്തിൽ ഓർത്തുപോവുകയാണ്.

പിതാവിനെ സംബന്ധിച്ച് വിദ്യാഭ്യാസമെന്നാൽ കേവലം അക്കാദമിക് പെർഫോമൻസ് മാത്രമായിരുന്നില്ല. ദൈവവിശ്വാസവും സന്മാർഗ്ഗനിഷ്ഠയുംവിദ്യാഭ്യാസത്തോടുചേർന്നു പോകേണ്ടതുതന്നെ. ഇതു രണ്ടുമില്ലാത്ത ഒരാൾക്ക് വിദ്യാഭ്യാസം ലഭ്യമായാൽ അത് ബുദ്ധിഭ്രമമുള്ള ഒരാളുടെ കൈയിൽ കൊടുക്കുന്ന ആയുധമായി ഗണിക്കപ്പെടാവുന്നതാണ് എന്നതായിരുന്നു പിതാവിന്റെ കാഴ്ചപ്പാട് (ഇടയലേഖനം 18). സാന്മാർഗ്ഗികമായും ക്രിസ്തീയമായും ഉള്ള വളർത്തലും വിദ്യാഭ്യാസവും സർവ്വപ്രധാനമായിട്ടുള്ളതും ഒഴിച്ചുകൂടാനാവാത്തവണ്ണം മനുഷ്യന്റെ നിത്യഭാഗ്യത്തിന് ആവശ്യമാണെന്നുമുള്ള അദ്ദേഹത്തിന്റെവിദ്യാഭ്യാസ സങ്കല്പത്തിൽനിന്നും നമ്മൾ വ്യതിചലിച്ചുവോ എന്നതും ചിന്തനീയമാണ്. വിശ്വാസത്തിനുമുകളിൽ വിദ്യാഭ്യാസം പ്രതിഷ്ഠിക്കപ്പെടുകയും ആവശ്യസമയങ്ങളിൽ എടുത്തണിയുന്ന ഒരാവരണമായി വിശ്വാസം താഴ്ത്തപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടെങ്കിൽ നമുക്ക് ഒരു പുനർവിചിന്തനത്തിനും മാറ്റത്തിനും മനസ്സുകാണിക്കാം. അടുത്ത തലമുറയുടെ ഭാഗ്യവും ക്ഷേമവും ഇന്നത്തെ കുട്ടികളുടെ നല്ല വളർത്തലിനെയും സന്മാർഗ്ഗജീവിതത്തെയും ആശ്രയിച്ചായിരിക്കും എന്ന് നൂറിലേറെ വർഷങ്ങൾക്കുമുമ്പ് (1919) എഴുതിവച്ച ക്രാന്തദർശിത്വം തെറ്റായിരുന്നില്ല എന്ന് കാലംതെളിയിച്ചു.

ധന്യനായ മാർതോമസ് കുര്യാളശ്ശേരിയുടെ 97-ാം ചരമവാർഷികമാണ് 2022 ജൂൺ 2. അതോടൊപ്പം കേരളത്തിന്റെ ആദ്ധ്യാത്മിക സാംസ്കാരിക വിദ്യഭ്യാസമേഖലകളിൽ അന്യാദൃശമായ സംഭാവനനൽകി വ്യക്തിമുദ്ര പതിപ്പിച്ച ആ ധന്യപിതാവിന്റെ ജനനത്തിന്റെ 150-ാം വർഷ

ത്തിലേയ്ക്ക് (1873 ജനു.14 – 2023 ജനു.14) നമ്മൾ പ്രവേശിക്കുകയുമാണ്. ചരമവാർഷികത്തിന്റെ ഭാഗമായി മെയ്മാസം 26 മുതൽ ജൂൺ 2 വരെ ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദേവാലയത്തിൽ ആഘോഷമായ വി.കുർബാന, ആരാധന, ശ്രാദ്ധം തുടങ്ങിയവ ഉണ്ടായിരിക്കും.

ആരാധനാസന്യാസിനീസമൂഹത്തിന്റെ സഹസ്ഥാപകയും പ്രഥമാംഗവുമായ ദൈവദാസി മദർ മേരി ഫ്രാൻസിസ്ക ദ ഷന്താളിന്റെ 50-ാം ചരമവാർഷികമാണ് മെയ് 25. ഭക്തിയെ കർമ്മംകൊണ്ടു സാക്ഷാൽക്കരിച്ച ഷന്താളമ്മയുടെ ജീവിതം അൾത്താരയിൽ ആരംഭിച്ച് അൾത്താരയിൽ എത്തിച്ചേർന്നു. സ്വർഗ്ഗീയ അപ്പമായ വി.കുർബാനയെ ആരാധിച്ച ഷന്താളമ്മ വിശക്കുന്ന വയറിനെ കാണാതിരുന്നില്ല. ആകുലപ്പെടുന്ന ആളുകളിലേയ്ക്കും അടുപ്പു പുകയാത്ത അടുക്കളയിലേക്കും അമ്മയുടെ പാദങ്ങൾ ചലിച്ചു. ദൈവത്തിൽനിന്നു സ്വീകരിച്ച് മനുഷ്യർക്കു പങ്കുവച്ച ധന്യജീവിതം അധികത്തിൽനിന്നും അല്പം കൊടുത്തിട്ടല്ല, ഉള്ളത് നുള്ളി പങ്കുവച്ച കാരുണ്യത്തിന്റെ വിതരണക്കാരിയായിരുന്നു അമ്മ.

ജീവിതാനുഭവങ്ങൾ സമ്മാനിച്ച സഹനവും കദനവും നിശബ്ദം വി.കുർബാനയോടു ചേർത്തുവച്ച് തന്റെയും ലോകം മുഴുവന്റെയും തിന്മകൾക്കും പാപങ്ങൾക്കും പരിഹാരമർപ്പിക്കുകയായിരുന്നു ദൈവദാസി മദർ ഷന്താൾ. പാപം പെരുകുന്ന ലോകത്തിൽ പരിഹാരവും അതിലും നിശബ്ദമായ സഹനത്തിലൂടെ, നിരന്തരമായ പ്രാർഥനയിലൂടെ, നിരുപാധികമായ ക്ഷമയിലൂടെ, പകരം വയ്ക്കാനാവാത്ത പരിത്യാഗത്തിലൂടെ ഷന്താളമ്മ ദിവ്യകാരുണ്യഈശോയ്ക്ക് പ്രസാദജനകമായ ബലിവസ്തുവായി മിശിഹായുടെ പരിഹാരബലിയോടു ചേർത്ത് സ്വയം സമർപ്പിച്ചു.

ഷന്താളമ്മയുടെ ചരമദിനമായ 25-ാം തീയതി 10.00 മണിക്ക് അതിരമ്പുഴ ഫൊറോന ദേവാലയത്തിൽ ആഘോഷമായ വി.കുർബാനയും തുടർന്ന് നേർച്ച ഭക്ഷണവും ഉണ്ടായിരിക്കും.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായി ഉണ്ടാകട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

NB : *ഈ സർക്കുലർ മെയ് 22 ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

Ref: 3684/K-5/KCBC/OL/DS 31.03.2022

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2022

ഈശോയിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

2022 ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. മാർ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥംവഴി എല്ലാവർക്കും അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു..

ലോകം അതിജീവനത്തിന്റെ പാതയിലാണ്. കഴിഞ്ഞ രണ്ട് വർഷകാലം ലോകത്തെയാകമാനം നിശ്ചലമാക്കുകയും ദുരിതത്തിലാക്കുകയും ചെയ്ത മഹാമാരിയുടെ ദിനങ്ങൾക്ക് ഏതാണ്ടൊരു ശമനമുണ്ടായിരിക്കുകയാണ്. ഈ ദുരിതത്തിന്റെ വേദനകൾ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയവരാണ് അസംഘടിത തൊഴിലാളികൾ. ഈവർഷത്തെ മെയ് ദിനത്തെ എല്ലാവരും പ്രതീക്ഷയോടെയാണ് വരവേല്ക്കുന്നതെങ്കിലും യുക്രെയിൻ യുദ്ധം പ്രത്യാശയിൽ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. എത്രയുംവേഗം യുദ്ധം അവസാനിച്ച് ഈ മേഖലയിൽ സമാധാനം പുലരട്ടെയെന്നു പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പയോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൂദാശകളിൽനിന്നും ദൈവാലയത്തിൽ നിന്നും തിരുകർമ്മങ്ങളിൽനിന്നുമൊക്കെ നാളിതുവരെ കേട്ടിട്ടില്ലാത്തവിധം അകന്നു കഴിഞ്ഞിരുന്ന ഒരു കാലത്തിനുശേഷം വീണ്ടും കൂദാശകളോടും അൾത്താരയോടും പതുക്കെപതുക്കെ അടുത്തുവരുന്ന കാലഘട്ടം. ഇങ്ങനെ എല്ലാമേഖലകളിലുമുള്ള തിരിച്ചുവരവിനു ലോകം മുഴുവൻ ഒരുങ്ങുകയാണ്.

ഈവേളയിൽ 2023 ലെ മെത്രാൻ സിനഡിനായി പരിശുദ്ധപിതാവിന്റെ നേതൃത്വത്തിൽ ആഗോളസഭ ഒന്നാകെ ഒരുങ്ങുകയാണ്. ഈ വർഷത്തെ മെയ്ദിനസന്ദേശത്തിൽ പ്രധാനമായും ചർച്ചചെയ്യുന്നത് സിനഡിനെ സംബന്ധിച്ചാണ്. ആഗോളസഭയെ ഒരു സിനഡൽ സഭയായി മാറ്റുക എന്നതാണ് മെത്രാൻ സിനഡിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾവഴി ലക്ഷ്യംവയ്ക്കുന്നത്.

തിരുസഭയെ ഒരു തീർത്ഥാടക സമൂഹമായിട്ടാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. 'സിനഡ്' എന്ന വാക്കിന്റെ മൂലാർത്ഥം ഒരുമിച്ചുള്ള യാത്രയെന്നാണ്. സിനഡൽ സഭയെന്നാൽ മാർപാപ്പയും മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ഒരുമിച്ച് സഞ്ചരിക്കുന്ന തീർത്ഥാടക സമൂഹം എന്നതാണ്. ദൈവജനം എല്ലാവരും സഹയാത്രികരാണ്.

2021 ഒക്ടോബർ10-ന് സിനഡിന്റെ ഒരുക്കത്തിന് തുടക്കംകുറിച്ചു കൊണ്ട് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്. 'സഹയാത്രികരായി സഭയെ വിശുദ്ധീകരിക്കാനുള്ള ദൗത്യത്തിൽ സജീവമായി പങ്കുചേരാൻ ലോകംമുഴുവനുമുള്ള ദൈവജനമേ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു'. ഈ വാക്കുകളിലൂടെ സഭയുടെ സർവമേഖലകളിലും വിശുദ്ധീകരണം ആവശ്യമാണെന്നും അതിൽ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിശ്വാസികൾക്കും സജീവഭാഗഭാഗിത്വം വഹിക്കാനുണ്ടെന്നുമാണ് പാപ്പ പറയുന്നത്. പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡിനായി ഒരുങ്ങുന്ന വേളയിൽ തൊഴിലാളികളെ ഇടവകതലംമുതൽ സിനഡൽ പ്രക്രിയയിൽ ഗൗരവപൂർവ്വം ഉൾച്ചേർക്കേണ്ടതായിരിക്കുന്നു. സിനഡൽ പ്രക്രിയയിൽ എല്ലാവരെയും ഉൾച്ചേർക്കാനായി രണ്ട് ഘട്ടങ്ങളായുള്ള പ്രവർത്തനങ്ങളാണ് സിനഡൊരുക്കവുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ എല്ലാവരെയും, വിശിഷ്യാ പലകാരണങ്ങൾകൊണ്ടും സഭാപ്രവർത്തനങ്ങളുടെ മുഖ്യധാരയിൽനിന്നും അകന്നുനില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനെ സംബന്ധിച്ചാണ്. നേരിൽകാണുക (encounter), ശ്രദ്ധാപൂർവ്വം കേൾക്കുക (listen), വിവേചിച്ചറിയുക (discernment) എന്ന മൂന്ന് തലത്തിലുള്ള പ്രവർത്തനരീതിയാണ് ആദ്യഘട്ടത്തിൽ പ്രായോഗികമാക്കേണ്ടത്.

ഇടവകകളിലെ എല്ലാ തൊഴിലാളികളുടെ പക്കലേക്കും സഭയുടെ അജപാലനത്തിന്റെ കരുതൽ എത്തിച്ചേരണം. തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതസാഹചര്യങ്ങൾ വിശദമായി ഉൾക്കൊള്ളണം. ഇതാണ് മുഖാമുഖംകാണൽ എന്നതുകൊണ്ട് സഭാമാതാവ് ഉദ്ദേശിക്കുന്നത്.

രണ്ടാമത്തേതാണ് അവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കൽ. എല്ലാ വിശ്വാസികളെയും തിരുസഭ കേൾക്കുവാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി തൊഴിലാളികളെ ഗൗരവത്തോടെ കേൾക്കാൻ നാം തയ്യാറാകണം. തൊഴിലാളികളുടെ ജീവിതത്തെയും അവരുടെ ദൈനംദിന പ്രശ്നങ്ങളെയും കരുണാപൂർവ്വം ശ്രവിക്കണം. സഭയിൽനിന്നും അവർ എന്ത് പ്രതീക്ഷിക്കുന്നുവെന്ന് അറിയണം. അതോടൊപ്പം അവരുടെ അഭിപ്രായത്തിൽ സഭാസംവിധാനങ്ങൾ എങ്ങനെയാണെന്നും, ഇക്കാര്യത്തിൽ അവരുടെ പ്രതീക്ഷ എന്താണെന്നും കേൾക്കണം.

ഇതിന്റെ തുടർച്ചയാണ് മൂന്നാമത്തെ തലം. കണ്ടുമുട്ടലിലൂടെയും ശ്രവിക്കലിലൂടെയും മനസ്സിലാക്കിയ കാര്യങ്ങൾ വിവേചിച്ചറിയലാണ് അത്. കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ ദൈവാരൂപിയുടെ നിറവിൽ വിവേചിച്ചറിയലാണത്. ഓരോ ഇടവകയിലും രൂപതാതലത്തിലും കൂട്ടായ ചർച്ച നടക്കണം. അതുവഴി സിനഡൽ സഭയിൽ തൊഴിലാളികളെ ഉൾച്ചേർക്കാനുള്ള ആശയവും പ്രവർത്തന പദ്ധതിയും രൂപപ്പെടുത്തണം.

തുടർന്നാണ് സിനഡൽ സഭയുടെ രൂപപ്പെടലിന്റെ അടുത്തഘട്ട

ത്തിലേക്ക് കടക്കുന്നത്. സഭാസംവിധാനങ്ങൾ തൊഴിലാളിയുടെ കൂടെ സഞ്ചരിക്കാൻ തുടങ്ങണം. സിനഡൽ സഭയെ രൂപപ്പെടുത്താനായി മുഴുവൻ ദൈവജനത്തിന്റെയും ഒത്തൊരുമ (communion), പങ്കാളിത്തം (participation), പ്രേഷിതദൗത്യം (mission) എന്നിവയിലധിഷ്ഠിതമായി സഭാസംവിധാനങ്ങളെ പൂർണ്ണമായും പുനഃക്രമീകരിക്കാനാണ് പരിശുദ്ധപിതാവ് രണ്ടാംഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

കൂടെ നടന്നുകൊണ്ട് അവരെ ഒത്തൊരുമയിലേക്ക് വളർത്തണം. കൂടെനടക്കലിന്റെ കരുത്തിനെയും സാദ്ധ്യതകളെയും കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിലെ എമ്മാവൂസ് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇടവകതലം മുതൽ നടത്തപ്പെടുന്ന സിനഡൊരുക്ക പ്രവർത്തനങ്ങൾ എല്ലാ തൊഴിലാളികൾക്കും എമ്മാവൂസ് അനുഭവമായി മാറണം. അതിന്റെ ആദ്യപടിയായി ഒത്തൊരുമയ്ക്കായി തൊഴിലാളികളെ സംഘം ചേർക്കണം. സംഘബോധം ഉളവാക്കണം. തൊഴിലാളികൾ തമ്മിൽത്തമ്മിലും സഭാസംവിധാനങ്ങളുമായും ഒന്നുചേർന്നുചിന്തിക്കാനും, പ്രവർത്തിക്കാനും, ജീവിക്കാനും ഉള്ള അവസരം രൂപപ്പെടുത്തണം. ഇതിന്റെ അടുത്തപടിയാണ് പങ്കാളിത്തം. സഭയിലെ സംവിധാനങ്ങളിലും സഭയുടെ വിവിധശുശ്രൂഷകളിലും പങ്കാളിത്തം ലഭ്യമാക്കണം. സംഘബോധത്തിലൂടെയും പങ്കാളിത്ത നടപടികളിലൂടെയും പ്രേഷിതാഭിമുഖ്യം തൊഴിലാളികൾക്ക് ലഭിക്കും. അതിനെതുടർന്ന് ഈശോയുടെ പ്രേഷിതരായി മാറുകയും ചെയ്യുന്നു.

പരിശുദ്ധപിതാവ് ആവശ്യപ്പെടുന്നത് സിനഡൊരുക്കത്തിന്റെ പ്രവർത്തനങ്ങൾ കത്തോലിക്കരിൽ മാത്രം ഒതുക്കരുതെന്നാണ്. ഇതര ക്രൈസ്തവ വിഭാഗങ്ങളുമായും ഇതര മതവിശ്വാസികളുമായും മാത്രമല്ല ഈശ്വരനിൽ വിശ്വസിക്കാത്തവരുമായും സംഭാഷണങ്ങൾ നടത്തണമെന്നാണ്. എല്ലാവരുമായും പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ മാനവരാശിയുടെ സമഗ്ര വികസനത്തിനായി യോജിച്ചു പ്രവർത്തിക്കേണ്ടതാണ്. അതോടൊപ്പം പരിസ്ഥിതിയും പ്രകൃതിയുമായുള്ള പാരസ്പര്യവും കാത്തുസൂക്ഷിക്കേണ്ടതുമാണ്. 'ലൗദാത്തോസി' യിലൂടെയും 'ഫ്രത്തേലിതൂത്തിയി'ലൂടെയും ഇക്കാര്യം വിശദമായി പാപ്പ പഠിപ്പിക്കുന്നുണ്ട്.

സിനഡൽ സഭയുടെ ആവിർഭാവത്തിനായി മുന്നൊരുക്ക രേഖകളിൽ സൂചിപ്പിക്കുന്ന രണ്ടുഘട്ടങ്ങളിലായി ആറ് തലങ്ങളിൽ പൂർത്തിയാകുന്ന പ്രവർത്തന പരിപാടികൾ തൊഴിലാളികളുടെ മദ്ധ്യേ പ്രയോഗവല്ക്കരിക്കാൻ പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനേക്കാൾ ഉചിതം നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ്. സിനഡൽസഭയുടെ ദർശനം നിലവിലുള്ളതിൽ ഉൾച്ചേർത്താൽ മതിയാകും.

കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ ഔദ്യോഗിക തൊഴിലാളി സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനും വികസനത്തിനുമായിട്ടാണ്

കെ.എൽ.എം. പ്രധാനമായും പ്രവർത്തിച്ചുവരുന്നത്. കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽ രജിസ്ട്രർ ചെയ്തിട്ടുള്ളത് മൂലം സർക്കാരുകളുടെ തൊഴിലാളി ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളാക്കി മാറ്റാൻവേണ്ട ഒത്താശകൾ നല്കാൻ കെ.എൽ.എം. നു കഴിയുന്നുണ്ട്. കോവിഡ് കാലത്തും സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്താൻ ഈ സംഘടനയ്ക്ക് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്.

കെ.എൽ.എം. ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലേക്കും ഇടവകകളിലേക്കും എല്ലാതൊഴിലാളികളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. തൊഴിലാളികളുടെ ഒത്തൊരുമയോടെയും പങ്കാളിത്തത്തോടെയും സിനഡൽ ഇടവകകളും രൂപതകളും രൂപപ്പെടുത്താൻ കെ.എൽ.എം. പ്രവർത്തനം വഴി സാധിക്കുന്നതാണ്. അതുവഴി തൊഴിലാളികളെ പ്രേഷിത ചൈതന്യമുള്ളവരായി മാറ്റാൻ സാധിക്കും.

കേരളത്തിലെ രൂപതകളിലെയും സന്യാസസമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്കുള്ള നയരേഖ (People Management Policy) കെ.സി.ബി.സി. പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. തിരുസ്സഭയുടെ സാമൂഹികപ്രബോധനത്തിലും രാജ്യത്തെ തൊഴിൽനിയമങ്ങൾക്കുമനുസൃതമായിട്ടാണ് ഇത് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സിനഡിനൊരുങ്ങുന്ന ഈ വർഷത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലെയും സന്യാസസമൂഹങ്ങളിലെയും സ്ഥാപനങ്ങളിൽ ഇത് പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ഉണ്ടാകുന്നത് എന്തുകൊണ്ടും പ്രസക്തമാണ്. സിനഡൽ സഭയായിതീരാനുള്ള പ്രവർത്തനങ്ങളിൽ ഒരു ചുവടുവയ്പായി ഇതു മാറും. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഒത്താശകൾ കെ.എൽ.എം. നൽകുന്നതാണ്. 2022 ജനുവരി 1 മുതൽ ഈ നയരേഖ കെ.സി.ബി.സി. ആസ്ഥാനത്ത് നടപ്പിലാക്കിയെന്നത് മാതൃകാപരവും അഭിനന്ദനാർഹവുമായ കാര്യമാണ്.

പൊതുസമൂഹവുമായുള്ള സംഭാഷണം സിനഡാത്മകസഭയുടെ ഒരു പ്രധാന സവിശേഷതയാണ്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും കാര്യക്ഷമവുമായ സുവിശേഷസാക്ഷ്യത്തിന് അനിവാര്യഘടകമാണെന്നാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രബോധിപ്പി ക്കുന്നത്. തൊഴിലാളികളുടെ ഇടയിലുള്ള ഇടപെടലിന് രാജ്യത്തെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധവും അനിവാര്യമാണ്. കാരണം ഈ സാഹചര്യത്തിലാണല്ലോ തൊഴിലാളികൾ ജീവിക്കുന്നത്.

കോവിഡ്കാലം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറെ ദുരിതപൂർണ്ണമാണ്. തൊഴിലില്ലാതായി, വരുമാനത്തിൽ വലിയതോതിൽ ഇടിവ് തട്ടി, എന്നാൽ കേന്ദ്രസർക്കാരിന്റെ ഭാഗത്ത്

നിന്നും കാര്യമായ സമാശ്വാസ നടപടികൾ ഒന്നുംതന്നെ ഉണ്ടായില്ലായെന്നതാണ് ഖേദകരം. മറ്റെല്ലാ രാജ്യങ്ങളിലുംതന്നെ തൊഴിൽനഷ്ടപ്പെട്ടവർക്ക് നേരിട്ട് പണം നല്കുകയുണ്ടായി. സാമ്പത്തിക വിദഗ്ധരും ട്രേഡ് യൂണിയനുകളും ഒക്കെ തൊഴിലാളികൾക്ക് നേരിട്ട് പണം കൊടുക്കണമെന്നാവശ്യം ഉന്നയിച്ചിട്ടും കേന്ദ്രസർക്കാർ അത് പരിഗണിച്ചില്ല. മാത്രമല്ല, അന്യായമായ വിധത്തിൽ ഇന്ധനവില വർദ്ധിപ്പിക്കാനായിരുന്നു ശ്രമിച്ചത്. ഇത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിലക്കയറ്റം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇരുട്ടടിയായി മാറിയിരിക്കുകയാണ്.

അതോടൊപ്പം കാർഷികനിയമങ്ങളിലും തൊഴിൽനിയമങ്ങളിലും ഭേദഗതികൾ വരുത്തുകയുണ്ടായി. തൊഴിലാളികൾ ഉൾപ്പെട്ട ബന്ധപ്പെട്ടവരോട് മാത്രമല്ല പാർലിമെന്റിൽ പോലും ആവശ്യമായ ചർച്ചകൾ നടത്താതെ അനാവശ്യ തിടുക്കത്തിലാണ് പാസ്സാക്കിയിട്ടുള്ളത്. ഈ നിയമങ്ങൾ കർഷക - തൊഴിലാളി വിരുദ്ധങ്ങളാണെന്ന ആക്ഷേപം പ്രാരംഭംമുതൽ ഉണ്ടായിരുന്നു. ഏതായാലും, ഒരുവർഷക്കാലം നീണ്ടുനിന്ന ത്യാഗോജ്ജ്വലമായ സഹന സമരത്തിലൂടെ പുതിയ കർഷകനിയമങ്ങളെ പിൻവലിപ്പിക്കാൻ കർഷകർക്ക് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. അതുപോലെതന്നെ പുതിയ തൊഴിൽനിയമങ്ങളിലെ തൊഴിലാളി വിരുദ്ധഭാഗങ്ങൾ വേണ്ടത്ര കൂടിയാലോചന നടത്തി ഭേദഗതിചെയ്തിട്ട് മാത്രം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതാണ് ഉചിതം.

കേരളത്തിൽ കോവിഡ്കാലത്ത് ഭക്ഷ്യകിറ്റ് വിതരണത്തിലൂടെയും സമാശ്വാസ ധനവിതരണത്തിലൂടെയും സംസ്ഥാനസർക്കാരിന്റെ പരിമിതികളിൽനിന്നുകൊണ്ട് നല്ലപ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ അസംഘടിത തൊഴിലാളികളോടുള്ള പരിഗണനയിൽ ഇടിവ് തട്ടിയിട്ടുണ്ടെന്ന ആക്ഷേപം വ്യാപകമാണ്. പല തൊഴിലാളി ക്ഷേമനിധികളുടെയും തനത് ഫണ്ട് സർക്കാർ വായ്പയായി എടുത്തതുമൂലം ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങളുടെ വിതരണം നടക്കുന്നില്ലായെന്ന പരാതിയുണ്ട്. എല്ലാവർഷവും അസംഘടിതതൊഴിലാളികൾക്ക് ലഭിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുമെന്ന സർക്കാരിന്റെ ഉറപ്പ്, ഈ വർഷം ലംഘിക്കപ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് അനുകൂലമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.

കയറ്റിറക്ക് മേഖലയിലെ നോക്കുകൂലിപോലെയുള്ള ചില തെറ്റായ പ്രവണതകൾക്കെതിരെ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളും സർക്കാരും ഒന്നിച്ച് മുന്നോട്ട് പോകുന്നത് നല്ല കാര്യമാണ്. നോക്കുകൂലി എന്ന അസ്വീകാര്യ സംഗതി കയറ്റിറക്ക് മേഖലയിൽ മാത്രമേ ഉള്ളോ എന്നു പരിശോധിക്കേണ്ടതാണ്. അദ്ധ്വാനിക്കാതെ അന്യായമായി പണം ഈടാക്കുന്നത് ഏതു രീതിയിലാണെങ്കിലും അതിനെ നോക്കുകൂലിയുടെ ഗണത്തിൽതന്നെ ഉൾപ്പെടുത്തേണ്ടതാണ്. പൗരന്മാർക്കുള്ള സേവനങ്ങൾ നിവർത്തിച്ചു കൊടുക്കാൻ ചില സർക്കാർ ഉദ്യോഗസ്ഥ

ന്മാർ വാങ്ങുന്ന കൈക്കൂലി ഒരുതരത്തിൽ നോക്കുകൂലി തന്നെയാണ്. അതുപോലെതന്നെ സ്കാനിങ് ഉൾപ്പടെയുള്ള വൈദ്യപരിശോധനകൾക്കും മരുന്നുകൾക്കും ഡോക്ടർമാർക്ക് ലഭിക്കുന്ന കമ്മീഷനുകളും ഈ ഗണത്തിൽതന്നെ ഉൾപ്പെടുന്നു. ജോലിചെയ്യാതെ കൂലിവാങ്ങുന്നതും അന്യായമായി അധികകൂലി നിർബ്ബന്ധിച്ചു വാങ്ങുന്നതും അനർഹമായത് വളഞ്ഞ മാർഗത്തിൽ നേടിയെടുക്കുന്നതും ധാർമ്മികതയ്ക്കും സമൂഹത്തിന്റെ സുസ്ഥിതിക്കും എതിരാണ്. ഇത്തരം അനാശാസ്യ പ്രവണതകളെ നിയന്ത്രിക്കാനുള്ള സമഗ്രനിയമം രൂപീകരിക്കേണ്ടിയിരിക്കുന്നു.

തൊഴിലാളിദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ, ചർച്ചാസമ്മേളനങ്ങൾ നടത്തുന്നത് നല്ലതാണ്.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 'നസ്രത്തിലെ ആശാരിപ്പുരയിലെ പ്രശാന്തത നിങ്ങളുടെ ജോലിയിടങ്ങളിൽ നിറഞ്ഞു നില്ക്കട്ടെ' എന്നാശംസിക്കുന്നുണ്ട്. പാപ്പാ ഉദ്ദേശിക്കുന്ന 'ആശാരിപ്പുരയിലെ പ്രശാന്തത'യ്ക്കായി എല്ലാ തൊഴിലാളികൾക്കും മികച്ച തൊഴിലവസരങ്ങളും, ന്യായമായ കൂലിയും, സാമൂഹിക സുരക്ഷയും, മതിയായ വിശ്രമവും ലഭ്യമാക്കേണ്ടതാണ്. ഇത് തൊഴിൽ ദാതാക്കളുടെ ഉത്തരവാദിത്തമാണ്. അതോടൊപ്പം തൊഴിലാളി തന്റെ തൊഴിലിനെയും തൊഴിൽ ദാതാവിനെയും സ്നേഹിക്കുന്നതോടൊപ്പം സത്യസന്ധതയോടെയും ആർജ്ജവത്തോടെയും തൊഴിൽ ചെയ്യേണ്ടതാണെന്നും തൊഴിലാളികളെ ഈ ദിനം ഓർമ്മപ്പെടുത്തുന്നു.

സിനഡൽ സഭയെ രൂപപ്പെടുത്തുന്നതിനായി തൊഴിലാളികൾക്കൊപ്പം നമുക്ക് സഞ്ചരിക്കാം.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)


**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

NB: *2022 ഏപ്രിൽ 24 ഞായറാഴ്ച വായിക്കാനായി നൽകിയിരുന്ന സർക്കുലർ.*




# കച്ചേരികാര്യം

## I

## 136-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണ പരിപാടികൾ കോട്ടയം ഫൊറോനയുടെ നേതൃത്വത്തിൽ ലൂർദ്ദ് ഫൊറോന പള്ളിയിൽ നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ മെയ് 20 വെള്ളിയാഴ്ച രാവിലെ 09:30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 01:30 ന് സമാപിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പരിപാടികൾ മുഴുവൻ തീർന്നതിനുശേഷമേ സമ്മേളനനഗർ വിട്ടുപോകാവൂ എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

***സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ:*** ഫൊറോനാ കൗൺസിൽ അംഗങ്ങൾ, അതിരൂപതാ വൈദികർ, അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, സന്യാസഭവനങ്ങളിലെ സുപ്പീരിയർമാർ, അതിരൂപതാ സെമിനാരി വിദ്യാർത്ഥികൾ, എല്ലാ സംഘടനകളുടെയും അതിരൂപതാതല ഭാരവാഹികൾ എന്നിവർ.

ഇടവകയിൽനിന്നും ഫൊറോനാ കൗൺസിൽ അംഗങ്ങൾക്കൊപ്പം കുട്ടികളുടെ പ്രതിനിധിയായി ഒരാളെ ഉൾപ്പെടുത്തേണ്ടതാണ്.

ഇടവകയിൽനിന്നുള്ള ഫൊറോനാ കൗൺസിൽ അംഗങ്ങളിൽ ആർക്കെങ്കിലും അസൗകര്യമുണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിൽനിന്നും പകരം ഒരാളെ അതിരൂപതാ ദിനത്തിൽ പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

ഫൊറോനാ കൗൺസിലിലുള്ള അൽമായ സമർപ്പിത പ്രതിനിധികളെ ഇക്കാര്യം അറിയിക്കുവാൻ ബഹു. ഫൊറോനാ വികാരിയച്ചന്മാരും ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരും ശ്രദ്ധിക്കേണ്ടതാണ്.

പങ്കെടുക്കുന്നവരുടെ ലിസ്റ്റ് വികാരിയച്ചന്മാർ അതിരൂപതാ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്ന 'ഗൂഗിൾ ഫോമിൽ' മെയ് 8-ാം തീയതിക്കുള്ളിൽ പൂരിപ്പിച്ചു നൽകണമെന്ന് അറിയിക്കുന്നു.

## II

## നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ

2022 മെയ് 26-ാം തീയതി വ്യാഴാഴ്ച ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy

Day of Obligation) അന്നേദിവസം വിശ്വാസികളെല്ലാവർക്കും സംബന്ധി ക്കത്തക്കവിധം ഇടവകകളിൽ വി. കുർബാനയുടെ സമയം ക്രമീകരിക്കു വാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## III

## പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കു (Extra ordinary Ministers of Holy Communion) വേണ്ടിയുള്ള പരിശീലന പരിപാടി

പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കുവേണ്ടിയുള്ള പരിശീലനപരിപാടി 2022 ജൂൺ 17 വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ ജൂൺ 19 ഞായറാഴ്ച വൈകുന്നേരം 4 മണിവരെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ഈ പരിശീലനപ രിപാടിയിൽ പങ്കെടുത്ത് അഭി. പിതാവിന്റെ നിയമനപത്രം ലഭിക്കുന്ന വർക്കു മാത്രമേ അതിരൂപതയിൽ അസാധാരണ ശുശ്രൂഷകരായി പരി ശുദ്ധ കുർബാന കൊടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. പുതുതായി ഈ ശുശ്രൂഷയിലേക്ക് നിയോഗിക്കപ്പെടേണ്ടവരും പ്രത്യേക സാഹചര്യത്തിൽ താല്ക്കാലിക അനുവാദം ലഭിച്ച് ഇപ്പോൾ ഈ ശുശ്രൂഷ ചെയ്യുന്നവരും ഈ ക്യാമ്പിൽ പങ്കെടുത്ത് അനുവാദപത്രം വാങ്ങേണ്ട താണ്. ക്യാമ്പിൽ സംബന്ധിക്കുന്നവർ സാക്ഷ്യപത്രത്തോടൊപ്പം രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോകളും ക്യാമ്പ് ഫീസായ 750/- രൂപയും കൊണ്ടുവരേണ്ടതാണ്. ടി തുക ബന്ധപ്പെട്ട പള്ളികളോ സ്ഥാപനങ്ങളോ വഹിക്കേണ്ടതാണ്. ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രം നല്കി അതിരൂപത കച്ചേരിയിൽനിന്നും അനുവാദപത്രം പുതുക്കി വാങ്ങേണ്ടതാണ്.

## IV

## 2021-2022 സാമ്പത്തിക വർഷത്തിലെ കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

ചങ്ങനാശേരി അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ 2021-22 സാമ്പത്തികവർഷത്തെ കണക്ക് അവതരിപ്പിക്കുവാൻ എത്തിച്ചേരേണ്ട പള്ളികളുടെ പേരും തീയതിയും സമയവും ചുവടെ ചേർക്കുന്നു.

അമ്പൂരി ഫൊറോന - 07.07.2022 രാവിലെ 9 മണി മുതൽ

തിരുവനന്തപുരം ഫൊറോന - 07.07.2022 ഉച്ചകഴിഞ്ഞ് 2.30 മുതൽ

കൊല്ലം, ആയൂർ ഫൊറോന - 12.07.2022 രാവിലെ മുതൽ

മുകളിൽ പറഞ്ഞിരിക്കുന്ന ഫൊറോനയുടെ കീഴിൽ വരുന്ന പള്ളിക ളുടെ കണക്ക് നിശ്ചയിച്ചിരിക്കുന്ന തീയതിയിൽ അതാത് ഫൊറോനകേ ന്ദ്രത്തിൽ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽനിന്നും നേരിട്ട് എത്തി പരിശോധിക്കുന്നതായിരിക്കും.

| | Name of Churches | Date | Time |
|---|---|---|---|
| 1 | Aickarachira St George's | 16-05-2022 | 10.00 AM |
| 2 | Alappuzha Mar Sleeva Forane Church | ,, | 10.15 AM |
| 3 | Ambalapuzha (Karumady) St Mary's | ,, | 11.00 AM |
| 4 | Anickad St Antony's | ,, | 11.15 AM |
| 5 | Arattuvazhy St Joseph's | ,, | 11.30 AM |
| 6 | Arppookkara St Xavier's Villoonni | ,, | 12.00 Noon |
| 7 | Arppookkara Cherupushpam | ,, | 02.00 PM |
| 8 | Arumannoor Mangalavartha Church | ,, | 02.20 PM |
| 9 | Arunoottampadam Sacred Heart's | 17-05-2022 | 10.00 AM |
| 10 | Aruvikuzhy Lourdes Matha | ,, | 10.15 AM |
| 11 | Aryad Little Flower | ,, | 10.30 AM |
| 12 | Athirampuzha St Mary's Forane Church | ,, | 12.00 Noon |
| 13 | Athirampuzha Srikandamangalam Lisieux | ,, | 02.00 PM |
| 14 | Ayarkunnam St Sebastian's | ,, | 03.00 PM |
| 15 | Ayroor Our Lady Of Lourdes | 18-05-2022 | 10.00 AM |
| 16 | Champakara St Joseph's | ,, | 10.30 AM |
| 17 | Champakulam St Mary's Forane Church | ,, | 11.00 AM |
| 18 | Changamkary (Koilmuk) St Joseph's | ,, | 12.00 Noon |
| 19 | Changanacherry - Metropolitan St Mary's Forane Church | ,, | 02.00 PM |
| 20 | Changankary St joseph's | 19-05-2022 | 10.00 AM |
| 21 | Chanjody St Sebastians | ,, | 10.15 AM |
| 22 | Charamangalam Lourdes Matha | ,, | 10.30 AM |
| 23 | Chathanadu St Alphonsa's | ,, | 11.00 AM |
| 24 | Cheeppunkal St Antony's | ,, | 11.30 AM |
| 25 | Cheeramchira St George's | ,, | 12.00 Noon |
| 26 | Chengalam St Sebastian's | ,, | 02.00 PM |
| 27 | Chengannur Marth Mariam | ,, | 02.30 PM |
| 28 | Chennamkary - W St Joseph's | ,, | 03.00 PM |
| 29 | Chennamkary (Koolipura) Lourdes Matha | 23-05-2022 | 10.00 AM |
| 30 | Cheppumpara Marth Mariam | ,, | 10.30 AM |
| 31 | Cherukara St Mary's | ,, | 11.00 AM |
| 32 | Cheruvandoor St Sebastian's | ,, | 11.30 AM |
| 33 | Chethipuzha Sacred Heart | ,, | 02.00 PM |
| 34 | Chunkappara Little Flower | ,, | 02.30 PM |
| 35 | Edathua St George's Forane Church | 24-05-2022 | 10.00 AM |
| 36 | Era Lourde Matha | ,, | 11.00 AM |
| 37 | Eravinalloor Our Lady Of Assumption | ,, | 11.30 AM |

| | | | |
|---|---|---|---|
| 38 | Eravuchira St Mary's | ,, | 12.00 Noon |
| 39 | Ettumanoor Christ The King | ,, | 02.00 PM |
| 40 | Ezhumattoor St Joseph's | ,, | 02.45 PM |
| 41 | Fathimapuram Fathima Matha | ,, | 03.00 PM |
| 42 | Ithithanam St Mary's | 25-05-2022 | 10.00 AM |
| 43 | Kadainickadu St Mary's | ,, | 10.30 AM |
| 44 | Kaduvakulam (Kollad) Little Flower | ,, | 11.00 AM |
| 45 | Kainady Our Lady Of Dolours | ,, | 11.30 AM |
| 46 | Kainakary St Mary's | ,, | 11.45 AM |
| 47 | Kaithavana Immacuculate heart | ,, | 02.00 PM |
| 48 | Kalath (Thathampally) St Mary's | ,, | 02.30 PM |
| 49 | Kalavoor St Thomas | ,, | 03.00 PM |
| 50 | Kallooppara (Puthussery) Lourdes Matha | ,, | 03.30 PM |
| 51 | Kandamkary St Joseph's | 26-05-2022 | 10.00 AM |
| 52 | Kannady St Rita's | ,, | 10.30 AM |
| 53 | Kannady St Joseph's | ,, | 11.00 AM |
| 54 | Kannady (Kavalam St Therasa's) St Joseph's | ,, | 11.30 AM |
| 55 | Karikkattoor St James' | ,, | 12.00 Noon |
| 56 | Karimpanakulam Sacred Heart | ,, | 02.00 PM |
| 57 | Karumady St Nicholas | ,, | 02.30 PM |
| 58 | Karumady St Joseph's | ,, | 03.00 PM |
| 59 | Karuvatta St Joseph's | 27-05-2022 | 10.00 AM |
| 60 | Kattachira St Xavier's | ,, | 10.30 AM |
| 61 | Kauvatta (Kariyil) Holy Family | ,, | 11.00 AM |
| 62 | Kavalam St Therasa's | ,, | 11.30 AM |
| 63 | Kavalam (Lisieux) Little Flower | ,, | 12.00 Noon |
| 64 | Kavalam (North) St Joseph's | ,, | 02.00 PM |
| 65 | Kayalpuram St Antony's | ,, | 02.30 PM |
| 66 | Kayalpuram St Joseph's | ,, | 03.00 PM |
| 67 | Kelamangalam St. Mary's | ,, | 03.30 PM |
| 68 | Kidangara St Gregory's | 02-06-2022 | 10.00 AM |
| 69 | Kiliroor St Francis De Sales | ,, | 10.30 AM |
| 70 | Kizhake Mithrakary Holy Family | ,, | 11.15 AM |
| 71 | Kodinattumkunnu St Sebastians | ,, | 12.00 Noon |
| 72 | Koduppunna St Joseph's | ,, | 02.00 PM |
| 73 | Koilmukku, Edathuva St Joseph's | ,, | 03.00 PM |
| 74 | Kondakkal St Joseph's | ,, | 03.30 PM |
| 75 | Kooroppada Mar Sleeva | 03-06-2022 | 10.00 AM |
| 76 | Koothrappally St Mary's | ,, | 10.30 AM |

| | | | |
|---|---|---|---|
| 77 | Kottackapuram St Mathew's | ,, | 11.15 AM |
| 78 | Kottangal St John's | ,, | 12.00 Noon |
| 79 | Kottayam Lourdes Forane Church | ,, | 02.00 PM |
| 80 | Kudamaloor St Marys Forane Church | 06-06-2022 | 10.00 AM |
| 81 | Kulathoor Little Flower | ,, | 11.00 AM |
| 82 | Kumarakam Vadakkumkara St John Nepumseanos | ,, | 11.30 AM |
| 83 | Kumarakom Nava Nazareth Holy Family | ,, | 12.00 Noon |
| 84 | Kumaramkary St Mary's | ,, | 02.00 PM |
| 85 | Kumaranalloor St Thomas | ,, | 02.30 PM |
| 87 | Kumarapuram, Karuvatta St Mary's | ,, | 03.00 PM |
| 88 | Kunnamthanam St Joseph's | 07-06-2022 | 10.00 AM |
| 89 | Kurichy Santhygiri St Joseph's | ,, | 10.30 AM |
| 90 | Kurumpanadam St Antony's Forane Church | ,, | 11.00 AM |
| 91 | Kurumpanadam Assumption | ,, | 12.00 Noon |
| 92 | Kuttamangalam (Pandycherry) St Joseph's | ,, | 02.00 PM |
| 93 | Laikkadu St Joseph's | ,, | 02.30 PM |
| 94 | Madappally Little Flower | 08-06-2022 | 10.00 AM |
| 95 | Mahendrapuram St Sebastians' | ,, | 10.30 AM |
| 96 | Mallappally St Athanasius | ,, | 11.00 AM |
| 97 | Mammoodu Lourdes Matha | ,, | 11.30 AM |
| 98 | Mampuzhakary Lourdes Matha | ,, | 02.00 PM |
| 99 | Manackachira St Joseph's | ,, | 02.30 PM |
| 100 | Manalady St Mary's | 09-06-2022 | 10.00 AM |
| 101 | Manimala Holy Magi Forane Church | ,, | 10.30 AM |
| 102 | Manimala (NEW) St Basils | ,, | 11.30 AM |
| 103 | Mannanam 12th Apostoles Pastoral Centre | ,, | 12.00 Noon |
| 104 | Mannanam (CMI) St Joseph's | ,, | 02.00 PM |
| 105 | Mannancherry St Mary's | ,, | 02.30 PM |
| 106 | Mannarkunnu St Gregorios | ,, | 03.00 PM |
| 107 | Mannila Holy Family | 13-06-2022 | 10.00 AM |
| 108 | Mariyapuram St Mary's | ,, | 10.30 AM |
| 109 | Mavelikara St Alphonsa | ,, | 11.00 AM |
| 110 | Mithrakary St Xavier's | ,, | 11.30 AM |
| 111 | Mithrakary East Holy Family | ,, | 12.00 Noon |
| 112 | Moncompu St Pius X th | ,, | 02.00 PM |
| 113 | Mudiyoorkara Holy Family | ,, | 02.30 PM |
| 114 | Muhamma St George's | 14-06-2022 | 10.00 AM |
| 115 | Mundathanam St Antony's | ,, | 10.30 AM |
| 116 | Mundupalam St Mary's | ,, | 11.00 AM |

| | | | |
|---|---|---|---|
| 117 | Muttar (CMI) Immaculate Conception | ,, | 11.30 AM |
| 118 | Muttar (OLD) St George's | ,, | 12.00 Noon |
| 119 | Muttar (NEW) St Thoma's | ,, | 02.00 PM |
| 120 | Mylady (VC) St Antony's | ,, | 02.30 PM |
| 121 | Nalpathimala St Thomas | ,, | 03.00 PM |
| 122 | Narbonapuram (Chempumpuram) St Sebastian's | 15-06-2022 | 10.00 AM |
| 123 | Nazareth St Jerome's | ,, | 10.30 AM |
| 124 | Nedumanny Fathima Matha | ,, | 11.00 AM |
| 125 | Nedumkunnam St John The Baptist's Forane Church | ,, | 11.30 AM |
| 126 | Nedumon St Mary's | ,, | 02.00 PM |
| 127 | Nedumudy Sacred Heart's | ,, | 02.30 PM |
| 128 | Niranam Pilgrim Centre Mar Thoma Sleeha | ,, | 03.00 PM |
| 129 | Nirmalapuram St Mary's | ,, | 03.30 PM |
| 130 | Pacha Chekkidikadu Lourdes Matha | 16-06-2022 | 10.00 AM |
| 131 | Padaharam St Joseph's | ,, | 10.30 AM |
| 132 | Paduvapuram (Kanichukulangara) St Antony's | ,, | 11.15 AM |
| 133 | Paippadu Lourdu Matha | ,, | 11.30 AM |
| 134 | Paippadu, Nalukody St Thomas | ,, | 12.00 Noon |
| 135 | Pallathuruthy St Thomas | ,, | 02.00 PM |
| 136 | Pallikkuttumma Fathima Matha | ,, | 02.30 PM |
| 137 | Pallikunnu (Punnathura) St Thomas | ,, | 03.00 PM |
| 138 | Pampady Daivamatha | 17-06-2022 | 10.00 AM |
| 139 | Panayampala St Sebastians' | ,, | 10.30 AM |
| 140 | Pandamkary, Edathua St Pius X th | ,, | 11.00 AM |
| 141 | Pandy Fathima Matha | ,, | 11.30 AM |
| 142 | Pangada Sacred Heart | ,, | 12.00 Noon |
| 143 | Paral St Antony's | ,, | 02.00 PM |
| 144 | Parampuzha Bethlehem | ,, | 02.30 PM |
| 145 | Paravoor Holy Family | ,, | 03.00 PM |
| 146 | Parel St Mary's | 20-06-2022 | 10.00 AM |
| 147 | Payattupakka Holy Family | ,, | 10.30 AM |
| 148 | Perumkavu St Thomas' | ,, | 11.00 AM |
| 149 | Perunna East St Antony's | ,, | 11.30 AM |
| 150 | Podippara Holy Family | ,, | 12.00 Noon |
| 151 | Ponga (Sleevapuram) Mar Sleeva | ,, | 02.00 PM |
| 152 | Poomthope St Francis Assisi | ,, | 02.30 PM |
| 153 | Pulickakavala St Mary's | ,, | 03.00 PM |
| 154 | Pulimugham (Kidangara) Marth Mariam | 21-06-2022 | 10.00 AM |

| | | | |
|---|---|---|---|
| 155 | Pulincunnoo St Mary's Forane Church | ,, | 10.30 AM |
| 156 | Pullangady Holy Family | ,, | 11.30 AM |
| 157 | Punnakunnathusserry St Joseph's | ,, | 12.00 Noon |
| 158 | Punnamada St Mary's | ,, | 02.00 PM |
| 159 | Punnapra St Gregory's | ,, | 02.30 PM |
| 160 | Punnathura St Thomas | ,, | 03.00 PM |
| 161 | Punnaveli Little Flower | 22-06-2022 | 10.00 AM |
| 162 | Purakkadu Mar Sleeva | ,, | 10.30 AM |
| 163 | Puthenangady St George's | ,, | 11.00 AM |
| 164 | Puthukary St Xavier's | ,, | 12.00 Noon |
| 165 | Puthupally (CMI) St Antony's | ,, | 02.00 PM |
| 166 | Puzhavathu St Thoma's | ,, | 02.30 PM |
| 167 | Rajamattam Sacred Heart | ,, | 03.00 PM |
| 168 | Ramankary St Joseph's | 23-06-2022 | 10.00 AM |
| 169 | S L Puram (Kanjikuzhy) St Sebastian's | ,, | 10.30 AM |
| 170 | Thadiyoor St Antony's | ,, | 11.00 AM |
| 171 | Thakazhy, Thennady St Rita's | ,, | 11.30 AM |
| 172 | Thathampally St Michel's | ,, | 12.00 Noon |
| 173 | Thayankary St Antony's | ,, | 02.00 PM |
| 174 | Thazhathangady Sacred Heart | ,, | 02.30 PM |
| 175 | Thazhathuvadakara Lourdes Matha | ,, | 03.00 PM |
| 176 | Thekke Puthukary St Joseph's | 24-06-2022 | 10.00 AM |
| 177 | Thekkekara St Sebastian's | ,, | 10.30 AM |
| 178 | Thekkekara St John's | ,, | 11.00 AM |
| 179 | Thellakom (Pushpagiri) St Joseph's | ,, | 11.30 AM |
| 180 | Thiruvalla St Antony's | ,, | 12.00 Noon |
| 181 | Thottackad St George's | ,, | 02.00 PM |
| 182 | Thottuvathala Sacred Heart's | ,, | 02.30 PM |
| 183 | Thrickodithanam St Xeviers Forane Church | 27-06-2022 | 10.00 AM |
| 184 | Thuruthy Marth Mariyam Forane Church | ,, | 11.00 AM |
| 185 | Vadakkeamichakary St George's | ,, | 12.00 Noon |
| 186 | Vadakkekara St Mary's | ,, | 02.00 PM |
| 187 | Vadavathoor St Thomas | ,, | 02.30 PM |
| 188 | Vaipur (NEW) St Joseph's | ,, | 03.00 PM |
| 189 | Vaipur (OLD) St Mary's | 28-06-2022 | 10.00 AM |
| 190 | Vaisyambhagam St Antony's | ,, | 10.30 AM |
| 191 | Vallamchira St Mary's | ,, | 11.00 AM |
| 192 | Vazhappally WEST St Mary's | ,, | 12.00 Noon |

| | | | |
|---|---|---|---|
| 193 | Veliyanadu North St Joseph's | ,, | 02.00 PM |
| 194 | Veliyanadu North (Kesaria) St Gregory's | ,, | 02.30 PM |
| 195 | Veliyanadu, South St Xavier's | ,, | 03.00 PM |
| 196 | Veroor St Joseph's | 04-07-2022 | 10.00 AM |
| 197 | Vettickapurayidam St Sebastians' | ,, | 11.00 AM |
| 198 | Vettimukal St Mary's | ,, | 11.30 AM |
| 199 | Vettithuruth St Antony's | ,, | 12.00 Noon |
| 200 | Vezhapra St Paul's | ,, | 02.00 PM |
| 201 | Yudapuram St Jude's | ,, | 02.30 PM |

# മദ്യനയത്തിനെതിരെ മഹാപ്രക്ഷോഭം

## മെയ് 7 ന് ചങ്ങനാശേരിയിൽ

കേരള സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ സംയുക്ത മദ്യ വിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ മഹാപ്രക്ഷോഭം 2022 മെയ് 7ന് ചങ്ങനാശേരിയിൽ സംഘടിപ്പിക്കുന്നു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ചങ്ങ നാശേരി ബൈപാസ്സ് ജംഗഷനിൽ നിന്നും ആരംഭിക്കുന്ന, ആയിരങ്ങൾ അണിചേരുന്ന പ്രക്ഷോഭ റാലി മുൻസിപ്പൽ സ്റ്റാന്റിൽ എത്തിച്ചേരുന്നു. ഈ ജനമുന്നേറ്റത്തെ അഭിസംബോധന ചെയ്ത് ചങ്ങനാശേരി അതിരൂ പതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം സംസാരിക്കും. ഈ അവ സരത്തിൽ വിവിധ സമുദായ നേതാക്കൾ പ്രസംഗിക്കും. ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനാകളിലെ എല്ലാ ദൈവജനത്തെയും ഈ പ്രക്ഷോഭസമരത്തിൽ പങ്കുചേരാൻ ക്ഷണി ക്കുന്നു.

**ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
(വികാരി ജനറാൾ & ജനറൽ കൺവീനർ)

# അറിയിപ്പ്

**വിജയവീഥി PSC കോച്ചിംഗ് ക്ലാസ്**

കേരള സംസ്ഥാന റുട്രോണിക്സ് വകുപ്പിന്റെ സാങ്കേതിക സഹാ യത്തോടും സഹകരണത്തോടും കൂടി ചാസ് സംഘടിപ്പിക്കുന്ന വിജ യവീഥി PSC കോച്ചിംഗ് ക്ലാസ് ഉടനെ ആരംഭിക്കുന്നു. പത്താംതരം, പ്ലസ്ടു, ബിരുദം എന്നിവ അടിസ്ഥാനയോഗ്യതയായി കണക്കാക്കപ്പെടുന്ന ഉദ്യോഗങ്ങൾക്കായുള്ള മത്സരപരീക്ഷകളുടെ യോഗ്യതാ പരീക്ഷയ്ക്കും, പ്രധാനപരീക്ഷയ്ക്കും ഉപയുക്തമാകുന്ന പരിശീലന പദ്ധതികളാണ് വിജയവീഥിയിലൂടെ നടപ്പാക്കുന്നത്. വിശദവിവരങ്ങൾക്ക് ചാസ് കേന്ദ്ര ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9495759410, 9447558583.

ചങ്ങനാശേരി അതിരൂപത

# 136-ാമത് അതിരൂപതാദിനാചരണം

## 2022 മെയ് 20 വെള്ളി 09:30 a.m. to 01:30 p.m.

## കോട്ടയം ഫൊറോനായുടെ നേതൃത്വത്തിൽ ലൂർദ്ദ് ഫൊറോനാപള്ളി നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ

**1. ഇടവകതല അതിരൂപതാദിനാഘോഷം (മെയ് 15 ഞായർ)**

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും 2022 മെയ് 15 ഞായറാഴ്ച ഇടവകതല അതിരൂപതാദിനാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരി. കുർബാന അർപ്പിക്കുക. കാറോസൂസ പ്രാർത്ഥനയെ തുടർന്ന് അതിരൂപതാദിന ഒരുക്കപ്രാർത്ഥന ചൊല്ലുക. വിശുദ്ധ കുർബാനയ്ക്കുശേഷം അതിരൂപതാദിന പ്രതിജ്ഞ ചൊല്ലുക. ആദ്യത്തെ വിശുദ്ധ കുർബാനയ്ക്ക്ശേഷം അതിരൂപതാദിന വിളംബരമായി പേപ്പൽ പതാക ഉയർത്തുക. അതിരൂപതാ ആന്തം ആലപിക്കുക. എല്ലാ കുർബാനകൾക്കു ശേഷവും അതിരൂപതാ ആന്തം ആലപിക്കുന്നതും പ്രതിജ്ഞ ചെല്ലുന്നതും അഭികാമ്യമാണ്.

**2. സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ:**

ഫൊറോനാ കൗൺസിൽ അംഗങ്ങൾ, അതിരൂപതാ വൈദികർ, അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, സന്യാസഭവനങ്ങളിലെ സുപ്പീരിയർമാർ, അതിരൂപതാ സെമിനാരി വിദ്യാർത്ഥികൾ, എല്ലാ സംഘടനകളുടെയും അതിരൂപതാതല ഭാരവാഹികൾ എന്നിവർ.

ഇടവകയിൽനിന്നും ഫൊറോനാ കൗൺസിൽ അംഗങ്ങൾക്കൊപ്പം കുട്ടികളുടെ പ്രതിനിധിയായി ഒരാളെ ഉൾപ്പെടുത്തേണ്ടതാണ്. ഇടവകയിൽനിന്നുള്ള ഫൊറോനാ കൗൺസിൽ അംഗങ്ങളിൽ ആർക്കെങ്കിലും അസൗകര്യമുണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിൽനിന്നും പകരം ഒരാളെ അതിരൂപതാദിനത്തിൽ പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

ഫൊറോനാ കൗൺസിലിലുള്ള അൽമായ സമർപ്പിത പ്രതിനിധികളെ ഇക്കാര്യം അറിയിക്കുവാൻ ബഹു. ഫൊറോനാ വികാരിയച്ചന്മാരും ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരും ശ്രദ്ധിക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് വികാരിയച്ചന്മാർ അതിരൂപതാ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്ന 'ഗൂഗിൾ ഫോമിൽ' മെയ് 8-ാം തീയതിക്കുള്ളിൽ പൂരിപ്പിച്ചു നൽകണമെന്ന് അറിയിക്കുന്നു.



**മാർ തോമസ് തറയിൽ**
(സഹായ മെത്രാൻ)

*അതിരുപതാദിന കോ-ഓർഡിനേറ്റേഴ്സ്*
**ഫാ. സെബാസ്റ്റ്യൻ ചാമക്കാല** (9447957272)
**ഫാ. ജെന്നി കായംകുളത്തുശേരി** (9447776920)
**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ** (9037490380)


## അതിരൂപതാദിനാചരണ ഒരുക്ക പ്രാർത്ഥന
**(മെയ് 12 മുതൽ 19 വരെ)**

കർത്താവായ ഈശോയേ, മാമോദീസായിലൂടെ ത്രിത്വൈക കൂട്ടായ്മയിലേക്കും സഭാജീവിതത്തിലേക്കും ഞങ്ങളെ വിളിച്ച അവിടുത്തെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. ആദിമസഭയെപ്പോലെ 'ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേരുന്ന' സഭാ സമൂഹമായി വളരുവാൻ അതിരൂപതാദിനാചരണം ഞങ്ങളെ സഹായിക്കട്ടെ. സഭാ കൂട്ടായ്മയെ തളർത്തുന്ന ചിന്തകളും സംസാരങ്ങളും പ്രവൃത്തികളും ഞങ്ങളിൽ നിന്നും ഞങ്ങളുടെ കുടുംബങ്ങളിൽ നിന്നും എടുത്തുമാറ്റേണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിൽ നിന്നും നിന്റെ സഭയെ സംരക്ഷിക്കണമേ. പരിശുദ്ധാത്മാവേ, ഞങ്ങളുടെ കുടുംബങ്ങളിലേക്കും ഇടവകകളിലേക്കും അതിരൂപതയിലേക്കും ലോകം മുഴുവനിലേക്കും വന്ന് നിറയണമേ. സന്തോഷത്തോടും പ്രത്യാശയോടും കൂടെ അങ്ങേയ്ക്ക് നിരന്തരം കൃതജ്ഞത അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. അതിരൂപതാദിനാചരണം ഞങ്ങളെ ഈശോയുടെ സാക്ഷികളും സഭയുടെ വിശ്വസ്ത മക്കളുമായി രൂപാന്തരപ്പെടുത്തട്ടെ. ആമേൻ.

*(ദൈവാലയത്തിൽ വിശുദ്ധ കുർബ്ബാനയിലെ കാറോസൂസ പ്രാർത്ഥനയ്ക്ക് ശേഷവും കുടുംബങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്ക് ശേഷവും ചൊല്ലുക.)*

## അതിരൂപതാദിന പ്രതിജ്ഞ

സഭയെന്ന നിലയിലുള്ള / ഞങ്ങളുടെ അസ്ഥിത്വത്തിന്റെ അടിസ്ഥാനം / പരിശുദ്ധ ത്രിത്വമാണെന്ന് / ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു/ സ്നേഹകൂട്ടായ്മയിൽ സ്വർഗ്ഗീയ ജീവനെ ഞങ്ങൾ അനുഭവിക്കുന്നു / ദൈവവിശ്വാസത്തെയും / സഭാ കൂട്ടായ്മയേയും / ദുർബലപ്പെടുത്തുന്ന വെല്ലുവിളികളെ / ഞങ്ങൾ തിരിച്ചറിയുന്നു./ പരിശുദ്ധ കുർബാനയിലൂടെയും / കൂദാശാജീവിതത്തിലൂടെയും / ഉപവാസത്തിലൂടെയും / ഞങ്ങൾ അവയെ അതിജീവിക്കും. കൂട്ടായ്മയെ തളർത്തുന്ന / ചിന്തകളിൽനിന്നും / സംസാരങ്ങളിൽനിന്നും / പ്രവൃത്തികളിൽ നിന്നും ഞങ്ങൾ വിട്ടുനിൽക്കും. കൂടുതൽ തീഷ്ണതയോടെ / വരും തലമുറകളിലേക്ക് / വിശ്വാസമൂല്യങ്ങൾ കൈമാറുവാൻ / ഞങ്ങൾ ജാഗ്രതയുള്ളവരാകും./ പരിശുദ്ധ പിതാവിനോടും / സഭാതലവനോടും / അതിരൂപതാദ്ധ്യക്ഷനോടും / വൈദിക, സന്യസ്ത സമൂഹത്തോടും / സഭാഗാത്രത്തോട് പൊതുവിലും / ഞങ്ങൾക്കുള്ള ഐക്യദാർഢ്യം ഞങ്ങൾ പ്രഖ്യാപിക്കുന്നു./ അതിരൂപതാദിനാചരണം വിജയിക്കട്ടെ.



# ആത്മാവിന്റെ കൈയ്യൊപ്പുള്ള പുരോഹിതൻ (1931– 2022)

2022 ഏപ്രിൽ 1–ാം തീയതി വെള്ളിയാഴ്ച വിടപറഞ്ഞ നമുക്കേവർക്കും പ്രിയങ്കരനായിരുന്ന ആലഞ്ചേരിൽ ബഹുമാനപ്പെട്ട ഐസക്കച്ചനെക്കുറിച്ചേർക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന ചിന്തകളെ ഇങ്ങനെ സ്വരൂപിക്കാം ''ആത്മാവിന്റെ കൈയ്യൊപ്പുള്ള പുരോഹിതൻ''. അധ്യാപകൻ, ആദ്ധ്യാത്മീക പിതാവ്, ദൈവശാസ്ത്രജ്ഞൻ, ധ്യാനഗുരു; തന്റെ ജീവിതം സമർപ്പണസപര്യയാക്കിയ വന്ദ്യനായ വൈദികൻ. ചെറുപ്പംമുതലേ കണ്ടു വളർന്ന പൗരോഹിത്യ മാതൃകകളിൽ ഒന്നായിരുന്നു ബഹുമാനപ്പെട്ട ഐസക്കച്ചൻ. 1931 സെപ്റ്റംബർ 5 ന് കുറിച്ചി ആലഞ്ചേരി ജോസഫ് – കാതറൈൻ ദമ്പതികളുടെ മകനായി ജനനം. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ചങ്ങനാശേരി അതിരൂപതയ്ക്കായി ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനം നടത്തി. 1958 മാർച്ച് 12 ന് തിരുപ്പട്ടം സ്വീകരിച്ചു.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദൈവശാസ്ത്രദർശനങ്ങളെ നേരിൽ കണ്ടറിഞ്ഞ് സ്വായത്തമാക്കാൻ ഭാഗ്യം ലഭിച്ച ദൈവശാസ്ത്രഗവേഷകനായിരുന്നു ഐസക്കച്ചൻ. 1961 – 65 കാലയളവിൽ റോമിലെ തന്റെ ഗവേഷണ പഠനകാലയളവ് കൗൺസിലിന്റെ കാലമായിരുന്നു. സഭയുടെ ദൈവശാസ്ത്രദർശനങ്ങളെ മാറ്റിമറിച്ച 'ആത്മാവിന്റെ കാറ്റ്' വത്തിക്കാൻ സൂനഹദോസിലൂടെ കടന്നുവന്നപ്പോൾ അതിന്റെ സ്വാധീനം തന്റെ ആദ്ധ്യത്മീകതയിലും ദൈവശാസ്ത്രദർശനങ്ങളിലും പ്രകടമാക്കാൻ കഴിഞ്ഞു എന്നതായിരുന്നു ബഹുമാനപ്പെട്ട ഐസക്കച്ചന്റെ പ്രത്യേകത.

സെമിനാരിവിദ്യാർത്ഥികളുടെ ആദ്ധ്യത്മീയഗുരു, കോളേജ് വിദ്യാർത്ഥികൾക്ക് സ്നേഹസമ്പന്നനായ അധ്യാപകൻ– ഐസക്കച്ചനെക്കുറിച്ചു പറയാനേറെക്കാര്യങ്ങളുണ്ട്. കുടുംബബന്ധു ആയിരുന്നുവെങ്കിലും അച്ചനെ ഞാൻ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും എന്റെ ചെറുപ്പകാലത്തെ ക്രിസ്തുമസ് – ഈസ്റ്റർ ദിനങ്ങളിലായിരുന്നു. എസ്.ബി. കോളേജിലെ തന്റെ ശുശ്രൂഷാകാലയളവു മുതൽ തന്റെ സ്വന്തം ഇടവകയായ കുറിച്ചി പള്ളിയിൽ

ക്രിസ്മസ് – ഈസ്റ്റർ ദിനങ്ങളിൽ മുടങ്ങാതെ എത്തിയിരുന്ന ബഹുമാനപ്പെട്ട അച്ചന്റെ മനോഹരമായ പാട്ടുകുർബാനയും, പ്രസംഗങ്ങളും എന്നുമൊരാകർ ഷണമായിരുന്നു. 'Readers digest' എന്ന ഇംഗ്ലീഷ് മാഗസിനിലെ മനോഹരമായ കഥകൾ, ആത്മീയചിന്തകളായവതരിപ്പിക്കാൻ, എത്രമാത്രം ഫലപ്രദമായി ഉപയോഗിക്കാം എന്ന് തന്റെ പ്രസംഗങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും അദ്ദേഹം കാട്ടിതന്നു. കരിസ്മാറ്റിക്പ്രസ്ഥാനങ്ങളുടെ ആരംഭകാലങ്ങളിൽ എസ്.ബി. കോളേജിലും അതിരൂപതയിലെ വിവിധ ഇടവകകളിലും നവീകര ണത്തിന്റെ ഈ നൂതനമാർഗത്തിലൂടെ ആത്മാവിന്റെ പ്രചോദനം അനേകരി ലുണർത്താൻ ബഹുമാനപ്പെട്ട അച്ചൻ ആത്മാർത്ഥമായി ശ്രമിച്ചിരുന്നു. തന്റെ ധ്യാനപ്രസംഗങ്ങളിലും, ആത്മീയരചനകളിലും ഈ 'കരിസ്മാറ്റിക് സ്പർശം' അവസാനനാളുകൾ വരെ നിലനിർത്താൻ അച്ചനു കഴിഞ്ഞു. നലംതികഞ്ഞ ഒരു ധ്യാനഗുരു മാത്രമല്ല ഒരു ഗാനരചയിതാവ് കുടിയായിരുന്നു അച്ചൻ. കൂടാതെ സ്വന്തമായി എഴുതിതയാറാക്കിയ പ്രാർത്ഥനകളും ഗാനങ്ങളുമടങ്ങിയ കുരിശിന്റെ വഴിയും ബഹുമാനപ്പെട്ട ഐസക്കച്ചന്റെ സംഭാവനകളിലുണ്ട്. കാഞ്ഞിരപ്പള്ളിയിലും, വണ്ടൻമേട്ടിലും, ഉായിക്കാട്ടും, തത്തംപള്ളിയിലും, മാമ്മൂട്, കൂത്രപ്പള്ളി ഇടവകകളിലും തന്റേതായ അജപാലനശൈലിയിലൂടെ ഒരു നല്ലിടയനായി ദൈവജനമനസ്സുകളിൽ അദ്ദേഹം സ്ഥാനംപിടിച്ചു. പച്ച ലൂർദ്മാതാ ആശുപത്രിയിൽ ചാപ്ലിനായി ബഹു. ഐസക്കച്ചൻ നിർവഹിച്ച ആത്മീയശുശ്രൂഷകൾ അനേകർക്ക് ആശ്വാസവും ധൈര്യവും പ്രത്യാശയും പകർന്നു നൽകിയിട്ടുണ്ട്. എപ്പോഴും പ്രവർത്തനനിരതനാകുക എന്നത് തന്റെ ജീവിതശൈലിയാക്കിയിരുന്ന ബഹു. ഐസക്കച്ചൻ തന്റെ അവസാനനാളുകൾ വരെ മനോഹരമായ ആത്മീയഗ്രന്ഥങ്ങളുടെ രചനയിൽ മുഴുകിയിരുന്നു. വിശ്ര മമില്ലാതെ പുസ്തകങ്ങളെഴുതിയ ഐസക്കച്ചൻ എനിക്കെന്നുമൊരത്ഭുതമായി രുന്നു. അനാരോഗ്യത്തിന്റെ നാളുകളിലും ആത്മാവിന്റെ അനുഗ്രഹധാരകളെ കൃപാവരങ്ങളാക്കാൻ അധ്വാനിച്ച ആത്മീയപിതാവ്. അച്ചനെ സന്ദർശിച്ച അവ സരങ്ങളിലെല്ലാം തന്റെ പുസ്തകങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചിരുന്നു. പന്ത്രണ്ടോളം ഗ്രന്ഥങ്ങൾ, കൂടാതെ വിവിധ മാസികകളിലെ ലേഖനങ്ങൾ, വിവിധ ഭക്തിഗാനങ്ങൾ ഇവയൊക്കെ ബഹുമാനപ്പെട്ട അച്ചന്റെ പ്രതിഭ വ്യ തിരിക്തമാക്കുന്നു. എസ്.ബി. കോളേജിലെ സുറിയാനി അധ്യാപകൻ തന്റെ ഗവേഷണപ്രബന്ധം എഴുതിയതും പൗരോഹിത്യത്തെക്കുറിച്ചായിരുന്നു: ''The Ordination Ritual of the Chaldean and Malabar Churches".

ആലഞ്ചേരി ബഹു. ഐസക്കച്ചന്റെ മൃതസംസ്കാരശുശ്രൂഷ മാതൃഇടവ കയായ കുറിച്ചി സെന്റ് ജോസഫ് പള്ളിയിൽ വച്ച് 2022 ഏപ്രിൽ 4–ാം തീയതി തിങ്കളാഴ്ച രാവിലെ നടന്നു. മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർ മ്മങ്ങൾ കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻമേലദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവും, പരിശുദ്ധ കുർബാന അർപ്പണം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവും, ദേവാലയത്തിലെയും സിമിത്തേരിയിലെയും തിരുക്കർമ്മങ്ങൾ സീറോ–മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ മേലദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും കാർമ്മികത്വം വഹിച്ചു.

പൗരോഹിത്യത്തെ സ്നേഹിച്ച, പൗരോഹിത്യം ജീവിതസപര്യയാക്കിയ, ആത്മാവിന്റെ പ്രചോദനങ്ങളെ അനുഗ്രഹധാരയാക്കുവാൻ ആഗ്രഹിച്ച ആല ഞ്ചേരിൽ ബഹുമാനപ്പെട്ട ഐസക്കച്ചനെയറിയിച്ചിങ്ങനെ പറഞ്ഞവസാനിപ്പി ക്കാം: Here lies one, whose name was written in the hearts.

**ഫാ. ജോബി കറുകപ്പറമ്പിൽ**

# ഇൻകംടാക്സ് റിട്ടേൺ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

2021-22 സാമ്പത്തികവർഷം കഴിഞ്ഞ മാർച്ച് 31-ാം തീയതിയോടെ അവസാനിച്ചുവല്ലോ? ആ സാമ്പത്തികവർഷത്തിലെ കണക്കുകൾ അടിയന്തിരമായി ഏപ്രിൽ 30-ാം തീയതിയോടെ എഴുതി പൂർത്തിയാക്കി താഴെപറയുന്ന രേഖകൾക്കൊപ്പം ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിൽ സമർപ്പിക്കുവാൻ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ആഫീസിൽ മെയ്മാസം ആദ്യവാരത്തിൽ സമർപ്പിക്കേണ്ടതാണ്. ഇൻകംടാക്സ് റിട്ടേൺ സമർപ്പിക്കുവാനുള്ള സമയം ഈ വർഷം നീട്ടിക്കിട്ടാൻ സാധ്യത കുറവാണ്. പള്ളികൾക്കു ലഭിച്ചിട്ടുള്ള രജിസ്ട്രേഷൻ നഷ്ടപ്പെടാതെ ഉടൻതന്നെ രേഖകളും ശരിയാക്കുക.

1. നാൾവഴി
2. പേരേട്
3. ആണ്ടുതിരട്ട്
4. ബാങ്ക് സ്റ്റേറ്റുമെന്റുകൾ എല്ലാത്തിന്റേയും കംപ്യൂട്ടറിൽ ലഭിക്കുന്ന പ്രിന്റുകൾ (സേവിംഗ് ബാങ്ക് അക്കൗണ്ടുകൾ, സ്ഥിരനിക്ഷേപങ്ങൾ ഇവ ഉൾപ്പെടും)
5. പള്ളിയുടെ PAN ൽ ഉള്ള ബാങ്ക് അക്കൗണ്ടുകളുടെയെല്ലാം നാൾവഴി, പേരേട്, വരവുചെലവു കണക്കുകൾ.
6. വികാരിയച്ചൻ, കൈക്കാരന്മാർ ഇവരുടെയെല്ലാം PAN, Aadhar കാർഡുകളുടെ ഫോട്ടോകോപ്പി, മൊബൈൽ നമ്പറുകൾ, E-mail ID.
7. മേൽ സൂചിപ്പിച്ച വ്യക്തികളുടെ Aadhar, PAN ഇവ link ചെയ്തിരിക്കണം.
8. മേൽസൂചിപ്പിച്ച വ്യക്തികളുടെ മൊബൈൽനമ്പറുകൾ 'അക്ഷയ'കേന്ദ്രങ്ങളിൽചെന്ന് ആധാറുമായി നിർബന്ധമായും link ചെയ്തിരിക്കണം.
9. മേൽപറഞ്ഞിരിക്കുന്ന വ്യക്തികളിൽ ആർക്കെങ്കിലും ഒരാൾക്ക് ഡിജിറ്റൽ സിഗ്നേച്ചറും ഉണ്ടായിരിക്കണം.
10. പള്ളിയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും നാൾവഴി, പേരേട് ഇവയിൽ ചേർത്തിരിക്കണം.
11. ബാങ്കിൽനിന്നും 4 ഗഡുക്കളായി (June 30, September 30, December 30, March 31) ലഭിക്കുന്ന TDS സർട്ടിഫിക്കറ്റുകൾ എല്ലാ പള്ളികളും വാങ്ങി അതിൽപറയുന്ന പലിശ പള്ളിക്കണക്കിൽ കൃത്യമായി കാണിച്ചിട്ടുണ്ടോ എന്ന് ഉറപ്പു ലഭിക്കേണ്ടതാണ്.
12. എല്ലാ പള്ളികളും TAN (Tax deduction Account Number) എടുത്തിരിക്കേണ്ടതാണ്. ഇതിനായി ചാർട്ടേഡ് അക്കൗണ്ടിനെ സമീപിക്കേണ്ടതാണ്.
13. എല്ലാ പള്ളികൾക്കും രണ്ടു സീൽ ഉണ്ടായിരിക്കേണ്ടതാണ്.
    a) Round Seal
    b) For വച്ചുള്ള സീൽ

| For (Church Name) |
|---|
| (Place.......) |
| Vicar / Kaikkaran |

14. Trustee എന്ന് പല പള്ളികളിലും ഉപയോഗിക്കുന്ന സീലുകൾ മേലിൽ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.
15. ഇതുവരെ ഇൻകംടാക്സിൽ രജിസ്റ്റർ ചെയ്യാത്ത പള്ളികൾ, കുരിശുപള്ളികൾ ഇവ ഉടൻതന്നെ അതിരൂപതാ പ്രൊക്യുറേറ്ററെ വിവരം അറിയിക്കേണ്ടതാണ്.

## ചങ്ങനാശേരി അതിരൂപത

# വൈദിക സമ്മേളന റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപതയിലെ ഈ വർഷത്തെ വൈദിക സമ്മേളനം 2022 ഏപ്രിൽ 19-ാം തീയതി ചൊവ്വാഴ്ച്ച ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലിത്തൻ പള്ളിയുടെ പാരീഷ് ഹാളിൽവച്ചു നടന്നു. അതിരൂപതാവൈദികരും അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദികരും ഉൾപ്പെടെ മുന്നൂറോളം വൈദികർ പങ്കെടുത്ത പ്രസ്തുത സമ്മേളനം രാവിലെ 9 45 ന് അതിരൂപത സിഞ്ചെല്ലൂസ് വാണിയപുരയ്ക്കൽ പെ. ബഹു. ജോസഫ് അച്ചന്റെ നേതൃത്വത്തിൽ ഖുത്താആ പ്രാർത്ഥനയോടെ ആരംഭിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമികത്വത്തിൽ കഴിഞ്ഞ വൈദിക സമ്മേളനത്തിനു ശേഷം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അതിരൂപതാംഗങ്ങളായ മാർ മാത്യു ചെരിയൻകുന്നേൽ പിതാവ്, മാർ ജോസഫ് പതാലിൽ പിതാവ്, ചേന്നാട്ടുശേരി ബഹു. ജോസ് അച്ചൻ, ആലഞ്ചേരി ബഹു. ഐസക്ക് അച്ചൻ, ചെത്തിക്കളം ബഹു. മാത്യു അച്ചൻ CMI, നൈനാപറമ്പിൽ ബഹു. ആന്റണി അച്ചൻ, സമർപ്പിതർ, അല്മായർ എന്നിവരെ അനുസ്മരിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് എല്ലാവരെയും സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു. തദവസരത്തിൽ വൈദികർ അതിരൂപതയ്ക്കും അതിരൂപതയിലെ വിവിധ അജപാലനശുശ്രൂഷകൾക്കും നൽകുന്ന സ്നേഹവും കരുതലും സഹകരണവും നന്ദിയോടെ അനുസ്മരിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് തന്റെ സന്ദേശം ആരംഭിച്ചത് അതിരൂപതയിലെ വൈദികരുടെ ത്യാഗോജ്ജ്വലമായ ശുശ്രൂഷക്ക് നന്ദിപറഞ്ഞുകൊണ്ടാണ്. സമൂഹത്തിനുവേണ്ടി ചങ്ങനാശേരി അതിരൂപത ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ അഭിമാനാർഹമാണെന്നും അതിൽ ഓരോ ഇടവകയുടെയും വ്യക്തിയുടെയും പങ്കാളിത്തം തുടർന്നും ഉണ്ടാകണമെന്നും അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു. അതിരൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 2022 മെയ് മാസം 7, 8, 9, തീയതികളിൽ നടത്തപ്പെടുന്ന 'കരുതൽ' വിഭവസമാഹരണത്തിൽ വൈദികരുടെ സജീവപങ്കാളിത്തം ഉണ്ടാകണമെന്നും അഭി. തറയിൽ പിതാവ് അഭ്യർത്ഥിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽവച്ചു 2022 ഏപ്രിൽ 30 ശനിയാഴ്ച നടക്കുന്ന ദൈവവിളി സെമിനാറിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണമെന്നും മാർ തോമസ് തറയിൽ പിതാവ് ഓർമ്മിപ്പിച്ചു.

മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലിയും പൗരോഹിത്യ സ്വീകരണത്തിന്റെ അറുപതാം വാർഷികവും ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന് ആശംസകൾ നേർന്നുകൊണ്ട് അതിരൂപതാ വൈദികസമിതി സെക്രട്ടറി കറുകക്കളം ബഹു. തോമസ് അച്ചൻ സംസാരിച്ചു. തുടർന്ന് അഭി. പവ്വത്തിൽ പിതാവിനെ പൊന്നാടയണിയിച്ച് അഭി. പെരുന്തോട്ടം പിതാവ് ആദരിച്ചു. വൈദികർ നൽകിയ ആദരവിനും ബഹുമതിക്കും നന്ദി അറിയിച്ചശേഷം അഭിവന്ദ്യ പവ്വത്തിൽ പിതാവ് വൈദികസമ്മേളനങ്ങൾ കൂട്ടായ്മ വർദ്ധിപ്പിക്കുവാൻ ഉതകുന്നവയാണ് എന്ന് പങ്കുവച്ചു. 'ചങ്ങനാശേരി അതിരൂപത എന്റെ അഭിമാനം' എന്നപേരിൽ MACC TVയും യുവദീപ്തി - SMYM ഉം ചേർന്നൊരുക്കിയ വീഡിയോയും സമ്മേളനത്തിൽ പ്രദർശിപ്പിച്ചു.

തുടർന്ന് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് വൈദികർക്കായി നൽകിയ വിവിധ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ചവത്സര അജപാ

ലനപദ്ധതിയുടെ അഞ്ചാം വർഷത്തെ പഠനവിഷയമായ 'വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും' എന്നതിനെ അടിസ്ഥാനമാക്കി ഈ നവംബർ, ഡിസംബർ മാസങ്ങളിലായി എല്ലാ ഇടവകളിലും ഏകദിന റീന്യൂവൽ പ്രോഗ്രാം ക്രമീകരിക്കുക; 'കരുതൽ'- പദ്ധതിയോടു നല്ല രീതിയിൽ സഹകരിക്കുക; ദീപികദിന പത്രത്തിന്റെ ആവശ്യകതയെക്കുറിച്ച് ആളുകളെ നന്നായി ബോധ്യപ്പെടുത്തുക; സംസ്ഥാനസർക്കാരിന്റെ പുതിയ മദ്യനയത്തോട് ശക്തമായി പ്രതിഷേധിക്കുകയും ഇക്കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുക; വിവിധ റീജനുകളിൽ സംഘടിപ്പിക്കുന്ന പ്രതിഷേധ റാലിയിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കുക; ആരാധനക്രമ അച്ചടക്കത്തിന്റെ ഭാഗമായി അതിരൂപതയിൽനിന്നും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക; liturgy അതിന്റെ പൂർണതയിൽ അനുഷ്ഠിക്കുകയെന്നത് നമ്മുടെ ചൈതന്യമാകയാൽ പരിശുദ്ധ കുർബ്ബാനയെക്കുറിച്ച് കുടുംബക്കൂട്ടായ്മകൾവഴി ആളുകൾക്ക് പ്രബോധനങ്ങൾ നൽകുകയും കുർബ്ബാന പുസ്തകം ഉപയോഗിച്ചു പരിശുദ്ധ കുർബ്ബനയിൽ പങ്കെടുക്കുവാൻ ആളുകളെ പ്രേരിപ്പിക്കുകയും ചെയ്യുക; പുതിയ ഭക്താനുഷ്ഠാനങ്ങൾ ഇടവകളിൽ തുടങ്ങുമ്പോൾ അതിരൂപതാകച്ചേരിയിൽ അറിയിച്ച് മുൻകൂട്ടി അനുവാദം വാങ്ങുക; ഇടവകയുടെ കണക്കുകൾ കൃത്യമായി അതിരൂപതസാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കുകയും അതിരൂപതാവിഹിതം കൊടുക്കുകയും ചെയ്യുക.

അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ചവർ, ദൈവാലയ നിർമ്മിതിയ്ക്കും ഇതര നിർമ്മാണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ വൈദികർ, വിദേശരാജ്യങ്ങളിലെ അജപാലനശുശ്രൂഷയും ഉപരിപഠനവും പൂർത്തിയാക്കി തിരിച്ചെത്തിയ വൈദികർ എന്നിവരെ സമ്മേളനത്തിൽ പ്രത്യേകം അനുമോദിച്ചു.

കോവിഡിന്റെ നിയന്ത്രണങ്ങൾ മാറിയ സാഹചര്യത്തിൽ മനസമ്മതം വേണ്ടെന്നു വയ്ക്കുന്നതു ശരിയല്ലെന്നും കൂദാശകൾ സ്വീകരിക്കുന്നവരെ അതിനായി നന്നായി ഒരുക്കണമെന്നും അഭി. പിതാവ് ഓർമ്മിപ്പിച്ചു. കോട്ടയം ലൂർദ് ഫൊറോന പള്ളിയിൽവച്ച് 2022 മെയ് 20- ന് നടക്കുന്ന അതിരൂപതാദിനത്തിൽ ബഹു. അച്ചന്മാരോടൊപ്പം ഫൊറോനാ കൗൺസിൽ അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്നും കുറിച്ചി മൈനർ സെമിനാരിയുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾ 2022 മെയ് 5-ന് ആരംഭിക്കുമെന്നും അതിരൂപത അസംബ്ലി 2022 ഒക്ടോബർ മാസം 3, 4, 5 തീയതികളിലായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും അഭി. പിതാവ് അറിയിച്ചു.

അതിരൂപതയിലെ എല്ലാ ഇടവകകളും കുരിശു പള്ളികളും 12AB രജിസ്ട്രേഷൻ നിർബന്ധമായും കൃത്യമായും നടത്തണമെന്ന് അതിരൂപത പ്രൊക്യൂറേറ്റർ കാരികൊമ്പിൽ പെ. ബഹു. ചെറിയാൻ അച്ചൻ സമ്മേളനാംഗങ്ങളെ ഓർമ്മിപ്പിച്ചു. പഞ്ചവത്സര അജപാലനപദ്ധതിയുടെ അഞ്ചാം വർഷത്തെ പഠനവിഷയത്തെക്കുറിച്ചും അതിരൂപത അസംബ്ലിയെക്കുറിച്ചും മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അജപാലനദർശനം - അജപാലനശുശ്രൂഷ ദർശനവും പ്രയോഗവും- എന്ന പുസ്തകത്തെ പരിചയപ്പെടുത്തിയും അതിരൂപത സിഞ്ചെല്ലൂസ് പാടിയത്ത് പെ. ബഹു. തോമസ് അച്ചൻ സംസാരിച്ചു. തുടർന്ന് അജപലനശുശ്രൂഷയിൽ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെക്കുറിച്ച് ബഹു. വൈദികർ പങ്കുവച്ചു. സമ്മേളനത്തിന്റെ അവസാനം പാടിയത്ത് പെ. ബഹു. തോമസ് അച്ചൻ എല്ലാവർക്കും നന്ദി അർപ്പിച്ചു സംസാരിച്ചു. ഉച്ചയ്ക്ക് 1.30 ന് സമ്മേളനം അവസാനിച്ചു. ❍

# പഞ്ചവത്സര അജപാലനപദ്ധതി
## 5 YEAR PROGRAMME

പ്രിയപ്പെട്ടവരേ,

നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും, സിസ്റ്റേഴ്സും അല്മായരും ഈ വർഷത്തെ പഠനവിഷയം മനസിലാക്കേണ്ടതാണ്.

*'മരണവും മരണാനന്തര ജീവിതവും ക്രിസ്തീയ കാഴ്ചപ്പാടിൽ'* എന്ന വിഷയത്തെക്കുറിച്ച് ഏപ്രിൽ 24-ാം തീയതി ഞായറാഴ്ച റവ. ഡോ. മുരിയ ങ്കാവുങ്കൽ ഡൊമിനിക് ക്ലാസ് നയിച്ചു. മെയ് മാസത്തെ ക്ലാസ് **29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6.30 മുതൽ** ക്രമീകരിക്കുന്നതാണ്.

Zoom ID : 88302877319; Passcode: 830113 (എല്ലാമാസവും ഇതുതന്നെ ആയിരിക്കും).

സ്നേഹത്തോടെ,

**ഫാ. തോമസ് പാടിയത്ത്**


# DENAHALAYA

**Institute of formation and Counselling**

Punnapra, Alapuzha, 688004
Ph. 0477-2287808, 9747836772
danahalaya@gmail.com

Denahalaya gives professional training to those who aspire to engage in formatory roles such as formators, superiors, teachers, counsellors and therapists.

***Admission started for the following courses***

1. Two year Master Level Course in FORMATIVE SPIRITUALITY AND CLINICAL PSYCHOLOGY (MFSP VIII)

   *Scheduled for June 15,2022 to March 30, 2024*

2. One Year Residential Course for FORMATIVE SPIRITUALITY AND PASTORAL COUNSELLING (FSPCXXIX )

   *Scheduled for June 15, 2022 – March, 15, 2023*

Apply online www.denahayalaya.com

Fr. Tijo Pathalil
Director

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ അതിരൂപതയുടെ മാധ്യമ പ്രേഷിതരംഗമായ MAAC TEAM ന് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി.

**യുവജനങ്ങൾക്ക് മാധ്യമ തുടർപരിശീലനം**

യുവദീപ്തി SMYM നോട് ചേർന്ന് RJ, VJ പരീശീലനത്തിന്റെ ഭാഗമായി നടന്ന ഏകദിന പരിശീലനം വളരെ വിജയകമായതിനാൽ അതിന്റെ തുടർ പരിശീലനം ഏപ്രിൽ മാസത്തിലും നടത്തപ്പെട്ടു. ചങ്ങനാശേരി അതിരൂപത യിലെ വൈദിക സമ്മേളനത്തിനുവേണ്ടി നിർമ്മിച്ച ചങ്ങനാശേരി അതിരൂപത - എന്റെ അഭിമാനം എന്ന വീഡിയോയിൽ ഇവർക്ക് ഭാഗമാകാനും സാധിച്ചു.

**MY PARISH**

ചങ്ങനാശേരി അതിരൂപതയുടെ MY PARISH എന്ന ONLINE SOFTWARE ഇടവകളിൽ ഉപയോഗിച്ചു തുടങ്ങി. ഈ ഒരു ലക്ഷ്യത്തിനുവേണ്ടി ബഹുമാനപ്പെട്ട വൈദികരും ഫൊറോനാ കോർഡിനേറ്റേഴ്സും അതിരൂപതയിലെ വൈദികവിദ്യാർത്ഥികളും നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് നന്ദി.

**സാധ്യതകൾ**

ഇന്നത്തെ കാലഘട്ടത്തിൽ മാധ്യമങ്ങൾക്കുള്ള വലിയ പങ്ക് മുൻകൂട്ടി കണ്ട് സ്ഥാപിതമായതാണ് MEDIA VILLAGE.

നമ്മുടെ അതിരൂപയുടെ മാധ്യമ കേന്ദ്രമായ മീഡിയാ വില്ലേജിലെ SJCC - ST JOSEPH COLLEGE OF COMMUNICATION, MFTI- MEDIA VILLAGE FILM AND TELEVISON INSTITUTE, വിവിധ ഇടവകകളുടെ റിക്കോർഡിങ്ങ് ആവശ്യങ്ങൾക്കും ഉപകാരപ്രദമാകും വിധം നിർമ്മിക്കപ്പെട്ടിരിക്കുന്ന MEDIA VILLAGE PRODUCTION HOUSE എന്നിവ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അതിരൂപതയുടെ മാധ്യമ പ്രേഷിത രംഗത്തെ വളർച്ചയ്ക്ക് എല്ലാവരും നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾ തുടർന്നും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ

സ്നേഹപൂർവ്വം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651)
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)
**ഫാ. ആന്റണി ഏത്തയ്ക്കാട്**

## വേദപ്രചാരമദ്ധ്യസ്ഥൻ അറിയിപ്പ്

വേദപ്രചാരമദ്ധ്യസ്ഥന്റെ വരിസംഖ്യ കുടിശികയുള്ളവർ (2022 മാർച്ചുമാസം വരെ) മെയ് 10 - ന് മുമ്പ് വരിസംഖ്യ 300/- രൂപ കുടുംബക്കൂട്ടായ്മ ഓഫീസിൽ അടയ്ക്കേണ്ടതാണ്.

**Contact No. 9447776920** (Fr. Jenny Kayamkulathussery)
E-mail : madhyastan1928@gmail.com

# സന്ദേശനിലയം
## SANDESANILAYAM

മിശിഹായിൽ സ്നേഹമുള്ളവരേ,

ക്രൈസ്തവ വിശ്വാസജീവിതത്തിന്റെ കേന്ദ്രമായ നമ്മുടെ കർത്താവിന്റെ ഉയിർപ്പ് ധ്യാനിക്കുന്ന ഈ ദിനങ്ങളിൽ ഉത്ഥിതനായ ഈശോമിശിഹായുടെ സമാധാനവും സന്തോഷവും നിങ്ങൾക്ക് ആശംസിക്കുന്നു. ഒട്ടുമിക്ക ഇടവകകളും വിശ്വാസോത്സവം നന്നായി ക്രമീകരിക്കുവാൻ പരിശ്രമിച്ചു എന്നറിയുന്നതിൽ സന്തോഷമുണ്ട്. വിശ്വാസോത്സവ ദിനങ്ങളിലൂടെ ആർജ്ജിച്ചെടുത്ത വിശ്വാസ തീക്ഷണ്ത നമ്മുടെ അനുദിന ജീവിതത്തിന് വഴികാട്ടിയാകട്ടെ എന്നാശംസിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. വർഗ്ഗീസ് പഴയമഠം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2022 മെയ്**

1 ഞായർ : ഉയിർപ്പ് മൂന്നാം ഞായർ,
**തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്, തൊഴിലാളിദിനം, മതാധ്യാപക നേതൃസംഗമം**

20 വെള്ളി : **അതിരൂപതാദിനം** (ഓഫീസ് അവധി)

26 വ്യാഴം : **കർത്താവിന്റെ സ്വർഗ്ഗാരോഹണം, കടമുള്ള ദിവസം**
**വിശ്വാസപരിശീലന ദശദിന പ്രാർത്ഥനയജ്ഞം ആരംഭിക്കുന്നു.**

**2022 ജൂൺ**

**ശ്ലീഹാക്കാലം**

5 ഞായർ : ശ്ലീഹാ ഒന്നാം ഞായർ, **പന്തക്കുസ്താ തിരുനാൾ** - ക്ലാസ്സ് 1
അതിരൂപതാതല / ഇടവകതല മതബോധന വർഷ ഉദ്ഘാടനം,
**ഇടവകതല വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നു**

12 ഞായർ : ശ്ലീഹാ രണ്ടാം ഞായർ, ക്ലാസ്സ് - 2
പരി.ത്രിത്വത്തിന്റെ തിരുനാൾ

## CLT കോഴ്സ് MCC കോഴ്സ്

CLT 41-ാം ബാച്ചിലേയ്ക്കും MCC 13-ാം ബാച്ചിലേയ്ക്കുമുള്ള അപേക്ഷാഫോമുകൾ സന്ദേശനിലയത്തിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 1 ന് മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## 100% ഹാജറിനുള്ള മോൺ. കുര്യാക്കോസ് പറമ്പത്ത് മെമ്മോറിയൽ അവാർഡ്

1 മുതൽ 12 വരെ ക്ലാസ്സുകളിൽ 12 വർഷവും എല്ലാ ഞായറാഴ്ചയും വിശ്വാസോത്സവദിനങ്ങളിലും ഇടവകതലത്തിൽ നടത്തുന്ന വിശ്വാസപരിശീലനക്ലാസ്സുകളിൽ പങ്കെടുത്ത കുട്ടികൾക്ക് ബഹുമാനപ്പെട്ട പറമ്പത്തച്ചന്റെ കുടുംബാംഗങ്ങളുടെ സഹകരണത്തോടെ അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രം ഏർപ്പെടുത്തിയ അവാർഡാണിത്. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങളും ഫോട്ടോയും 2022 മെയ് 15 നു മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## 2021–22 വർഷത്തെ ഹാജർ

11, 12 ക്ലാസ്സുകളിൽ ഓൺലൈൻ, ഓഫ്‌ലൈൻ ക്ലാസ്സുകളിലുള്ള കുട്ടികളുടെ പങ്കാളിത്തവും പ്രതികരണവും കണക്കിലെടുത്ത് ഈ വർഷത്തെ ഹാജർ നല്കാവുന്നതാണ്. ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിൽ മുകളിൽ പറഞ്ഞിരിക്കുന്നത് കൂടാതെ കുട്ടികൾ വർക്ക്ബുക്ക് പൂരിപ്പിച്ച് നല്കിയതും കണക്കിലെടുക്കേണ്ടതാണ്. വിശ്വാസോത്സവ ദിനങ്ങളിലെ ഹാജർ ഓരോ ഇടവകയിലും നടത്തപ്പെട്ട വിശ്വാസോത്സവ പരിപാടികളിലുള്ള കുട്ടികളുടെ പങ്കാളിത്തത്തിന്റെയും വിശ്വാസോത്സവ വർക്ക്ബുക്കുകൾ പൂരിപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ നല്കേണ്ടതാണ്.

## വിശ്വാസപരിശീലന ദശദിന പ്രാർത്ഥനയജ്ഞം (മെയ് 26 മുതൽ ജൂൺ 5 വരെ)

വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും നന്നായി മനസ്സിലാക്കി ഈ കാലഘട്ടത്തിലെ വിശ്വാസ പ്രതിസന്ധികളെ തരണം ചെയ്യാൻ നമ്മുടെ കുഞ്ഞുങ്ങളെ പ്രാപ്തരാക്കാനുതകുന്ന തരത്തിൽ വിശ്വാസപരിശീലനം 2022 – 23 വർഷം പരിശുദ്ധാത്മാവിന്റെ നിറവോടെ ആരംഭിക്കാൻ നമുക്ക് സ്വർഗ്ഗാരോഹണത്തിരുനാൾ മുതൽ പന്തക്കുസ്താ തിരുനാൾ വരെയുള്ള പത്തുദിവസം തീക്ഷ്ണമായി പ്രാർത്ഥിച്ച് ഒരുങ്ങാം. അധ്യാപകർക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥനകൾ സന്ദേശനിലയത്തിൽ നിന്നും നല്കുന്നതാണ്. പെന്തക്കുസ്തായ്ക്കു മുൻപുള്ള പത്തു ദിനങ്ങളിൽ ഈ പ്രാർത്ഥന ഭവനങ്ങളിലോ കുടുംബപ്രാർത്ഥനാ സമയത്തോ ചൊല്ലാവുന്നതാണ്. അധ്യാപകർ വ്യക്തിപരമായോ ഇടവകയിൽ ഒന്നിച്ചുകൂടിയോ റംശായോടൊപ്പം പ്രാർത്ഥിക്കാവുന്നതാണ്. കഴിവതും എല്ലാ അധ്യാപകരും ഈ ദിനങ്ങളിൽ കുമ്പസാരിക്കുകയും അനുദിനം പരി.കുർബാന അർപ്പിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

## കാറ്റകെറ്റിക്കൽ ഫൊറോന കമ്മിറ്റി (സി.എഫ്.സി)

2022–23 വിശ്വാസപരിശീലന പ്രവർത്തനവർഷ ആരംഭത്തിൽ തന്നെ എല്ലാ ഫൊറോനകളിലും അതിരൂപതാ ഡയറക്ടറും ടീമും സന്ദർശനം നടത്തുകയും വരുംവർഷത്തെ പ്രവർത്തനപരിപാടികൾ ചർച്ച ചെയ്യുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നതാണ്. സി.എഫ്.സി. മീറ്റിംഗുകളിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർ, സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറിമാർ, മിഷൻലീഗ്

മേഖലാ ഡയറക്ടർ, മേഖലാ ജോയിന്റ് ഡയറക്ടർമാർ, മേഖലാ ഭാരവാഹികൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. മീറ്റിംഗുകളുടെ സമയ വിവരങ്ങൾ ഫൊറോന സെക്രട്ടറിമാരെ അറിയിക്കുന്നതാണ്. സി.എഫ്.സി. മീറ്റിംഗിലേയ്ക്ക് എല്ലാവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

2021-22 വർഷത്തിലെ 10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് പൂർത്തിയാക്കി മെയ് 30 നകം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിനോടൊപ്പം 10, 11, 12 ക്ലാസ്സുകളിലെ ഹാജർബുക്കുകളും വിശ്വാസോത്സവം ചേർത്തുള്ള ഫൈനൽ മാർക്കുലിസ്റ്റുകളും കൂടി ചേർത്ത് കൊണ്ടുവരേണ്ടതാണ്. ഇതോടൊപ്പം 8, 9, ക്ലാസ്സുകളിലെ ഫൈനൽ മാർക്ക്‌ലിസ്റ്റുകളും ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

വിശ്വാസോത്സവ വർക്കുബുക്കുകളുടെ പണവും മതബോധനവിഹിതവും അടയ്ക്കാനുള്ളവർ എത്രയുംവേഗം അടയ്ക്കേണ്ടതാണ്.

1 മുതൽ 9 വരെ ക്ലാസ്സുകൾക്ക് അധ്യാപകർക്ക് ക്ലാസ്സുകൾ നടത്തുന്നതിനാവശ്യമായ വേർഡ് & മീഡിയാ ടീച്ചിംഗ് മെറ്റീരിയൽസും അധ്യാപക സഹായിയും സന്ദേശനിലയത്തിൽ ലഭ്യമാണ്.

## ആദരാഞ്ജലികൾ

വാഴപ്പള്ളി സൺഡേസ്കൂൾ മുൻ ഹെഡ്മിസ്ട്രസ് സി. ഇമേൽദാ എസ്.എ.ബി.എസ് ന്റെയും ചെത്തിപ്പുഴ സൺഡേസ്കൂൾ മുൻ അധ്യാപകൻ ശ്രീ. അപ്പച്ചൻ മാറാട്ടുകുളത്തിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹമുള്ള കുഞ്ഞുമിഷണറിമാരേ,

ഈ വർഷം ദൈവത്തിന്റെ അനുഗ്രഹത്താൽ നിയന്ത്രണങ്ങൾ നീങ്ങുകയും ഭക്തിനിർഭരമായി നാം വലിയ ആഴ്ചയിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. വിശ്വാസോത്സവവും നമ്മുടെ ആത്മീയജീവിതത്തെ വീണ്ടും ഉണർത്തിയിട്ടുണ്ട്. നമ്മിൽ കൊളുത്തിയ ഈ നാളം കെടാതെ കാത്തുസൂക്ഷിക്കേണ്ട കാലമാണ് ഈ അവധിക്കാലം. പതിവായി ഇടവകദൈവാലയത്തിൽ ബലിയർപ്പണത്തിൽ പങ്കെടുത്തും ശാഖാതലത്തിലും മേഖലാതലത്തിലും ചെറിയ പരിപാടികളും മീറ്റിംഗുകളും സംഘടിപ്പിച്ചും ആ വിശ്വാസനാളം ഉജ്ജ്വലിപ്പിച്ചു നിർത്താൻ ശ്രദ്ധിക്കുമല്ലോ. അടുത്ത വിശ്വാസപരിശീലനവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഏറ്റവും തീക്ഷ്ണതയോടെ പ്രവർത്തനനിരതരായി പ്രവേശിക്കാൻ സാധിക്കത്തക്കവിധം നമ്മുടെ ശാഖകളെ ഉണർത്തിനിർത്താൻ ഭാരവാഹികൾ പരിശ്രമിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. വർഗ്ഗീസ് പഴയമഠം**
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**മെയ്**

20 വെള്ളി : **അതിരൂപതാദിനം** (ഓഫീസ് അവധി)

26 വ്യാഴം : **കർത്താവിന്റെ സ്വർഗ്ഗാരോഹണം**, കടമുള്ള ദിവസം

**ജൂൺ**

5 ഞായർ : പന്തക്കുസ്താ തിരുനാൾ (അതിരൂപത മതബോധന ദിനം)

11 ശനി : **അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം**, മാനേജിംഗ് കമ്മിറ്റി

### പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 11ന്

ജൂൺ മാസം പതിനൊന്നാം തീയതി ശനിയാഴ്ച അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും രാവിലെ 9.30 മുതൽ 1.30 വരെ ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതാ മേഖലാ ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ജോയിന്റ് ഡയറക്ടർ, ഓർഗനൈസർമാർ, ഡയറക്ടർമാർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### മേഖലാ ശാഖാ യൂണിറ്റ് സന്ദർശനം

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ശാഖകളിലെ മിഷൻലീഗ് പ്രവർത്ത

നം വിലയിരുത്തുന്നതിന് ഭാഗമായി മെയ് – ജൂൺ (15 മുൻപ്) മാസങ്ങളിൽ മേഖലാ ഭാരവാഹികൾ ശാഖാ സന്ദർശനം നടത്തേണ്ടതാണ്. അതിനുശേഷം ജൂൺ –ജൂലൈ (16 മുൻപ്) മാസങ്ങളിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തുന്നതാണ്. ഓരോ ശാഖയിലും സന്ദർശനം നടത്തുന്ന തീയതികൾ മേഖലാ ഭാരവാഹികൾ മുൻകൂട്ടി തയ്യാറാക്കി ശാഖയിലും അതിരൂപതാ ഓഫീസിലും നൽകുന്നത് ഉചിതമായിരിക്കും.

## റിപ്പോർട്ട്

2021 – 22 പ്രവർത്തന വർഷത്തെ ശാഖയിലെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി റിപ്പോർട്ടിന്റെ form പിഡിഎഫ് ആയി മെയ് മാസം ആദ്യം അതിരൂപതാ കേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ഫോം പൂരിപ്പിച്ച് മെയ് മാസം 30 ന് മുൻപായി അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. ബെസ്റ്റ് മേഖല, ശാഖ സമ്മാനം ഉണ്ടായിരിക്കുന്നതല്ല. എങ്കിലും നല്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോവിഡ് കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി ശാഖകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കുന്നതായിരിക്കും.

## എയ്ഞ്ചൽസ് മീറ്റ്

മുൻവർഷങ്ങളിൽ നടത്തിയിരുന്നതുപോലെ (കോവിഡിനു മുൻപ്) ഈ വർഷം ആഘോഷ പൂർവ്വമായ വിശുദ്ധ കുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ എയ്ഞ്ചൽസ് മീറ്റ് മെയ് മാസത്തിൽ മേഖലാ തലത്തിൽ സംഘടിപ്പിക്കുവാൻ മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ വിഹിതം

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് ഓഫീസിൽ അടയ്ക്കേണ്ടതായിട്ടുള്ള അതിരൂപതാ വിഹിതവും (Rs. 150) ദൈവവിളി ഫണ്ടും (ഒരു കുട്ടിക്ക് ഒരു രൂപാ നിരക്കിൽ) കുടിശിഖയായുള്ള ശാഖകൾ എത്രയും വേഗം അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. മിഷൻലീഗിന്റെയും വൊക്കേഷൻ ബ്യൂറോയുടെയും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനാണ് ഈ തുക വിനിയോഗിക്കപ്പെടുക.

ഈശോയിൽ സ്നേഹമുള്ളവരെ,

ദൈവകൃപയാൽ കോവിഡ് മഹാമാരിയിൽനിന്നും നാം മുക്തി നേടിയിരിക്കുകയാണല്ലോ. ഒന്നുചേർന്ന് യാമപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനായി കുടുംബക്കൂട്ടായ്മകൾ എല്ലാ ഇടവകകളിലും പുനരാരംഭിക്കേണ്ട സമയമാണിത്. ഇക്കാര്യത്തിൽ ഇനിയും വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിലും വർദ്ധിച്ച ഉത്സാഹത്തോടെ ഈസ്റ്റർ ദിനങ്ങളിൽ ദൈവജനം കർമ്മങ്ങളിൽ പങ്കെടുക്കുന്നത് കാണാൻ ഇടയായതിൽ വളരെ സന്തോഷം. തുടർന്നും ദൈവമഹത്വത്തിനായി നമുക്കു കൈകോർക്കാം.

കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോനതല സംഗമങ്ങൾ (കെരിഗ്മ) നടന്നുവരുന്നു. ചില സ്ഥലങ്ങളിൽ പങ്കാളിത്തം വളരെ കുറവായിരുന്നു. തുടർന്നുവരുന്ന ഫൊറോനകളിൽ നല്ല പങ്കാളിത്തം ബഹു. വികാരിയച്ചന്മാർ ഉറപ്പാക്കണമേ. ഈ പരിപാടിയുടെ നടത്തിപ്പിനായി പ്രയത്നിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ലോഗോസ് ക്വിസ് 2022 നായി എല്ലാവരും മുൻകൂട്ടി ഒരുങ്ങണമെ. പഠനസഹായി ഓഫീസിൽ ലഭ്യമാണ്. ബൈബിൾ ക്ലാസുകളിലും, ബൈബിൾ കയ്യെഴുത്തിലും പങ്കെടുക്കുന്നതിൽ തീക്ഷണത കുറയാനിടയാകരുതെ.

എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു

സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**
(ഡയറക്ടർ)

## വാർത്തകൾ – പ്രവർത്തനങ്ങൾ

### കെരിഗ്മ

ഏപ്രിൽ 2-ാം തീയതി അതിരമ്പുഴയിലും 9-ാം തീയതി എടത്വായിലും 23 ന് ചങ്ങനാശേരിയിലും 30 ന് ചമ്പക്കുളത്തും കെരിഗ്മ നടത്തപ്പെട്ടു. അതിരമ്പുഴയിലും എടത്വായിലും ചമ്പക്കുളത്തും പെരി. ബഹു. വികാരിയച്ചന്മാർ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ചങ്ങാശേരി ഫൊറോനയിൽ വികാരി ജനറാൾ പെരി. ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു സന്ദേശം നൽകി. എല്ലാ ഫൊറോനകളിലും റവ. ഫാ. സോണി തെക്കുംമുറി ക്ലാസുകൾ നയിച്ചു. ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശേരി പ്രവർത്തന മാർഗ്ഗരേഖ വിശദികരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. റവ.ഫാ. ചാക്കോ ഇടമുറിയിൽ, തോമസ് മുട്ടേൽ, വർഗ്ഗീസ് വെട്ടുകുഴിയിൽ, തോമസ് പുത്തൻപുരയ്ക്കൽ എന്നീ ബഹു. വൈദികർ പരിപാടികൾക്കു നേതൃത്വം നൽകി.

### ബൈബിൾ കോഴ്സ്

മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വി. പൗലോശ്ലീഹായുടെ ലേഖനങ്ങളെ ആസ്പദമാക്കി ക്ലാസ്സെടുത്ത ആർച്ച്പ്രിസ്റ്റ് റവ. ഡോ. മാണി പുതിയിടത്തച്ചന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

### ബൈബിൾ കയ്യെഴുത്ത്

ബൈബിൾ കയ്യെഴുത്ത് വളരെ തീക്ഷണതയോടെ നടന്നു വരുന്നു. ഈ ഉദ്യമത്തിൽ പങ്കെടുത്തു കൊണ്ടിരിക്കുന്ന എല്ലാവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

### കെ.എൽ.റ്റി കോഴ്സ്

ഭാരതസഭാചരിത്രത്തെ ആസ്പദമാക്കി ഏപ്രിൽ മാസത്തെ ക്ലാസുകൾ നയിച്ച റവ.ഡോ. ജോസഫ് കൊല്ലാറയച്ചന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

മൂന്നാം ബാച്ചിന്റെ ക്ലാസ് നോട്ടുകൾ മെയ് – 7 നകം കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മെയ് 14–ാം തീയതി അഭിവന്ദ്യ തോമസ് തറയിൽ പിതാവ് സർട്ടിഫിക്കറ്റുകൾ നൽകി ആദരിക്കുന്നതാണ്. ക്ലാസ് നോട്ടുകൾ സബ്മിറ്റ് ചെയ്യുന്നവർക്കു മാത്രമെ സർട്ടിഫിക്കറ്റുകൾ ലഭിക്കുകയുള്ളു.

### പഞ്ചവത്സര അജപാലനപദ്ധതി പഠനവിഷയ സെമിനാർ

ഏപ്രിൽ 24 ഞായറാഴ്ച വൈകുന്നേരം 7 മുതൽ 8 വരെ ഓൺലൈനായി നടത്തുകയുണ്ടായി. 'മരണവും മരണാനന്തര ജീവിതവും ക്രിസ്തീയ കാഴ്ചപ്പാടിൽ' എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഡോ. ഡൊമിനിക് മുര്യൻകാവുങ്കൽ ക്ലാസ് നയിച്ചു. ബഹു. അച്ചനെ നന്ദിയോടെ ഓർക്കുന്നു.

## അറിയിപ്പുകൾ

### ഹോം മിഷൻ പരിശീലന സെമിനാർ

മെയ് 11 ബുധനാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ ഹോം മിഷൻ രംഗത്ത് സേവനം ചെയ്തു വരുന്ന ബഹു. സിസ്റ്റേഴ്സിനായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. അഭി. പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യമുള്ള ഈ പരിപാടിയിൽ ഈ രംഗത്തുള്ള എല്ലാ സിസ്റ്റേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### മെയ് മാസത്തിൽ കെരിഗ്മ നടക്കുന്ന ഫൊറോനകൾ

മെയ് 7 – കോട്ടയം
മെയ് 14 – കുടമാളൂർ
മെയ് 21 – കുറുമ്പനാടം
മെയ് 28 – മണിമല

പ്രിയ കുടുംബപ്രേഷിതരേ,

വിശ്വാസ-ധാർമ്മിക മൂല്യങ്ങളുടെ പഠനക്കളരിയാണ് കുടുംബം. മൂല്യങ്ങളുടെ ഈ പഠനപ്രക്രിയ കാര്യക്ഷമമായി നടക്കണമെങ്കിൽ അതിന്റെ ചുമതലക്കാരായ മാതാപിതാക്കൾ മാറിവരുന്ന സാഹചര്യങ്ങളെപ്പറ്റി അറിഞ്ഞ് കൃത്യമായ വിലയിരുത്തൽ നടത്തുന്നവരാകണം. ക്രിസ്തീയ വിശ്വാസത്തിനും ധാർമ്മികമൂല്യങ്ങൾക്കും വിലകൽപിക്കാത്ത സാഹചര്യം കുടുംബങ്ങളെ വലിയ തകർച്ചയിലെത്തിക്കും.

കൗമാരപ്രായക്കാരായ മക്കൾ തങ്ങളുടെ ആദർശരൂപീകരണത്തിന്റെ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് മാതാപിതാക്കൾ അറിയണം. മക്കൾ തെരഞ്ഞെടുക്കേണ്ട മൂല്യങ്ങളും തള്ളിക്കളയേണ്ട ആശയങ്ങളും വ്യക്തമായി, അവർക്കു മനസിലാകുന്ന ഭാഷയിൽ കുടുംബത്തിൽ ചർച്ച ചെയ്യപ്പെടണം. മക്കളുടെ മുന്നിൽ മാതാപിതാക്കളും മുതിർന്നവരും നടത്തുന്ന ഈ വിധമുള്ള സ്വാഭാവിക 'വർത്തമാന'ങ്ങൾ തങ്ങൾ തിരഞ്ഞെടുക്കേണ്ട ആദർശങ്ങളെയും മൂല്യങ്ങളെയും സംബന്ധിച്ചുള്ള ബോധ്യം കുട്ടികളുടെ മനസിൽ പതിപ്പിക്കും.

പ്രണയക്കുരുക്കിന്റെ ചതിയിൽ നമ്മുടെ പല കുട്ടികളും തിരിച്ചറിവില്ലാതെ ചെന്നു പതിക്കുന്നുണ്ട്. അതിനെതിരെ ജാഗ്രത പുലർത്തുവാനും ക്രിയാത്മകമായ ഇടപെടൽ നടത്തുവാനും കുടുംബവും സമൂഹവും സഭയും ശ്രദ്ധിക്കേണ്ടതുണ്ട്. അപകടങ്ങളെയും വെല്ലുവിളികളെയും കുറിച്ചുള്ള ഒരു പൊതുധാരണ അവയ്ക്കെതിരായി മുൻകരുതലെടുക്കുന്നതിന് നമ്മെ സഹായിക്കും. അതിനു സഹായകമായ വിധത്തിലുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കപ്പെടുമ്പോൾ അതിൽ പങ്കുചേരുവാൻ ഏവരും താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
(അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

### 1. നിയമാവലി പരിഷ്കരണ കമ്മറ്റി (ഏപ്രിൽ 4 തിങ്കൾ)

മാതൃവേദി - പിതൃവേദിയുടെ നിയമാവലി കാലോചിതമായി പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ രണ്ടാമതുയോഗം ഏപ്രിൽ 4 തിങ്കളാഴ്ച രാവിലെ 10 മണിക്കു നടത്തപ്പെട്ടു. വിവിധ ഭേദഗതികൾ ചർച്ചചെയ്യപ്പെട്ടു. തുടർ ചർച്ചകൾക്കുശേഷം നിയമാവലിക്ക് അന്തിമരൂപം നൽകുന്നതാണ്.

### 2. മാതൃവേദി – പിതൃവേദി എക്സിക്യൂട്ടീവ് യോഗം (ഏപ്രിൽ 4 തിങ്കൾ)

സംസ്ഥാനസർക്കാരിന്റെ പുതിയ മദ്യനയം, കെ. റെയിൽ കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധനയങ്ങളായ ഇന്ധന-പാചകവാതക വിലവർദ്ധനവ്, ജനവാസ മേഖല വനഭൂമിയാക്കൽ എന്നിങ്ങനെയുള്ള അതിപ്രധാനമായ വിഷയങ്ങളിൽ

നിലപാട് രൂപീകരിക്കുന്നതിനും അവയുടെ ആഘാതം അനുഭവിക്കുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുമായുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഒരു അടിയന്തിരയോഗം ഏപ്രിൽ 4 ഉച്ചകഴിഞ്ഞ് 2.30 നു ചേർന്നു.

### 3. പ്രതിഷേധദിനം (ഏപ്രിൽ 10 ഞായർ)

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നടപടികൾക്കെതിരെ 'ഞങ്ങൾ പ്രതിഷേധിക്കുന്നു' എന്നപേരിൽ വിവിധ യൂണിറ്റുകളിൽ പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഇടവകയിലെ വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തപ്പെട്ട പ്രസ്തുത പരിപാടിക്ക് മാതൃവേദി - പിതൃവേദി സംഘടന നേതൃത്വം നൽകി.

### 4. വചനനിലാവ് (ഏപ്രിൽ 10 ഞായർ)

വിശുദ്ധവാരത്തിന് ഒരുക്കമായി ഓശാനഞായറാഴ്ച രാത്രി 8 മുതൽ 9 വരെ 'വചനനിലാവ്' എന്ന പേരിൽ വചനവിചിന്തന പരിപാടി ഓൺലൈനായി നടത്തപ്പെട്ടു. മാതൃവേദി - പിതൃവേദി സംഘടിപ്പിച്ച പരിപാടിയിൽ ഡയറക്ടറച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു.

### 5. അതിരൂപതാ നേതൃയോഗം (ഏപ്രിൽ 12, ചൊവ്വ)

സംസ്ഥാന സർക്കാരിന്റെ തെറ്റായ മദ്യനയത്തിനെതിരെയുള്ള പ്രതിഷേധ പരിപാടികളെപ്പറ്റിയുള്ള ചർച്ചയ്ക്കായി അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ നടന്ന വിവിധ സംഘടനാഭാരവാഹികളുടെ യോഗത്തിൽ മാതൃവേദി - പിതൃവേദി സംഘടനകളെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, പ്രസിഡന്റുമാരായ ശ്രീ. എ.പി. തോമസ്, ശ്രീമതി ആൻസി മാത്യു, സെക്രട്ടറിമാരായ ശ്രീ. ജോജൻ കൊച്ചുവീട്ടിൽ, ശ്രീമതി ടെസ്സി വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

### 6. യുവദമ്പതീദിനം (ഏപ്രിൽ 28 വ്യാഴം)

ജിയന്നാ പുണ്യവതിയുടെ തിരുനാൾദിനമായ ഏപ്രിൽ 28 മാതൃവേദി - പിതൃവേദി യുവദമ്പതീദിനമായി ആചരിച്ചു. യൂണിറ്റ് - ഫൊറോനാ തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.

## അറിയിപ്പുകൾ

### 1. മദ്യവിരുദ്ധ പ്രതിഷേധദിനം (മെയ് 7 ശനി)

സർക്കാരിന്റെ മദ്യനയത്തിനെതിരെ ചങ്ങനാശേരി സംയുക്ത മദ്യവിരുദ്ധ സമിതി നയിക്കുന്ന പ്രതിഷേധ റാലിയിലും പൊതുസമ്മേളനത്തിലും അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെ നിർദ്ദേശമനുസരിച്ച് ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം എന്നീ ഫൊറോനകളിൽ നിന്നുള്ള പിതൃവേദി - മാതൃവേദി പ്രവർത്തകർ കുടുംബസമേതം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രതിഷേധറാലി മെയ് 7 ശനിയാഴ്ച 3 p.m. ന് ചങ്ങനാശേരി ബൈപാസ് ജംഗ്ഷനിൽ ആരംഭിച്ച് ചങ്ങനാശേരി പെരുന്ന മുൻസിപ്പൽ ബസ് സ്റ്റാൻഡിനു സമീപം പൊതുസമ്മേളനത്തോടെ സമാപിക്കുന്നു.

**2. ലോകമാതൃദിനം (മെയ് 8 ഞായർ)**

അതിരൂപതാതല മാതൃദിനാഘോഷം മെയ് 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കുറുമ്പനാടം ഫൊറോനാപാരിഷ്ഹാളിൽ വച്ച് നടത്തപ്പെടുന്നു.

**3. റീത്താപുണ്യവതിയുടെ തിരുനാൾ (മെയ് 22 ഞായർ)**

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ റീത്താപുണ്യവതിയുടെ തിരുനാൾ, പരിശുദ്ധ കുർബാനയിൽ പങ്കുചേർന്നും പതാക ഉയർത്തിയും മധുരപലഹാരം വിതരണം ചെയ്തും സമുചിതമായ വിവിധ പരിപാടികൾ ക്രമീകരിച്ചും എല്ലാ യൂണിറ്റുകളിലും ആഘോഷിക്കേണ്ടതാണ്.

**നന്ദി**

ഫാമിലി അപ്പോസ്തലേറ്റിന്റെ അസി. ഡയറക്ടർ, തെക്കൻമേഖലാ കോ-ഓർഡിനേറ്റർ, തിരുവനന്തപുരം ഫൊറോന മാതൃവേദി-പിതൃവേദി ഡയറക്ടർ എന്നനിലയിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ച ബഹു. സോണി പള്ളിച്ചിറയിൽ അച്ചന് ഹൃദയംഗമമായ നന്ദി. ❍


## വിവാഹ ഒരുക്ക ധ്യാനം

| MAY | | JUNE | |
|---|---|---|---|
| 09, 10, 11 | Chry | 06, 07, 08 | Chry |
| 16, 17, 18 | Chry | 13, 14, 15 | Zion |
| 23, 24, 25 | Zion | 27, 28, 29 | Zion |

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**
0481 2424476,
9447016240
വിളിക്കേണ്ട സമയം :
10 a.m. - 5 p.m.


## നിത്യതയിലേക്ക്



**സി. മേരി ജെസീന്താ PCPA**



**സി. കലിസ്റ്റസ് വാളിപ്ലാക്കൽ SABS**



**സി. ഇമേൽഡാ മണ്ണൂരെട്ടൊന്നിൽ SABS**



**മദർ മേരി ഇസ്പിരിത്ത് പോരൂക്കരപേരയിൽ SABS**



**സി. പവിത്ര നെല്ലുവേലിൽ MLF**



**സി. ലില്ലി തെരേസ് ദാനവേലിൽ SABS**

## കെ സി വൈ എം ലീഡേഴ്സ് മീറ്റ്

കെ സി വൈ എം സംസ്ഥാന സമിതി 2022 ഏപ്രിൽ 2, 3 തീയതികളിലായി കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച 'ലീഡ് ഓൺ' ലീഡേഴ്സ് ക്യാമ്പിൽ കെ.സി.വൈ.എം സംസ്ഥാന സെനറ്റിൽ അംഗങ്ങളായ അതിരൂപതാ പ്രതിനിധികൾ പങ്കെടുത്തു.

## ഫൊറോനാ വിസിറ്റ്

യുവദീപ്തി-എസ്.എം.വൈ.എം ചങ്ങനാശേരി അതിരൂപത 2022 പ്രവർത്തന വർഷത്തിലെ ഫെറോന സന്ദർശനങ്ങൾക്ക് 2022 ഏപ്രിൽ 03 ന് ചമ്പക്കുളം ഫൊറോനായിൽ തുടക്കം കുറിച്ചു. വടക്കേ അമിച്ചകരി സെന്റ് ജോർജ് യൂണിറ്റിൽ വെച്ച് ചമ്പക്കുളം ഫൊറോന സന്ദർശനവും 2022 ഏപ്രിൽ 24ന് പുന്നപ്ര മാർ ഗ്രിഗോറിയോസ് യൂണിറ്റിൽ വെച്ച് ആലപ്പുഴ ഫൊറോനാ സന്ദർശനവും നടത്തപ്പെട്ടു.

## റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ്

യുവദീപ്തി-എസ്.എം.വൈ.എം ചങ്ങനാശേരി അതിരൂപത നടത്തുന്ന പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പുകൾക്ക് നേതൃത്വം നൽകുവാനായി ആഗ്രഹിക്കുന്ന സെനറ്റ് അംഗങ്ങൾക്കും അതിരൂപതാ ഭാരവാഹികൾക്കുമായി പരിശീലന ക്യാമ്പ് 2022 ഏപ്രിൽ 8, 9 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ഡീക്കൻ ജോജോ പള്ളിച്ചിറ, ബ്ര. ജേക്കബ് കുട്ടി കളത്തിൽവീട്ടിൽ, സി. തെരസീന എന്നിവർ നേതൃത്വം നൽകി.

## കെ സി വൈ എം തീർത്ഥാടനം

2022 ഏപ്രിൽ 09 ന് പാല അരുവിത്തുറ വല്യച്ചൻ മലയിലേക്ക് കെ.സി. വൈ.എം സംസ്ഥാന സമിതി നടത്തിയ തീർത്ഥാടനത്തിൽ അതിരൂപതാ പ്രതിനിധികളായി 30-ഓളം യുവജനങ്ങൾ പങ്കെടുത്തു.

## കർഷക രക്ഷാ ധർണ്ണ

യുവദീപ്തി-എസ്.എം.വൈ.എം ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ മങ്കൊമ്പ് സിവിൽ സ്റ്റേഷന് മുൻപിൽ 2022 ഏപ്രിൽ 27 ന് ഉച്ചയ്ക്കുശേഷം 03.00 ന് കർഷക ധർണ്ണ സംഘടിപ്പിച്ചു. കൃഷിനാശം നേരിട്ട കർഷകർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകുക, മുടങ്ങി കിടക്കുന്ന വിള ഇൻഷുറൻസ് ഉടനെ വിതരണം ചെയ്യുക, കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുക, വർഷകാലത്തിന് മുൻപായി കുട്ടനാട്ടിലെ തോടുകളും നദികളും വൃത്തിയാക്കി മഴവെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പുവരുത്തി വെള്ളപ്പൊക്കം ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു നടത്തപ്പെട്ട ധർണ്ണയിൽ അതിരൂപതാ - ഫൊറോനാ സമിതി അംഗങ്ങളും യുവജനങ്ങളും കർഷകരും പങ്കെടുത്തു.



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

## 97 – ാം ചരമവാർഷികം

## ജൂൺ 2, 2022

ഈശോയുടെ തിരുഹൃദയവും പരിശുദ്ധ അമ്മയും സഹായിക്കുന്നില്ലെങ്കിൽ താൻ ഒരിക്കലും പുണ്യത്തിലും പഠനത്തിലും അഭിവൃദ്ധിപ്പെടുമായിരുന്നില്ലെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ്. 'ഈശോയുടെ തിരുഹൃദയത്തിലുള്ള മനോവിശ്വാസമാണ് എന്റെ മൂലധനം' എന്ന് ഉറപ്പിച്ചു പറഞ്ഞ ധന്യാത്മാവ്.

# അതിരൂപതകുടുംബത്തിന്റെ
# അഭിനന്ദനങ്ങൾ



**മാർ ജോസഫ് പാംപ്ലാനി**
(മെത്രാപ്പോലീത്ത, തലശ്ശേരി അതിരൂപത)



**മാർ പീറ്റർ കൊച്ചുപുരയ്ക്കൽ**
(മെത്രാൻ, പാലക്കാട് രൂപത)




**റൈറ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ**
(മെത്രാപ്പോലീത്ത, തിരുവനന്തപുരം
ലത്തീൻ അതിരൂപത)

## അതിരൂപതകുടുംബത്തിന്റെ

# ആദരാഞ്ജലികൾ



**റൈറ്റ് റവ. ഡോ. ജോസഫ് പതാലിൽ**
**(ബിഷപ്പ് എമരിത്തൂസ്, ഉദയ്പൂർ രൂപത)**



**റൈറ്റ് റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
**(ബിഷപ്പ് എമരിത്തൂസ്, ആലപ്പുഴ ലത്തീൻ രൂപത)**



വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സഹസ്ഥാപക ദൈവദാസി മദർ മേരി ഷന്താളിന്റെ കബറിടം മാർച്ച് 28ന് തുറന്ന് ഭൗതികാവശിഷ്ടങ്ങൾ പുറത്തെടുത്ത് സഭാ നിയമങ്ങൾക്കനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം പുനഃസംസ്കരിക്കുന്നു.



ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷന്മാരായിരുന്ന പിതാക്കന്മാരെയും അതിരൂപതയ്ക്കുവേണ്ടി 1887 മുതൽ ശുശ്രൂഷചെയ്തു മരണം പ്രാപിച്ച വൈദികരെയും ഏപ്രിൽ 8 ന് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു അനുസ്മരിക്കുന്നു.




ആശാഭവൻ സുവർണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം മാർച്ച് 30 – ന് ജിമ്മി പടനിലം സെന്ററിൽവച്ചു ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കുന്നു.

# കെ.സി.എസ്.എൽ.
## KERALA CATHOLIC STUDENT'S LEAGUE

ഈശോയിൽ സ്നേഹംനിറഞ്ഞ കെ.സി.എസ്.എൽ അംഗങ്ങളെ,

വിശ്വാസോത്സവം കഴിഞ്ഞു അല്ലേ, ഇപ്പോൾ എല്ലാവരും നല്ല മാനസിക ഉല്ലാസത്തിന് ആയിരിക്കുമല്ലോ! ഈശോയോടൊപ്പം ആയിരിക്കുവാനും ഈശോയ്ക്കുവേണ്ടി സേവനം ചെയ്യുവാനും മാതാപിതാക്കളെയും മുതിർന്നവരെയും സഹായിക്കുവാനും സമയം കണ്ടെത്തുവാൻ ശ്രദ്ധിക്കുമല്ലോ. പരീക്ഷകൾ ഇനിയും കഴിയാത്ത കൂട്ടുകാർ തീക്ഷ്ണതയോടെ നന്നായി പഠിച്ചൊരുങ്ങുവാനും സാധിക്കുന്നവരൊക്കെ ദിവസവും വിശുദ്ധ കുർബാനയ്ക്ക് ദൈവാലയങ്ങളിൽ പോകുവാനും മറക്കരുത്. ഈ കഴിഞ്ഞ വർഷം കെ.സി.എസ്.എൽ കുടുംബത്തിന് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്മകൾക്കും ദൈവത്തിന് കൃതജ്ഞത അർപ്പിക്കാം. ഒപ്പം കെ.സി.എസ്.എൽ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച പ്രിയപ്പെട്ട എല്ലാ അദ്ധ്യാപകർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

കേരള കാത്തലിക് സ്റ്റുഡൻസ് ലീഗ് സംസ്ഥാന സമ്മേളനം പാലാരിവട്ടം പിഒസിയിൽ നടത്തുകയുണ്ടായി. ഏതാനും സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ടുകൾ ലഭിച്ചു. ഇതുവരെ വന്ന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ, പല സ്കൂളുകളും മികച്ച പ്രവർത്തനങ്ങൾ തന്നെയാണ് കാഴ്ച്ച വച്ചിരിക്കുന്നത്. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. 2020-21 പ്രവർത്തനവർഷ റിപ്പോർട്ടുകൾ തരേണ്ട അവസാന തീയതി ഏപ്രിൽ 31 ലേക്ക് മാറ്റിയിരിക്കുന്നു.

വരും അദ്ധ്യായനവർഷം കുറച്ചുംകൂടി ഊർജ്ജസ്വലമാക്കാൻ നമുക്കോരോരുത്തർക്കും ശ്രമിക്കാം. ഈ അവധിക്കാലത്ത് സമയം പാഴാക്കാതെ ഉപയോഗപ്രദമായ ധാരാളം കാര്യങ്ങൾ ചെയ്യാൻ നമുക്ക് സാധിക്കണം. എല്ലാവർക്കും ഒരിക്കൽക്കൂടി ദൈവാനുഗ്രഹപ്രദമായ ഒരവധിക്കാലം ആശംസിക്കുന്നു. നമ്മുടെ രക്ഷകനായ ഈശോ മിശിഹായുടെ സ്വർഗ്ഗാരോഹണതിരുനാളിന്റെ മംഗളങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

## മെയ് മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### പ്രധാൻമന്ത്രി ഭീംജീവൻ ജ്യോതി (PMBJ) പദ്ധതി

1. ഇതുവരെ ഈ ഇൻഷുറൻസ് പദ്ധതിയിൽ ചേരാത്തവർക്ക് മെയ്മാസത്തിൽ ചേരാവുന്നതാണ്. 12 രൂപയാണ് വാർഷിക പ്രീമിയം. 18 മുതൽ 72 വയസുവരെ അപകട മരണം സംഭവിച്ചാൽ 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റാൽ 1 ലക്ഷം രൂപയും ലഭിക്കും. എല്ലാ നാഷണലൈഡ്/ഷെഡ്യൂൾഡ് ബാങ്കുകളിലും മെയ് മാസത്തിൽ ഈ പദ്ധതിക്കായി ചേരാവുന്നതാണ്.
2. KEAM എൻട്രൻസിനും വിവിധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കു അഡ്മിഷനും +1 തലം മുതൽ സാമ്പത്തിക സംവരണം ലഭ്യമാണ്. ഇതിന്റെ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നുമാണ് വാങ്ങേണ്ടത്. സമുദായത്തിന്റെ പേര് എസ് എസ് എൽ സി ബുക്ക് പ്രകാരമാണ് ഇതിന്റെ സർട്ടിഫിക്കറ്റിൽ ചേർക്കേണ്ടത്.
3. സീറോമലബാർ സഭയിൽ ഉൾപ്പെട്ട നാടാർ ക്രിസ്ത്യൻസിനും ഒബിസി സംവരണം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ട്. ഇതുപ്രകാരം ഈ വിഭാഗത്തിൽപെട്ടവർക്ക് സർക്കാർ ജോലികളിലും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണം ലഭിക്കും.

**ബേബി വട്ടക്കര**
(അതിരൂപതാ കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(അതിരൂപതാ ഡയറക്ടർ)
6238214912

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

എക്കാലത്തും ചാസിന്റെ ശക്തി സ്രോതസായ പ്രാദേശിക ജനകീയ സംഘടനകൾ കഴിഞ്ഞ രണ്ടുവർഷക്കാലമായി ഏതാണ്ട് നിശ്ചലമായ ഒരു അവസ്ഥാവിശേഷത്തിലൂടെയാണ് കടന്നു പോയത്. നമ്മുടെ സ്വാശ്രയ സംഘങ്ങളുടെയും, മഹിളാസമാജങ്ങളുടെയും, കർഷക സംഘങ്ങളുടെയും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും, ഇടവകതല ചാസ് യൂണിറ്റുകളുടെയും, മേഖലാസമിതികളുടെയും പ്രവർത്തനങ്ങൾ സാധാരണ നിലയിലേയ്ക്ക് തിരിച്ചെത്തിക്കുവാനുള്ള ഒരു പരിശ്രമത്തിന്റെ ഭാഗമായാണ് ചാസിന്റെ കേന്ദ്ര ഓഫീസിൽ നിന്നും ഡയറക്ടറും അസിസ്റ്റന്റ് ഡയറക്ടറും പ്രോജക്ട് ഓഫീസറും അടങ്ങുന്ന ടീം അംഗങ്ങൾ, യൂണിറ്റ് സന്ദർശനവും മേഖലാ PME കളും സംഘടിപ്പിച്ച് പ്രാദേശിക നേതൃനിരയുമായി കൂടിക്കാഴ്ചകളും, ചർച്ചകളും അഭിപ്രായ രൂപീകരണവും നടത്തിയത്. വളരെ നല്ല ഒരു സഹകരണമാണ് എല്ലായിടത്തുനിന്നും ലഭിച്ചത്. അതിന്റെ വെളിച്ചത്തിൽ അടുത്ത ഒരു വർഷക്കാലത്തേക്കുള്ള പ്രവർത്തന പരിപാടികളുടെ രൂപരേഖ തയ്യാറാക്കി മുൻഗണനാടിസ്ഥാനത്തിൽ അവിടെ നടപ്പിലാക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഏപ്രിൽ മാസം അവസാനത്തോടുകൂടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്ത വിവരം ഏവർക്കും അറിവുള്ളതാണല്ലോ. ഇതിന്റെ ഭാഗമായി ചാസിന്റെ ജനകീയാടിത്തറ വിപുലമാക്കുവാനും ചാസിന്റെ പ്രവർത്തനങ്ങൾ കണ്ടുമനസ്സിലാക്കുവാനും മാതൃകയാക്കുവാനും ഉതകുന്ന ‘ചാസ് മാതൃകാ ഗ്രാമ’ ത്തിന് തുടക്കം കുറിക്കുന്നു. ആദ്യഘട്ടത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഒരു മേഖലയിൽ ഒരു ‘ചാസ് മാതൃകാ ഗ്രാമം’ ആണ് രൂപികരിക്കുവാൻ ആഗ്രഹിക്കുന്നത്. നമ്മുടെ പതിനഞ്ച് മേഖലകളിൽ ഈ വർഷം 15 മാതൃകാ ഗ്രാമങ്ങളാണ് രൂപീകരിക്കുന്നത്. ഒരു ഇടവകയിലെ ഒരു ചെറിയ പ്രദേശം തെരഞ്ഞെടുത്ത് അവിടെ ചാസിന്റെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കി ഒരു സ്വാശ്രയ ഗ്രാമം എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിലേയ്ക്ക് അവിടുത്തെ ജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് മാതൃകാ ഗ്രാമ നിർമ്മാണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. എല്ലാവരുടെയും നിർലോഭമായ സാഹായസഹകരണങ്ങൾ നൽകി ഈ സംരംഭത്തെ വിജയിപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

## കേന്ദ്രവാർത്തകൾ

### ഫുഡ് കിറ്റ് വിതരണം

കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റേയും എയ്ഡ് റ്റു ചർച്ച് ഇൻ

നീഡ്, ACN ഇന്റർനാഷണലിന്റേയും സഹായ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ ചമ്പക്കുളം പുളിംകുന്ന് എടത്വാ മേഖലകളിലെ കാൻസർ, വൃക്ക രോഗികൾക്ക് മാമ്പുഴക്കരി ക്രിസ് സെന്ററിൽ വച്ച് ഏപ്രിൽ 4 ന് ഫുഡ് കിറ്റ് വിതരണം നടത്തി. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ശ്രീ. ലാലിച്ചൻ മര്യാലയം, മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീമതി ആൻസി ലോനിച്ചൻ, ശ്രീ. എൻ.ഐ. തോമസ് എന്നിവർ പ്രസംഗിച്ചു. 250 കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു.

## വിഷരഹിത പച്ചക്കറി വിളവെടുപ്പ്

മുഹമ്മ 'ചാസ് ഹരിതാ ഫാർമേഴ്സ് ക്ലബ്' കായിപ്പുറത്ത് നടത്തിയ ജൈവ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം ഏപ്രിൽ 2 ന് ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു. മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സ്വപ്നാ ഷാബു അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ പരുവപ്പറമ്പിൽ, ഹരിതാ ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് ശ്രീ. തങ്കച്ചൻ പുല്ലംപാറ, സെക്രട്ടറി എ.ഒ. ജോയി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. എൻ.ടി. റെജി, ശ്രീ. എ. വി. തോമസ് അടയ്ക്കാശ്ശേരി, ശ്രീ. വർഗ്ഗീസ് നടുച്ചിറയിൽ, എന്നിവർ പ്രസംഗിച്ചു. വെണ്ട, കുക്കുംബർ, പച്ചമുളക്, തക്കാളി, കാന്താരി, ചീര, പയർ, വഴുതന, പാവൽ, പടവലം, പീച്ചിൽ, തണ്ണിമത്തൻ, വെള്ളരി, ചേന എന്നിവയാണ് കൃഷി ചെയ്തത്. ആലപ്പുഴ തണ്ണീർമുക്കം റോഡരികിൽ കഴിഞ്ഞ പത്ത് വർഷമായി തരിശ് കിടന്ന ഒരേക്കർ പുരയിടത്തിലാണ് കൃഷി ഇറക്കിയത്.

## CHASS-Annual Planning and Evaluation

ചാസിന്റെ 2021–22 കാലയളവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2022–23 സാമ്പത്തിക വർഷത്തെ പദ്ധതി രൂപരേഖയും ബഡ്ജറ്റും തയ്യാറാക്കുന്നതിനും വേണ്ടി കൊടുപ്പുന്ന വിജയമാതാ ഓഡിറ്റോറിയത്തിൽ ഏപ്രിൽ 05, 06 തീയതികളിൽ CHASS-Annual Planning and Evaluation സംഘടിപ്പിച്ചു. സംഘം, യൂണിറ്റ്, മേഖലാതലത്തിൽ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി അടുത്ത വർഷത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അസി. ഡയറക്ടർമാരായ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ഫാ. ജോർജ്ജ് പനക്കേഴം, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ നേതൃത്വം നൽകി.

## പരിശീലന പരിപാടി

ചാസ് മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ നിക്ഷേപസമാഹരണം സുതാര്യവും സുഗമവുമാക്കുന്നതിനായി കളക്ഷൻ മെഷീൻ ഉപയോഗിച്ച് നിക്ഷേപം സ്വീകരിക്കുന്നതിന് കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമ്മാർക്ക് ഏപ്രിൽ 21 ന് ചാസ് കോൺഫ്രൻസ് ഹാളിൽ വച്ച് പരിശീലനം നൽകി. മെഷീന്റെ പ്രവർത്തനരീതി ശ്രീ. പ്രവീൺ റ്റി. കെ. വിശദീകരിച്ചു. ആദ്യഘട്ടത്തിൽ ആവശ്യമുള്ള യൂണിറ്റുകൾക്ക് 30 കളക്ഷൻ മെഷീൻ വിതരണം ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ എന്നിവർ മെഷീൻ ഉപയോഗിക്കുന്നതുകൊണ്ട് യൂണിറ്റ് ഭാരവാഹികൾക്കും

കമ്മ്യൂണിറ്റി ഓർഗ്ഗനൈസർക്കും ഉണ്ടാകുന്ന ജോലി ലഘൂകരണവും കൃത്യതയും, നിക്ഷേപകർക്ക് ഉണ്ടാകുന്ന വിശ്വസ്തതയും വിശദീകരിച്ചു. യൂണിറ്റ് ഭാരവാഹികളും പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി

ചാസിന്റെ സാമൂഹിക സുരക്ഷാസഹായ പദ്ധതികൾ വഴി (2022 ഏപ്രിൽ) ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** 10,000/- രൂപ വീതം രണ്ട് കുടുംബങ്ങൾക്ക് Rs. 20,000/- നൽകി (2022 ഏപ്രിൽ)

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 575. നളിനി റ്റി. | ജൂബിലി | പുതുക്കരി | എടത്വാ |
| 576. ബീനാ എബ്രഹാം | അൽഫോൻസാ | കൈനകരി | ആലപ്പുഴ |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം** (2022 ഏപ്രിൽ)

- മരണാനന്തരസഹായം (10000/- രൂപ വീതം 17 കുടുംബങ്ങൾക്ക് Rs. 1,70, 000/- നൽകി)

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 694. അന്നമ്മ ചാക്കോ വെട്ടിക്കപ്പുഴയിൽ | ചേപ്പുംപാറ | കോട്ടയം |
| 695. കുഞ്ഞമ്മ ചാക്കോ ഒറ്റാറയ്ക്കൽ | മരിയാപുരം | എടത്വാ |
| 696. ത്രേസ്യാമ്മ ചാക്കോ കോച്ചേരിൽ | ഇത്തിത്താനം | തുരുത്തി |
| 697. ജോസഫ് വർഗീസ് വടക്കേപറമ്പ് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 698. അബ്ദുൾ മജീദ് വേങ്ങവിള | ഫിൽഗിരി | കൊല്ലം |
| 699. രമണി ആർ. നായർ | ചമ്പക്കര | നെടുംകുന്നം |
| 700. പി.ജെ. ചാക്കോ പന്നപ്പാറ | ആർപ്പൂക്കര | കുടമാളൂർ |
| 701. എബ്രഹാം ജോസഫ് പുതുശ്ശേരി | ചമ്പക്കുളം | ചമ്പക്കുളം |
| 702. ജോസഫ് റ്റി. റോഷൻവില്ല | പൊങ്ങ | ചമ്പക്കുളം |
| 703. സി. ജോസഫ് ഉള്ളംപള്ളിൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 704. സെൽവൻ | മായം | അമ്പൂരി |
| 705. ത്രേസ്യാമ്മ ജോർജ്ജ് മീൻപള്ളിൽ | മായം | അമ്പൂരി |
| 706. എബ്രഹാം പുതുപ്പറമ്പിൽ | അമ്പലപ്പുഴ | എടത്വാ |
| 707. വർഗീസ് ദേവസ്യ കുന്നുംപുറത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 708. സി.റ്റി. സെബാസ്റ്റ്യൻ, ചിറ്റാലുംമൂട് | നാലുകോടി | തൃക്കൊടിത്താനം |
| 709. ത്രേസ്യാക്കുട്ടി ജോസഫ്, കണ്ടംപറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 710. തോമസ് ജോൺ, വള്ളിയാംപറമ്പിൽ | ഐക്കരച്ചിറ | കുടമാളൂർ |

**(3) സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലൂടെ ചാസിന്റെ എട്ട് മേഖലകളിലായി നടപ്പിലാക്കിവരുന്ന ശൗചാലയ നിർമ്മാണ പദ്ധതിപ്രകാരം ഏപ്രിൽ മാസം 28 കുടുംബങ്ങൾക്ക് ആദ്യഗഡുവായി 7,00,000/- രൂപ അനുവദിച്ചു. 200 കുടുംബങ്ങളെയാണ് ശൗചാലയ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്നത്.

## മേഖലാ വാർത്തകൾ

### സ്വാശ്രയസംഘ സംഗമവും ബോധവത്ക്കരണ ക്ലാസും

പൊടിപ്പാറ യൂണിറ്റിൽ മാർച്ച് 26 ന് സ്വാശ്രയസംഘ സംഗമവും ബോധവത്ക്കരണ ക്ലാസും ഹോളി ഫാമിലി പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. 'സ്ത്രീ ശാക്തീകരണ'ത്തെക്കുറിച്ച് ചിങ്ങവനം പോലീസ് സ്റ്റേഷനിലെ CPO ശ്രീ. മണികണ്ഠനും, സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് ശ്രീ സോജൻ തോമസും ക്ലാസ് നയിച്ചു. 85 അംഗങ്ങൾ പങ്കെടുത്തു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബോബിനാ തോമസ് നേതൃത്വം നൽകി.

### യൂണിറ്റ് വാർഷികം

മുട്ടാർ ഓൾഡ് യൂണിറ്റ് വാർഷികം മാർച്ച് 27 ന് സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൽ ചേപ്പില അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും പുതിയ യൂണിറ്റ് ഭാരവാഹികളെയും, 2020-21 കാലയളവിൽ 10, 12 ക്ലാസുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികളെയും അനുമോദിക്കുകയും ചെയ്തു. അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, യൂണിറ്റ് അസി. വികാരി റവ. ഫാ. ജിൻസ് കോടിക്കുളം, കർഷകസമിതി പ്രസിഡന്റ് ശ്രീ. തോമസുകുട്ടി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ പ്രസംഗിച്ചു.

### ജെ.എൽ.ജി. രൂപീകരിച്ചു

വെളിയനാട് യൂണിറ്റിൽ 'നെൽകർഷക' എന്ന പേരിൽ ഏപ്രിൽ 2 ന് ഒരു പുതിയ ജെ.എൽ.ജി. രൂപീകരിച്ചു. മേഖലാ കോ -ഓർഡിനേറ്റർ ശ്രീ. എൻ. ഐ. തോമസ് ജെ.എൽ.ജി. യുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോബ് മാത്യു കന്യാക്കോണിൽ, സെക്രട്ടറി ശ്രീമതി റ്റിൻസി ജോസഫ് പൂച്ചാലിക്കളം എന്നിവർ പ്രസംഗിച്ചു.

### കൂവപ്പൊടി സംസ്ക്കരണ പരിശീലനം

കാഞ്ഞിരപ്പള്ളി നല്ലസമരിയാക്കാരൻ ആശ്രമത്തിൽ വച്ച് ഏപ്രിൽ 2 ന് റവ. ഫാ. റോയി മാത്യു വടക്കേലിന്റെ നേതൃത്വത്തിൽ നടത്തിയ കൂവപ്പൊടി സംസ്ക്കരണ പരിശീലന പരിപാടിയിൽ ചാസ് മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീമതി സജി ഷാജി, ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ പങ്കെടുത്തു.

### സർട്ടിഫിക്കറ്റ് വിതരണം

മുണ്ടുപാലം യൂണിറ്റിൽ നടത്തിവന്നിരുന്ന 'സഞ്ചാരി' തയ്യൽ പരിശീലനം ഏപ്രിൽ 8 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പരിശീലനം പൂർത്തിയാക്കിയ വനിതകൾക്ക് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### ചാസ് 'മാതൃകാഗ്രാമം' പദ്ധതി

ആലപ്പുഴ മേഖലയിൽ പള്ളാത്തുരുത്തി യൂണിറ്റിൽ 'ചാസ് മാതൃകാഗ്രാമം'

ഏപ്രിൽ 4 ന് ആരംഭം കുറിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്രയുടെ അദ്ധ്യക്ഷതയിൽ പള്ളി അങ്കണത്തിൽ വച്ച് 'ചാസ് മാതൃകാ ഗ്രാമം' പദ്ധതിയെക്കുറിച്ച് ചാസ് മാതൃകാഗ്രാമം ടീം അംഗങ്ങളായ ശ്രീമതി സജി ഷാജി, ശ്രീമതി ബിന്ദു തോമസ്, ശ്രീമതി ലിസി വർഗീസ്, ശ്രീ. ഡി. ജോസഫ് എന്നിവർ അവബോധം നൽകി. മേഖലാ സെക്രട്ടറി ശ്രീ. ജോഷി പാറശ്ശേരി, യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.ജെ. തോമസ്, സെക്രട്ടറി ശ്രീ. കുട്ടപ്പൻ എന്നിവർ നേതൃത്വം കൊടുത്തു. തുടന്ന് മാതൃകാഗ്രാമമായി പള്ളാത്തുരുത്തി പള്ളിയുടെ വടക്കുവശം കൈനകരി ഗ്രാമപഞ്ചായത്തിലെ പത്താം വാർഡി ലെയും പന്ത്രണ്ടാം വാർഡിലേയും 125 കുടുംബങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തെ തെരഞ്ഞെടുക്കുകയും ചെയ്തു.

തൃക്കൊടിത്താനം മേഖലയിലെ ചാഞ്ഞോടി യൂണിറ്റിൽ ഏപ്രിൽ 9 ന് 'ചാസ് മാതൃകാഗ്രാമം' ആരംഭം കുറിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. എൻ. വി. ജോസഫ് നടുക്കേതിൽ അദ്ധ്യക്ഷത വഹിച്ചു. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി മേഴ്സി റോയി വാർഡിൽ നടപ്പിലാക്കാൻ പറ്റുന്ന പഞ്ചായത്തുതല പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. 'ചാസ് മാതൃകാഗ്രാമം' ടീം അംഗങ്ങളായ ശ്രീമതി അൽഫോൻസാ വർഗീസ്, ശ്രീ. ബിനു ജോസഫ്, ശ്രീ. എൻ.ഐ. തോമസ്, ശ്രീമതി ബോബിനാ തോമസ് എന്നിവർ മാതൃകാഗ്രാമ നടത്തിപ്പിനെ ക്കുറിച്ച് വിശദീകരിച്ചു. യൂണിറ്റ് സെക്രട്ടറി. ശ്രീ. മാത്തുക്കുട്ടി വല്ലയിൽ, വൈസ് പ്രസിഡന്റ് ശ്രീമതി ആൻസമ്മ ജോസഫ് എന്നിവർ നേതൃത്വം നൽകി. 'ചാസ് മാതൃകാഗ്രാമ'മായി തെരഞ്ഞെടുത്ത 12-ാം വർഡിലെ പ്രദേശം സന്ദർശിച്ചു.

എടത്വാ മേഖലയുടെ 'മാതൃകാഗ്രാമം' പദ്ധതിക്കു വേണ്ടി മുട്ടാർ ഓൾഡ് യൂണിറ്റിലെ 'സൗഹൃദ' സ്വാശ്രയസംഘത്തെ തെരഞ്ഞെടുത്തു. ചാസ് കേന്ദ്ര ഓഫീസിന്റെയും ലോക്കൽ യൂണിറ്റിന്റെയും പിന്തുണയോടുകൂടി മുട്ടാർ 4, 8 വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള 'മാതൃകാഗ്രാമം' പദ്ധതിയുടെ അവലോ കനയോഗം ഏപ്രിൽ 11 ന് മുട്ടാർ യൂണിറ്റിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൽ ചേപ്പില, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ചാസ് മാതൃകാഗ്രാമം ടീം അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## ചാസ് മാതൃകാ ഗ്രാമം രണ്ടാം ഘട്ടം

ആലപ്പുഴ മേഖലയിൽ നിന്നും കൈനകരി ഗ്രാമപഞ്ചായത്തിലെ 10, 12 വാർഡുകളിലെ 125 കുടുംബങ്ങളാണ് 'ചാസ് മാതൃകാ ഗ്രാമം' പദ്ധതിയിൽ ഉള്ളത്. ഏപ്രിൽ 11-ാം തീയതി ഈ പ്രദേശത്തെ 4 സ്വാശ്രയ സംഘങ്ങളിലെ ഭാരവാഹികളുമായി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയ റക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ എന്നിവർ ചാസ് മാതൃകാഗ്രാമം എന്താണെന്നും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദീക രിച്ചു. ചാസ് മാതൃകാഗ്രാമം ടീം അംഗങ്ങൾ പങ്കാളികളായിരുന്നു.

## സൗജന്യ കാൻസർ നിർണ്ണയ ക്യാമ്പ്

പള്ളാത്തുരുത്തി സെന്റ് തോമസ് യൂണിറ്റിന്റെയും തിരുവല്ല പുഷ്പഗിരി മെഡി ക്കൽ കോളേജ് ആശുപത്രിയുടെയും നേതൃത്വത്തിൽ ഏപ്രിൽ 13 ബുധനാഴ്ച രാവിലെ 9.30 ന് സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് സൗജന്യ കാൻസർ

നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിൻസി ജോളി ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. കൈനകരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി പ്രസീദ മിനിൽകുമാർ, പഞ്ചായത്ത് മെമ്പർ ശ്രീ. ഡി. ലോനപ്പൻ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. സന്തോഷ് പട്ടണം, യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.എ. തോമസ്, മേഖലാ സെക്രട്ടറി ശ്രീ. ജോഷി പാറശ്ശേരി, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ഡി. ജോസഫ് എന്നിവർ പ്രസംഗിച്ചു. തൈറോയ്ഡ് എക്സാമിനേഷൻ, തൈറോയിഡ് ബ്രസ്റ്റ് സ്കാനിംഗ്, ബ്രസ്റ്റ് വെൽസ്കോപ്പ് എക്സാമിനേഷൻ എന്നീ പരിശോധനകൾ ക്യാമ്പിൽ വച്ച് നടത്തി. രോഗ സംശയമുള്ളവർക്ക് Mammogram, Papsmear, Thyroid Ultrasound, Oral punch biopsy എന്നീ പരിശോധനകൾ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗജന്യ പരിശോധന നടത്തുന്നതാണ്.

### മരച്ചീനി കൃഷി ആരംഭിച്ചു

ഏറ്റുമാനൂർ ഹരിതാ ഫാർമേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ 'ക്രൈസ്റ്റ്' പുരുഷ സ്വാശ്രയസംഘാംഗങ്ങൾ ഏപ്രിൽ 12 ന് പുല്ലാട്ടുകാല പ്രദേശത്ത് ഒരേക്കർ സ്ഥലത്ത് മരച്ചീനി കൃഷി ആരംഭിച്ചു.

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | യൂണിറ്റ് | സംഘം | അംഗങ്ങൾ |
|---|---|---|---|
| 20.04.2022 | സെന്റ് തെരേസാസ്, കാവാലം | കൊച്ചുത്രേസ്യ | 20 |


# ഈശോ കൃപാനുഭവധ്യാനം

**തിരുവനന്തപുരം വെഞ്ഞാറമ്മൂട്, അമല പാസ്റ്ററൽ & റിട്രീറ്റ് സെന്ററിൽ**

**മെയ് 22 ഞായർ വൈകുന്നേരം 5 മണി മുതൽ**
**മെയ് 26 വ്യാഴം 2 മണി വരെ**

## ഏകദിന വചനശുശ്രൂഷ

**മെയ് 6 വെള്ളി 10 am മുതൽ 3 pm വരെ**

**• വചന പ്രഘോഷണം • പരി. കുർബാന • ദിവ്യകാരുണ്യ ആരാധന**
**• കുമ്പസാരത്തിനും • കൗൺസിലിംഗിനും സൗകര്യം**

*ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.*

*മെയ് 4 ബുധൻ രാവിലെ 10 മണി മുതൽ അഖണ്ഡജപമാല*

**Fr. Mathew (Joshy) Madathilparambil**
**9072264770**

## കളർ എ ഹോം ഭവന നിർമ്മാണ പദ്ധതി

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2021 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2022 ഏപ്രിൽ 23 വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) തുടർച്ച

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 130 | മായം | 29500 | 11800 |
| 131 | ഇരവുചിറ | 119450 | 47780 |
| 132 | പാറേൽ | 499831 | 199932 |
| 133 | വള്ളംചിറ | 22990 | 9196 |
| 134 | ഇത്തിത്താനം | 370030 | 148012 |
| 135 | ശ്രീകാര്യം | 120400 | 48160 |
| 136 | അതിരമ്പുഴ - ലിസ്യൂ | 76890 | 30756 |
| 137 | നർബോനപുരം | 123000 | 49200 |
| 138 | മനക്കച്ചിറ | 48800 | 19520 |
| 139 | കായൽപുറം - സെന്റ് ജോസഫ്സ് | 64200 | 25690 |
| 140 | കൊല്ലം | 124900 | 49960 |
| 141 | ചുങ്കപ്പാറ | 53730 | 21493 |
| 142 | കിടങ്ങറ | 72000 | 28800 |
| 143 | പുതുപ്പള്ളി | 119950 | 50000 |
| 144 | തിരുമല | 64350 | 25740 |
| 145 | മണ്ണഞ്ചേരി | 52650 | 21060 |
| 146 | മാമ്പുഴക്കരി | 53870 | 21548 |
| 147 | കുമരകം - നസ്രത്ത് | 100620 | 40000 |
| 148 | ആർപ്പൂക്കര | 112000 | 44800 |
| 149 | മല്ലപ്പള്ളി | 34150 | 13650 |
| 150 | നെടുമണ്ണി | 141150 | 56460 |
| 151 | ആര്യങ്കാവ് | 41135 | 16454 |
| 152 | പയറ്റുപാക്ക | 8600 | 3440 |
| 153 | പേരൂർക്കട | 225500 | 90200 |
| 154 | മുടിയൂർക്കര | 296925 | 118770 |
| 155 | അതിരമ്പുഴ | 933432 | 373373 |
| 156 | അരുവിക്കുഴി | 128340 | 51336 |
| 157 | കുളത്തൂർ | 70000 | 28000 |

*ശേഷം പേജ് 63 ൽ.....»*

## സെന്റ് തോമസ് ഹോസ്പിറ്റൽ

### പീഡാനുഭവ വാരാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പീഡാനുഭവ വാരാചരണം ഭക്തിപൂർവ്വം സംഘടിപ്പിച്ചു. ഓശാന ഞായറാഴ്ച സാന്തോം ഓഡിറ്റോറിയത്തിൽ കുരുത്തോല വെഞ്ചരിപ്പ് നടത്തി. നഴ്സിംഗ് കോളേജിൽ നിന്ന് പ്രദക്ഷിണമായി ഹോസ്പിറ്റൽ ചാപ്പലിൽ എത്തിച്ചേർന്ന് വി. കുർബാന അർപ്പിച്ചു. പെസഹാ വ്യാഴാഴ്ച വി. കുർബാനയും കാലുകഴുകൽ ശുശ്രൂഷയും അപ്പം മുറിക്കലും ഉണ്ടായിരുന്നു. പീഡാനുഭവ തിരുക്കർമ്മങ്ങൾ ദുഃഖ വെള്ളിയാഴ്ചയും ഉയർപ്പ് ഞായറാഴ്ച വി. കുർബാനയും പ്രത്യേക പ്രാർത്ഥനകളും നടത്തി. വാരാചരണ പരിപാടികൾക്ക് ഡയറക്ടർ ഫാ. തോമസ് മംഗലത്ത്, അസി. ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത്, ഫാ. ജോഷി മുപ്പതിൽചിറ, ഫാ. തോമസ് പുതിയിടം എന്നിവർ നേതൃത്വം നല്കി.

### വിരൽത്തുമ്പിൽ ലാബ് റിസൽട്ട്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ലബോറട്ടറിയുടെ നേതൃത്വത്തിൽ വിരൽത്തുമ്പിൽ ലാബ് റിസൽട്ട് പദ്ധതിക്ക് വേൾഡ് ലാബോറട്ടറി ദിനത്തിൽ തുടക്കം കുറിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ലബോറട്ടറിയിൽ പരിശോധനക്കെത്തുന്നവർക്ക് ഇനി മുതൽ മിനിറ്റുകൾക്കുള്ളിൽ റിസൽട്ട് ഓൺലൈനായി ലഭിക്കും. പ്ലേസ്റ്റോറിലെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ആപ്ലിക്കേഷനിൽ നിന്ന് ലാബ് റിസൽട്ട് ഡൗൺലോഡ് ചെയ്തെടുക്കാനുള്ള സംവിധാനവും ഉണ്ട്. കൃത്യതയും സൂഷ്മതയും സ്വകാര്യതയും പരമാവധി നിലനിർത്തിക്കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയതെന്ന് പരിപാടിയിൽ ഉദ്ഘാടനം ചെയ്ത് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത് അറിയിച്ചു. ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ ലബോറട്ടറിയിൽ പരിശോധനക്കായി എത്തുന്നവർക്ക് NO Q പദ്ധതിയായ ഹാപ്പി അവേഴ്സും തുടങ്ങി. ദിനാചരണ പരിപാടികൾക്ക് അസി. ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത്, ഫാ. ജോഷി മുപ്പതിൽചിറ, ജനറൽ മാനേജർ എം. ജെ. അപ്രേം, സി. മെറീന എസ്.ഡി., പോൾ മാത്യു, ലബോറട്ടറി മാനേജർ സി. ഷാർലെറ്റ് ഒ.എസ്.എസ്., അസി. മാനേജർ പ്രവീണ പി., ഡോ. ഹന അബ്ദുൾ കരിം, ഡോ. ശ്രുതി തോമസ്, ഫ്രിനി പി. ഫ്രാൻസിസ് എന്നിവർ നേതൃത്വം നൽകി. കൂടുതൽ അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 0481 2747857, 2722100.

### ഓങ്കോളജി ഡിപ്പാർട്ടുമെന്റിൽ പുതിയ ഡോക്ടർ

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഓങ്കോളജി ഡിപ്പാർട്ടുമെന്റിൽ ഡോ. റോസ് മരിയ ജോണിന്റെ സേവനം എല്ലാ ദിവസവും രാവിലെ ഒൻപത് മുതൽ ലഭ്യമാണ്. ക്യാൻസർ സംബന്ധമായ എല്ലാവിധ കൺസൾട്ടേഷനും സൗകര്യം ഉണ്ടായിരിക്കും. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ കീമോ തെറാപ്പിക്കുള്ള സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0481 2722100 എന്ന നമ്പരിൽ ബന്ധപ്പെടണമെന്ന് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത് അറിയിച്ചു.

## സൗജന്യ ശ്വാസകോശ രോഗ നിർണ്ണയ ക്യാമ്പ്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ഡിപ്പാർട്ടുമെന്റ് ഓഫ് പൾമനോളജിയുടെ നേതൃത്വത്തിൽ ഏപ്രിൽ 25 മുതൽ 29-ാം തീയതി വരെ രാവിലെ 09.00 മുതൽ വൈകുന്നേരം 5.00 വരെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. രാവിലെ 9 ന് ഓ.പി.യിൽ ചങ്ങനാശേരി പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ റിച്ചാർഡ് വർഗ്ഗീസ് മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ക്യാമ്പിന് ഡോ. ജെയിൻ ജോർജ് MBBS, MD നേതൃത്വം നല്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ കൺസട്ടേഷൻ, ലാബ് ടെസ്റ്റുകൾ, സ്കാനിങ്, എക്സറേ, ബ്രോൻകോസ്കോപ്പി, തൊറാക്കോസ്കോപ്പി, പ്ലൂറൽ ടാപ്പിങ് എന്നിവയ്ക്ക് 25% ഡിസ്കൗണ്ടും പി.എഫ്.റ്റിക്ക് 50% ഡിസ്കൗണ്ട് നൽകി. ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് പുറമെ പോസ്റ്റ് കോവിഡ് ശ്വാസകോശ സങ്കീർണ്ണതകൾക്കുള്ള ചികിത്സകൾക്കും ചെത്തിപ്പുഴ ആശുപത്രിൽ സൗകര്യമുണ്ട്. ഡിപ്പാർട്ടുമെന്റ് ഓഫ് പൾമനോളജിയിൽ ഡോ. ദിലീപ്കുമാർ ജി. MBBS, BAMS, DTCD, DNB, ഡോ. സോമനാഥൻ കെ. BSc, MBBS, DTC, DM, MBA, PG DHM എന്നിവരുടെ സേവനവും ലഭ്യമാണ്. ഓരോ ദിവസവും മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്.

## പുതുതായി ചുമതലയേറ്റു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ കൺസൾട്ടന്റ് യൂറോളജിസ്റ്റായി ഡോ. മഹേഷ് കൃഷ്ണസ്വാമിയും കൺസൾട്ടന്റ് ഗ്ലാസ്ട്രോളജിസ്റ്റായി ഡോ. അനൂപ് എസ്. നായരും കൺസൾട്ടന്റ് റേഡിയോളജിസ്റ്റ് ഡോ. ജെ. കൃഷ്ണപ്രിയ രാജുവും കൺസൾട്ടന്റ് അനസ്ത്യസ്റ്റിസായി ഡോ. ചിഞ്ചു റോസ് സ്റ്റെബിയും ചുമതലയേറ്റു.

**ഫാ. ജയിംസ് പി. കുന്നത്ത്**
**ഫാ. ജോഷി മുപ്പതിൽചിറ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് മംഗലത്ത്**
(ഡയറക്ടർ)

# സഹൃദയ ഹോസ്പിറ്റൽ

## ലോകരോഗ്യ ദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു

ഏപ്രിൽ 7 ലോകാരോഗ്യ ദിനത്തിൽ സഹൃദ ആശുപത്രിയിലെത്തിയ എല്ലാവർക്കും സൗജന്യമായി ബി.പി., പ്രമേഹ പരിശോധനകൾ നടത്തി. ഡയറ്ററി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഡയറ്റ് കൗൺസിലിങ്ങും ആരോഗ്യകരമായ ഭക്ഷണങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചു.

## അസ്ഥിരോഗ വിഭാഗത്തിന് പുതിയ യൂണിറ്റ് തുടങ്ങി

സഹൃദയ അസ്ഥിരോഗ വിഭാഗത്തിന്റെ രണ്ടാം യൂണിറ്റിന്റെ പ്രവർത്തനം 2022 ഏപ്രിൽ 18 ന് പ്രവർത്തനം ആരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രസ്തുത വിഭാഗത്തിൽ എല്ലാവിധ സന്ധി മാറ്റിവെക്കൽ ശസ്ത്രക്രിയകളും, സ്പോർട്ട്സ് സംബന്ധമായ ഇൻജുറികൾ, മറ്റ് അസ്ഥി സംബന്ധമായ അസുഖങ്ങൾക്കും വിദഗ്ധ ചികിത്സ ലഭിക്കും. ഓ.പി. സമയം വൈകുന്നേരം 4.30 മുതൽ 7.30 വരെയാണ്.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളെ,

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ അനുസ്മരണത്തിന്റെ പ്രാർത്ഥനകളും ആശംസകളും. കെ. റെയിൽ നടപ്പിലാക്കുന്ന സിൽവർ ലൈൻ പദ്ധതിയിൽ ഇരകളാക്കപ്പെടുന്ന ജനങ്ങളുടെ വേദനയിൽ അവരോടൊപ്പം നിൽക്കുന്ന അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ നിലപാടുകൾക്ക് പ്രവാസി അപ്പോസ്തലേറ്റ് ശക്തമായ പിന്തുണ അറിയിച്ചു. സിനഡാലിറ്റിയെക്കുറിച്ചുള്ള ചർച്ചകൾക്കായി നാഷണൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ ജി.സി.സി. എക്സിക്യൂട്ടീവ് അംഗം ശ്രീ. ബിജു ഡൊമിനിക് ക്ലാസ് നയിക്കുകയുണ്ടായി. പ്രവാസി അപ്പോസ്തലേറ്റിന്റെ ഗ്ലോബൽ കോർഡിനേറ്റർ ശ്രീ. ജോ കാവാലവും സെക്രട്ടറി ശ്രീ. രാജേഷ് ജോർജ് കൂത്രപ്പള്ളിയും ഓഫീസ് സന്ദർശനം നടത്തി. ബോർഡ് എക്സാമിനു മുന്നോടിയായി പരീക്ഷാ ഒരുക്ക ശുശ്രൂഷ നടത്തി. ബഹു. ഫാ. ജോസ് ഈറ്റോലിൽ ക്ലാസും ബഹു. ഫാ. ആന്റണി കാച്ചാംകോട് പ്രാർത്ഥനയും യഥാക്രമം നയിക്കുകയുണ്ടായി. വിശുദ്ധവാരത്തോടനുബന്ധിച്ച് അരമനചാപ്പലിൽ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് അർപ്പിച്ച ദിവ്യബലിയിൽ ഓഫീസിൽനിന്നും സ്റ്റാഫംഗങ്ങൾ പങ്കെടുത്തു. സർക്കാരിന്റെ മദ്യനയത്തിനെതിരായി അരമനകാര്യാലയം സംഘടിപ്പിച്ച പ്രതിഷേധയോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളും ഡയറക്ടറച്ചന്മാരും പങ്കെടുത്തു. എല്ലാ രാജ്യങ്ങളിലെയും പ്രവാസികളെ ഉൾപ്പെടുത്തി വി. കുരിശിന്റെ വഴി നടത്തുകയും 14 രാജ്യങ്ങളിലുള്ളവർ അതിന് നേതൃത്വം വഹിക്കുകയും ചെയ്തു. പെസഹാ, ദുഃഖവെള്ളി, ഈസ്റ്റർ ദിനങ്ങളുടെ പ്രാർത്ഥനകളും ആശംസകളും ഓൺലൈൻ മീഡിയ വഴി കൈമാറി. സിനഡ് 2021-2023 ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി എന്ന വിഷയത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളിൽനിന്നും റിപ്പോർട്ടു തയ്യാറാക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി അസി. ഡയറക്ടർ റവ. ഫാ. ജിജോ മാറാട്ടുകളം ക്ലാസ് നയിച്ചു. അഭിവന്ദ്യ തോമസ് തറയിൽ പിതാവ് മെത്രാഭിഷിക്തനായതിന്റെ 5-ാം വാർഷികത്തിന് പ്രാർത്ഥനകളും ആശംസകളും അറിയിച്ചു.

### അനുശോചനം

പ്രവാസി അപ്പോസ്തലേറ്റ് കുവൈറ്റ് ചാപ്റ്റർ അംഗമായ വടക്കേക്കര മാളിയേക്കൽ മോനു ആന്റണിയുടെ ആകസ്മിക നിര്യാണത്തിൽ ഭവനം സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.

### മീറ്റിംഗുകൾ

അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗും നാഷണൽ എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തുകയുണ്ടായി.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

ഈശോയിൽ പ്രിയപ്പെട്ടവരെ,

മെയ് ദിനം തൊഴിലാളിദിനത്തിന്റെ ആശംസകൾ എല്ലാ പ്രിയപ്പെട്ടവർക്കും നേരുന്നു. ഏപ്രിൽ 3-ാം തീയതി സംഘടിച്ചു. നേതൃസംഗമം മനോഹരമായി നടത്തപ്പെട്ടു. രണ്ടുവർഷത്തെ കോവിഡിനുശേഷം ആദ്യമായി നടത്തപ്പെട്ട ഈ സമ്മേളനം വൻ ജനാവലികൊണ്ട് ശ്രദ്ധേയമായി. എല്ലാവർക്കും അഭിനന്ദനങ്ങൾ! മെയ്ദിനത്തിനു മുന്നോടിയായി എല്ലാ യൂണിറ്റുകളിലും പതാക ദിനം ഭംഗിയായി നടത്തപ്പെട്ടു. കൂടുതൽ ആവേശത്തോടെ ഒരേ മനസ്സോടെ ദൈവത്തിൽ ആശ്രയിച്ച് നമുക്ക് മുന്നേറാം.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

## നേതൃസംഗമം

ഏപ്രിൽ 3-ാം തീയതി ചങ്ങനാശേരി കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് നേതൃസംഗമം നടത്തപ്പെടുന്നു. അതിരൂപത വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, കെ.എൽ.എം സ്റ്റേറ്റ് ജനറൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു, അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, കത്തീഡ്രൽ വികാരി വെരി റവ.ഫാ. ജോസ് കൊച്ചുപറമ്പിൽ കത്തീഡ്രൽ യൂണിറ്റ് ഡയറക്ടർ ഫാ. അലൻ വെട്ടുകുഴിയിൽ എന്നിവർ പ്രസംഗിച്ചു

## ക്ഷേമനിധി അംഗത്വം

അർച്ചനാ വിമെൻസ് സെന്റർ, വെട്ടിമുകളിലുള്ള തയ്യൽ തൊഴിലാളി, അസംഘടിത തൊഴിലാളി ക്ഷേമനിധികളിൽ അൻപത് അംഗങ്ങളെ ചേർക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചു.

## നാല്പാതാം വെള്ളി ആചരണം പുതുജീവനിൽ

ചാഞ്ഞോടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നാലുകോടി പുതുജീവൻ സന്ദർശിക്കുകയും, ഉച്ചഭക്ഷണം നല്കുകയും ചെയ്തു. അതിരൂപത ഡയറക്ടർ റവ. ഫാ. ജോൺ വടക്കേക്കളം, വികാരി റവ.ഫാ. തോമസ് വാഴപ്പറമ്പിൽ, പുതുജീവൻ ഡയറക്ടർ റവ.ഫാ. ജോമോൻ കടപ്രാക്കുന്നിൽ, കെ.എൽ.എം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## കുട്ടനാട് സന്ദർശനം

വേനൽ മഴമൂലം കൃഷി നശിച്ച പാടങ്ങൾ സന്ദർശിക്കുകയും കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ഫലപ്രദമായി നടപടികൾ കൈക്കൊള്ളുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, കെ.എൽ.എം സ്റ്റെറ്റ് സെക്രട്ടറി ശ്രീ. സണ്ണി അഞ്ചിൽ അതിരൂപത സമിതിയംഗങ്ങളായ ശ്രീ. ജോളി നാൽപതാംകളം, ശ്രീ. ജോജൻ ചക്കാലയിൽ, ജോണി കൈനടി എന്നിവർ സന്ദർശനം നടത്തി.

*ശേഷം പേജ് 66 ൽ.....»*

# കത്തോലിക്കാ കോൺഗ്രസ്
## AKCC

സ്നേഹിതരെ,

സംഘടനയുടെ നൂറ്റിനാലാമത് വാർഷികവും അതിനോടനുബന്ധിച്ചുള്ള നേതൃസമ്മേളനവും സമുദായസംഗമവും 2022 ഏപ്രിൽ 24ന് ഏറ്റുമാനൂർ ക്രിസ്തുരാജ് പള്ളി ഓഡിറ്റോറിയത്തിൽ നടന്നു.

### സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം

വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് ഏപ്രിൽ 6 വൈകുന്നേരം 6 മണിക്ക് ഏറ്റുമാനൂർ പള്ളിയിൽ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരിയും സ്വാഗതസംഘം രക്ഷാധികാരിയുമായ ഫാ. ജോസ് മുകളേൽ ഓഫീസ് ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് പി.പി. ജോസഫ് അധ്യക്ഷനായിരുന്നു ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതസംഘം കൺവീനർ ഷെയിൻ ജോസഫ്, പബ്ലിസിറ്റി കൺവീനർ ബിനു ഡൊമിനിക്, ജോയിന്റ് കൺവീനർ സെബാസ്റ്റ്യൻ പുല്ലാട്ട്കാല, ഭാരവാഹികളായ, ജോയി പാറപ്പുറം, ലിസി ജോസ്, റോണി വലിയപറമ്പിൽ, ജോസ് ജെയിംസ് കണ്ണീതറ, ഫൊറോന പ്രസിഡന്റുമാരായ കുഞ്ഞ് കളപ്പുര, ജെ.സി. തറയിൽ എന്നിവർ പ്രസംഗിച്ചു.

### പതാക ഉയർത്തൽ

വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഏറ്റുമാനൂർ കവലയിൽ പ്രത്യേകമായി ക്രമീകരിച്ച കൊടിമരത്തിൽ സ്വാഗതസംഘം ജോയിന്റ് കൺവീനറും യൂണിറ്റ് പ്രസിഡന്റുമായ സെബാസ്റ്റ്യൻ പുല്ലാട്ട്കാലാ സംഘടനയുടെ പതാക ഉയർത്തി. പ്രസിഡന്റ് പി.പി. ജോസഫ്, രക്ഷാധികാരി ഫാദർ ജോസ് മുകളേൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷർ ബാബു വള്ളപ്പുര എന്നിവർ പ്രസംഗിച്ചു.

### നേതൃത്വ സമ്മേളനം

വാർഷികത്തോടനുബന്ധിച്ച് അതിരൂപതയിലെ എല്ലാ സംഘടനകളുടെയും ഭാരവാഹികളെ ഉൾപ്പെടുത്തി നേതൃത്വ സമ്മേളനം സംഘടിപ്പിച്ചു. നേതൃസമ്മേളനം അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സി.ബി.സി.ഐ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ, സീറോ മലബാർ സഭ ചരിത്ര കൗൺസിൽ അംഗം ഡോ. കുര്യാസ് കുമ്പളക്കുഴി എന്നിവർ സന്ദേശങ്ങൾ നൽകി. ഇപ്പോഴത്തെ കാലഘട്ടത്തിന്റെ വെല്ലുവിളികളെ സമുദായം എങ്ങനെ നേരിടണമെന്ന വിഷയത്തിൽ സജീവമായ ചർച്ചകൾ നടന്നു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് പിതൃവേദിയുടെ പ്രസിഡന്റ് ശ്രീ. എ.പി. തോമസ്, മാതൃവേദി പ്രസിഡന്റ് ശ്രീമതി ആൻസി ചെന്നോത്ത്, കുടുംബക്കൂട്ടായ്മ കൺവീനർ ശ്രീ. ജോബ് ആന്റണി പവ്വത്തിൽ, കെ.സി.എസ്.എൽ പ്രസിഡന്റ് ശ്രീ. സോണിച്ചൻ കെ.വി., SMYM പ്രസിഡന്റ് ശ്രീ. ജോർജ്ജ് ജോസഫ് കുടമാളൂർ, സിസ്റ്റർ സയൺ മരിയ കൊല്ലശേരി, (പ്രിൻസിപ്പൽ സെന്റ്

ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വില്ലുന്നി) സിസ്റ്റർ ആൻസി (Apostolic Oblates, മദർ സുപ്പീരിയർ ഏറ്റുമാനൂർ), ഡോ. സിജോ ജേക്കബ് (പ്രസിഡന്റ് DCMS), സി. റെനിറ്റ SABS ഏറ്റുമാനൂർ, DFC പ്രസിഡണ്ട് ശ്രീ. സണ്ണി പുളിങ്കാല, പ്രൊഫ. ജാൻസെൻ ജോസഫ് (Sunday School പ്രതിനിധി) സിസ്റ്റർ ഫ്ളവർ (മദർ ജോസഫൈൻ സിസ്റ്റേഴ്സ് വില്ലൂന്നി) എന്നിവർക്കൊപ്പം കത്തോലിക്കാ കോൺഗ്രസിനുവേണ്ടി പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. ഇതാദ്യമായി സന്യസ്തരുടെ പ്രതിനിധികളും നേതൃസമ്മേളനത്തിൽ പങ്കെടുത്തു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ ഷിജി ജോൺസൺ എന്നിവർ പ്രസംഗിച്ചു. ഗ്ലോബൽ സെക്രട്ടറി വർഗീസ് ആന്റണി മോഡറേറ്ററായിരുന്നു. ഉച്ചതിരിഞ്ഞ് 2.30ന് സമുദായ സംഗമം നടന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. തിന്മകൾക്കെതിരെ കൂട്ടായപ്രവർത്തനം അനിവാര്യമാണെന്ന് പിതാവ് ഉദ്ഘാടനസന്ദേശത്തിൽ ഓർമിപ്പിച്ചു.

ഗ്ലോബൽ സമിതിയുടെ പ്രസിഡന്റ് ബിജു പറയനിലം, ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമകാല, ഫാ. റോയി കണ്ണൻചിറ CMI, ഫാ. ജോസഫ് മുകളേൽ, ഫാ. ജോസഫ് ആലുങ്കൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ സമിതി ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, കെ.സി.എഫ്. വൈസ് പ്രസിഡന്റ് ഷിജി ജോൺസൺ, യൂത്ത്‌വിംഗ് ഗ്ലോബൽ കോ-ഓർഡിനേറ്റർ ബിനു ഡൊമിനിക്, അതിരൂപത ഭാരവാഹികളായ ഷെയിൻ ജോസഫ്, സി.റ്റി. തോമസ്, ലിസി ജോസ്, ജോയി പാറപ്പുറം, ടോമിച്ചൻ മേത്തശ്ശേരി, മിനി ജെയിംസ്, ജോർജ്ജുകുട്ടി മുക്കത്ത്, സെബാസ്റ്റ്യൻ പുല്ലാട്ട്കാല, റോണി വലിയപറമ്പിൽ, അതിരമ്പുഴ ഫൊറോന പ്രസിഡന്റ് ജോബി സേവ്യർ എന്നിവർ പ്രസംഗിച്ചു.

ഈ കാലയളവിൽ നേരിട്ടുള്ള നാല് എക്സിക്യൂട്ടീവ് മീറ്റിംഗ്കളും ഫൊറോനാ പ്രസിഡന്റുമാരെ കൂടി ഉൾപ്പെടുത്തി രണ്ട് ഓൺലൈൻ മീറ്റിങ്ങുകളും നടന്നു.

സ്നേഹപൂർവ്വം,

| | | |
|---|---|---|
| **പി. പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

ഈശോയിൽ പ്രിയപ്പെട്ടവരെ,

കേരള സർക്കാരിന്റെ പുതിയ മദ്യനയം കേരളജനതയെ കണ്ണീരിലാഴ്ത്തും. വരും തലമുറ മദ്യം എന്ന വിപത്തിന്റെ കരാളഹസ്തങ്ങളിലാകും. വീര്യം കുറഞ്ഞ മദ്യമെന്നപേരിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഈ ലഹരി പാനീയം വിതരണം ചെയ്ത് വിരുന്ന് മേശയിൽ ഇടംപിടിക്കും യുവജനങ്ങളുടെ കളിക്കളങ്ങളും സൗഹൃദ വേദികളും പബുകളിലാകും. ഇങ്ങനെ നീണ്ടുപോകുന്നു ഈ മഹാവിപത്തിന്റെ കാണാക്കെണികൾ. ഇതിനെതിരെ ശക്തമായ സമരപരിപാടികൾ നടപ്പിലാക്കാനുള്ള അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ആഹ്വാനം നമുക്ക് നടപ്പിൽവരുത്താം,മെയ് 7ന് ചങ്ങനാശേരിയിലെ പ്രതിഷേധറാലിയിൽ നമുക്ക് പങ്കുകാരാകാം.

സപ്പോർട്ട് എ ചൈൽഡ് എന്ന് കാരുണ്യപദ്ധതിയുടെ വാർഷികാഘോഷം മെയ് 28 ശനിയാഴ്ച നടത്തപ്പെടുകയാണ്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി കൂടുതൽ സുമനസ്സുകളുടെ സഹായം അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചുവരുന്നു ചൊവ്വാഴ്ച മരിയ ഹോമിയോ ഡിസ്പെൻസറി തത്തംപള്ളിയിലും, ബുധനാഴ്ച ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷകേന്ദ്രം ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിലും വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. ഏവർക്കും പരമാവധി പ്രയോജനം എടുക്കുവാൻ ഉള്ള അവസരമാണിത്.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി നടന്നു വരുന്ന സപ്പോർട്ട എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ കുട്ടികൾക്ക് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വച്ചും പത്തനംതിട്ട ജില്ലയിലെ കുട്ടികൾക്കും വേണ്ടി പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ നടന്ന സമ്മേളനത്തിൽ വച്ചും ധനസഹായം നല്കി. സമ്മേളനത്തിൽ ഡയറക്ടർ റവ.ഫാ. ജോൺ വടക്കേക്കളം,സണ്ണി മാത്യു, ട്രീസാ എന്നിവർ നേതൃത്വം വഹിച്ചു

## മദ്യനയത്തിനെതിരെ സംയുക്ത മദ്യവിരുദ്ധ സമിതി

ചങ്ങനാശേരി ആർച്ചുബിഷപ്ഹൗസിൽ വിളിച്ച ചേർക്കപ്പെട്ട വിവിധ മത-സാംസ്കാരിക-സാമൂഹ്യ നേതാക്കന്മാരുടെ യോഗം മദ്യനയത്തെക്കുറിച്ച് ചർച്ച ചെയ്തു. യോഗത്തിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം മദ്യത്തിന്റെ സുലഭമായ ലഭ്യതയും, വീര്യം കുറഞ്ഞ മദ്യവും തലമുറകളെ നശിപ്പിക്കുന്ന ഒന്നാണ്. വീര്യം കുറഞ്ഞ മദ്യത്തിലൂടെ കൗമാരത്തെയും യൗവ്വനത്തെയും സ്ത്രീകളെയും ആകർഷിച്ച് മുഴുക്കുടിയിലൂടെ സർവ്വ നാശത്തിലേക്ക് ജനതയെ നയിക്കാൻ മാത്രമാണ് സർക്കാർ ഈ നയത്തിലൂടെ ശ്രമിക്കുക സർക്കാരിന് പണം ഉണ്ടാക്കാൻ സ്വത്തിനും ജീവനും സംരക്ഷണം നൽകേണ്ടത്. സ്വത്തും ജീവനും കൊള്ളയടിക്കുന്ന അവസ്ഥയിലേക്ക് എത്തുന്നു എന്ന് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. യോഗത്തിൽ സഹായമെത്രാൻ മാർ തോമസ് തറയിൽ എസ്.എൻ.ഡി.പി ചങ്ങനാശേരി താലൂക്ക് യൂണിയൻ സെക്രട്ടറി ശ്രീ. സുരേഷ് പരമേശ്വരൻ, പുതൂർപള്ളി അസിസ്റ്റന്റ് ഇമാം ഷാജഹാൻ മൗലവി, എൻ.എസ്.എസ് പ്രതിനിധി അഡ്വ. മധുരാജ്, അതിരൂപത മദ്യവിരുദ്ധസമിതി പ്രസിഡന്റ് റാസെ ജെ.റ്റി. മെതിക്കളത്തിൽ വിഷയാവതരണം നടത്തി. സംയുക്ത ക്രൈസ്തവ മദ്യവർജ്ജന പ്രസ്ഥാനം ജനറൽ സെക്രട്ടറി റവ.ഫാ. അലക്സ് ജെ. ഉമ്മൻ, അതിരൂപത വികാരി ജനറാൾ മോൺ ജോസഫ് വാണിയപ്പുരയക്കൽ അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം എന്നിവർ സന്ദേശങ്ങൾ നല്കി. അതിരൂപതയിലെ വിവിധ ഡിപ്പാർട്ട്മെന്റിലെ ഡയറക്ടർമാർ വിവിധ യുണിറ്റ് ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

❍

*» ജീവകാരുണ്യനിധി ട്രസ്റ്റ് തുടർച്ച...*

| | | | |
|---|---|---|---|
| 158 | ചാരമങ്കലം | 47060 | 18824 |
| 159 | വെരൂർ | 680000 | 272000 |
| 160 | ആയൂർ | 22800 | 9120 |
| 161 | ചെറിയവെളിനെല്ലൂർ | 12000 | 4800 |

(തുടരും........)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022 ഏപ്രിൽ മുതൽ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | ആർപ്പുക്കര - ലിറ്റിൽ ഫ്ളവർ ചർച്ച് | 82175 |
| 2. | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 85000 |
| 3. | ഇരവുചിറ - സെന്റ് മേരീസ് ചർച്ച് | 14000 |

❍

# ദലിത് കത്തോലിക്കാ മഹാജനസഭ DCMS

## ചങ്ങനാശേരി ഫൊറോനാ കൗൺസിൽ

ഡി.സി.എം.എസ് ചങ്ങനാശേരി ഫൊറോനാ കൗൺസിൽ യോഗം ഏപ്രിൽ 24 ഞായറാഴ്ച രാവിലെ 11.30ന് ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. ഫൊറോനാ ഡയറക്ടർ ഫാ. റ്റോബിൻ പുളിക്കാശ്ശേരി യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ആന്റണി എൻ.സി അധ്യക്ഷത വഹിച്ച യോഗത്തിന് ഫൊറോനാ ഇൻചാർജ് ജോൺ ചാക്കോ, എക്സിക്യൂട്ടിവ് അംഗവും സംസ്ഥാന പ്രസിഡന്റുമായ ജെയിംസ് ഇലവുങ്കൽ, അതിരുപതാ സെക്രട്ടറി ഷൈജു ജോസഫ് എന്നിവർ നേതൃത്വം നൽകി. ചങ്ങനാശേരി കത്തീഡ്രൽ, ചെത്തിപ്പുഴ, പറാൽ യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു.

## പ്രൊഫഷണൽ ഫോറം

സംഘടനാ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത് കാലഘട്ടത്തിനനുസരിച്ച് നൂതന പദ്ധതികളും മറ്റും വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിൽ സഹായിക്കുന്നതിനായി അതിരുപതയിലെ ദളിത് കത്തോലിക്കാ സമൂഹത്തിൽ നിന്നും സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ ജോലി ചെയ്യുന്നവർ, അദ്ധ്യാപകർ, ഉന്നത വിദ്യാഭ്യാസം നേടിയവർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രൊഫഷണൽ ഫോറം രൂപീകരിച്ചു. പ്രസ്തുത ഫോറത്തിന്റെ കൺവീനറായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പ്രൊഫസർ ഡോ. ജോൺസൺ മാത്യു, ജോയിന്റ് കൺവീനറായി എം.ജി യൂണിവേഴ്സിറ്റി ഗസ്റ്റ് ലക്ചറർ ഡോ. റ്റിജി പി. വി എന്നിവരെ നിയമിച്ചു.

## ദളിത് കലാസാഹിത്യ സമിതി

കലാസാഹിത്യ രംഗങ്ങളിൽ കഴിവ് തെളിയിച്ച ഒട്ടേറെ പ്രതിഭകൾ ദളിത് കത്തോലിക്കാ സമൂഹത്തിലുണ്ടെങ്കിലും പൊതുവായ വേദികൾ ലഭ്യമല്ലാത്തതിനാൽ പലരും തങ്ങളുടെ ചുറ്റുപാടുകളിൽ ഒതുങ്ങിപ്പോവാറാണ് പതിവ്. ഇത്തരത്തിലുള്ള പ്രതിഭകളെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനവും മറ്റും നൽകി രൂപതാ തലത്തിൽ വേദികൾ ഉറപ്പ് വരുത്തുന്നതിനായി ദളിത് കലാസാഹിത്യസമിതി രുപീകരിക്കുന്നതിനായി സാഹിത്യകാരനും ഗായകനുമായ ഡി.സി.എം.എസ് കോട്ടയം ഫൊറോനാ പ്രസിഡന്റ് ശ്രീ. ബെന്നി വടുതലക്കര കൺവീനറായ സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ വരുന്ന മാസങ്ങളിലായി കലാകാരന്മാരെയും മറ്റും തിരഞ്ഞെടുക്കുന്നതായിരിക്കും.

## മീഡിയ സെൽ

സംഘടനാ സംബന്ധമായ അറിയിപ്പുകളും മറ്റ് വിവരങ്ങളും നവമാധ്യമ

*ശേഷം പേജ് 75 ൽ.....»*

*(Secular Franciscan Order - SFO)*
"സമാധാനം - സൗഭാഗ്യം"

പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ,

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഭാതൃത്വാംഗങ്ങളുടെ പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക നിയമാവലിയും ജീവിതക്രമവും തുടർച്ച രണ്ടാംഭാഗം കർത്താവിന്റെ നാമത്തിൽ തപശ്വര്യയുടെ സഹോദരി സഹോദരന്മാർക്ക് വി. ഫ്രാൻസിസ് കൊടുക്കുന്ന ഉദ്ബോധനം.

## തപശ്ചര്യ അനുഷ്ഠിക്കാത്തവർ

തപശ്ചര്യയിൽ ജീവിക്കാത്തവരും, നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും സ്വീകരികാത്തവരും; ദുർഗുണവും പാപവും അഭ്യസിക്കുന്നവരും ദുഷ്ടമായ ആസക്തികളുടെയും (കൊളോ 3:5), ജഡമോഹങ്ങളുടെയും (ഗലാ. 5:16) വഴികളെ അനുകരിക്കുന്നവരും; തങ്ങൾ കർത്താവിനോട് വാഗ്ദാനം ചെയ്തവ പാലിക്കാത്തവരും, ശാരീരിക പ്രവണതകളാലും (1 പത്രോ. 2:11), ലോകത്തിന്റെ ആകുലതകളാലും ഐഹികജീവിതത്തിന്റെ വ്യഗ്രതകളാലും ജഡികമായി ലോകത്തിന് സേവ ചെയ്യുന്നവരുമായ സ്ത്രീ പുരുഷന്മാർ ഏവരും, പിശാചിനാൽ ഗ്രസിക്കപ്പെട്ടിരിക്കുന്നു; അവർ അവന്റെ സന്തതികളാണ്, അവർ അവന്റെ പ്രവൃത്തികൾ ചെയ്യുന്നു (യോഹ. 8:41). നമ്മുടെ കർത്താവീശോമിശിഹാ ആകുന്ന യഥാർത്ഥ പ്രകാശത്തെ കാണാത്തതിനാൽ അവർ അന്ധരാകുന്നു. സ്വർഗസ്ഥനായ പിതാവിന്റെ യഥാർത്ഥ ജ്ഞാനമായ ദൈവപുത്രനെ സ്വന്തമാക്കാത്തതിനാൽ ഇവർക്ക് ആദ്ധ്യാത്മിക ജ്ഞാനമില്ല. ഇവരെപ്പറ്റി പറഞ്ഞിരിക്കുന്നത്: എന്തുചെയ്യണമെന്ന് അവർ അറിഞ്ഞില്ല (സങ്കീ. 107:27) അങ്ങയുടെ പ്രമാണങ്ങൾ വിട്ടുനടക്കുന്ന ശപിക്കപ്പെട്ടവർ (സങ്കീ. 119:21) എന്നൊക്കെയാണ്, അവർ കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നു; അറിവുണ്ടായിട്ടും അവർ തിന്മ പ്രവർത്തിക്കുന്നു; അറിഞ്ഞുകൊണ്ടുതന്നെ തങ്ങളുടെ ആത്മാക്കളെ അവർ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

കടപ്പാട് : 'നിയമാവലിയും ജീവിതക്രമവും'

## നോമ്പുകാല പീഡാനുഭവ പദയാത്ര നടത്തി

ഫ്രാൻസിസ്കൻ അല്മായ സഭ ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഒൻപതാമത് നോമ്പുകാല പീഡാനുഭവ പദയാത്ര നടന്നു. കൊച്ചമ്മനം ജംഗ്ഷനിൽ ആരംഭിച്ച പദയാത്ര എടത്വ സെന്റ് ജോർജ് ഫൊറോന പള്ളി വികാരി ഫാ. മാത്യു ചൂരവടി ഉദ്ഘാടനം ചെയ്തു. SFO ചങ്ങനാശേരി അതി

രൂപത സ്പിരിചൽ അസിസ്റ്റന്റ് മൈക്കിൾ പറൂശേരിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴിയായി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിൽ എത്തിയപ്പോൾ അസി. വികാരിമാരായ ഫാ. മിജോ കൈതപ്പറമ്പിൽ, ഫാ. എബി പുതിയാപറമ്പിൽ എന്നിവർ പദയാത്രയ്ക്ക് ആശംസ അർപ്പിച്ചു.

തുടർന്ന് ഫാ. സോമി പനങ്ങാട്ട്, ഫാ. മൈക്കിൾ പറൂശേരി, ഫാ. മിജോ കൈതപ്പറമ്പിൽ, ഫാ. എബി പുതിയാപറമ്പിൽ എന്നിവർ ചേർന്ന് കബറിടത്തിൽ ഒപ്പീസ് നടത്തി. തുടർന്ന് ഫാ. സോമി പനങ്ങാട്ടിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് നേർച്ചഭക്ഷണവിതരണം നടത്തി.

SFO ചങ്ങനാശേരി അതിരൂപതാ പ്രസിഡന്റ് വി.സി. അലക്സ് വലിയപറമ്പിൽ, സെക്രട്ടറി അന്നമ്മ ഫിലിപ്പ് ചക്കാലയ്ക്കൽ, റീജിയണൽ മിനിസ്റ്റർമാരായ സാബു കരിക്കംപള്ളി, ആന്റപ്പൻ ആട്ടോക്കാരൻ, ലിസി താഞ്ചത്ത്, എടത്വാ യൂണിറ്റ് അംഗങ്ങൾ എന്നിവർ പദയാത്രയ്ക്ക് നേതൃത്വം നൽകി.

**സ്വർഗപ്രവേശനം**

വാഴപ്പള്ളി വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഭാതൃത്വാംഗം സഹോദരി ലിസി സിറിയക്ക്, എടത്വാ ചെക്കിടിക്കാട് ലൂർദ്ദ്മാതാ ഭാതൃത്വാംഗം സഹോദരി കാവില വീട് ഏലിയാമ്മ തോമസ്, കുട്ടനാട് തായങ്കരി സെന്റ് ആന്റണീസ് ഭാതൃത്വാംഗം സഹോദരൻ വി.വി. രാജു എന്നിവർ സ്വർഗപ്രവേശനത്തിനായി യാത്രയായി. സഹോദരർക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ** (അതിരൂപത പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap. (SFO അതിരൂപത സ്പിരിച്ചൽ അസിസ്റ്റന്റ്)

---

*» കേരള ലേബർ മൂവ്മെന്റ് തുടർച്ച...*

**പതാകദിനം**

മെയ് ദിനത്തിന് മുന്നോടിയായി ഏപ്രിൽ 24-ാം തീയതി ഞായറാഴ്ച യൂണിറ്റുകളിൽ പതാക ദിനം ആചരിച്ചു.

**ആദരാഞ്ജലികൾ**

പള്ളിക്കുന്ന് സെന്റ് തോമസ് സംഘാംഗം ടോമി ജോർജ്ജ് പ്ലാക്കിതൊട്ടിയിൽ, പനയമ്പാല സെന്റ് സെബാസ്റ്റ്യൻ സംഘാംഗം എം.എം. ആന്റണി മൂഴിയിൽ എന്നിവരുടെ വേർപാടിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

**മരണാനന്തര സഹായനിധി**

94-മത് മരണസഹായനിധി കൂരോപ്പട ഹോളിക്രോസ് സംഘാംഗം ഫിലിപ്പ് കൂട്ടിയാനിക്കലിന്റെ നോമിനിക്ക് കൈമാറി.

*''നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്''*
*(ഹെബ്രാ 13:16).*

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

അപ്രതീക്ഷിത സാഹചര്യങ്ങൾമൂലം കഴിഞ്ഞ രണ്ടുവർഷങ്ങളിൽ നമുക്കു നടത്താൻ സാധിക്കാതെപോയ സംഘടനാ വാർഷികം ഇത്തവണ നടത്താൻ സാധിക്കുമെന്ന പ്രതീക്ഷയിൽ അതിനുള്ള ഒരുക്കങ്ങൾ നടത്തുകയാണ്. മെയ് 22 ഞായറാഴ്ച ചങ്ങനാശേരി എസ്.ബി. ഹൈസ്കൂളിൽവച്ച് വാർഷികം നടത്താനാണ് ആഗ്രഹിക്കുന്നത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഏരിയാ കൗൺസിലുകൾവഴി ഏവരെയും അറിയിക്കുന്നതാണ്. അന്നേദിവസം കോൺ ഫറൻസ് / ഏരിയാ കൗൺസിൽ തലങ്ങളിൽ മറ്റു പരിപാടികൾ ഒന്നും നടത്ത രുതെന്നും, എല്ലാ അംഗങ്ങളും വാർഷികസമ്മേളനത്തിൽ പങ്കെടുക്കണമെന്നും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

നമ്മുടെ കോൺഫറൻസുകളുടെയും ഏരിയാ കൗൺസിലുകളുടെയും വാർഷികങ്ങളും കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും ഇതിനോടകം നടന്നു കാണുമല്ലോ. കോവിഡ് ഒരു കാരണമായി കണ്ട് പലതും വേണ്ടെന്നു വച്ചവരും, ഇത് കൂടുതലായ പ്രവർത്തനത്തിനുള്ള അവസരമായി ഉപയോഗിച്ചവരും നമ്മുടെയിടയിൽ ഉണ്ട്. ഭൂരിഭാഗം കോൺഫറൻസുകളും കൂടുതൽ മെച്ചമായ രീതിയിൽ പ്രവർത്തിച്ചു കാണുന്നതിൽ സന്തോഷമുണ്ട്. ഇതിന്റെ പ്രകടമായ തെളിവാണല്ലോ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നാം 2021-22 കാലഘട്ടത്തിൽ ചെലവഴിച്ച തുകയിലുണ്ടായ വർദ്ധന. കഴിഞ്ഞവർഷം 3.10 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഈ വർഷം 4.10 കോടി രൂപയോളം ചെലവഴിക്കുകയുണ്ടായി. ഒരു കോടി രൂപയുടെ വർദ്ധന നമ്മുടെ അംഗങ്ങ ളുടെ സംഘടനയോടും, സാധുക്കളോടുമുള്ള പ്രതിബദ്ധതയുടെ തെളിവാണ്. ചില അംഗങ്ങളെ നമുക്കു നഷ്ടപ്പെട്ടു എങ്കിലും പുതുതായി വളരെപ്പേർ സം ഘടനയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പുതുതായി കോൺഫറൻസുകൾ തുടങ്ങുവാനും, പ്രവർത്തനം നിലച്ചവ പുനരുജ്ജീവിപ്പിക്കാനും കഴിഞ്ഞവർഷം നമുക്കു സാധിച്ചു. ഇതിനായി പ്രവർത്തിച്ച എല്ലാവരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. എല്ലാ ഏരിയാ കൗൺസിലുകളും ഇക്കാര്യത്തിൽ കൂടുതലായ ശ്രദ്ധ നല്കുമെന്ന് പ്രതീക്ഷിക്കുന്നു. സജീവമായ കോൺഫറൻസ് ഓരോ പ്രവർത്തകന്റെയും ഉത്തരവാദിത്വമാണ്. എന്നാൽ നമ്മുടെ പ്രവർത്തനപരി പാടികൾ ചുരുക്കം ചിലരുടെ ചുമതലയായി പലയിടങ്ങളിലും കാണുന്നുണ്ട്. വിൻസെൻഷ്യൻ വിളിയോടുള്ള വിശ്വസ്തത നമ്മുടെ ആത്മശോധനയ്ക്കു വിഷയമാകേണ്ടതാണ്. സമയത്തിന്റെയും സമ്പത്തിന്റെയും ഓഹരി നല്കുക, പ്രതിവാരയോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുക, സഭയോടും സൊസൈറ്റി യോടും പാവങ്ങളോടുമുള്ള വിധേയത്വം, അംഗങ്ങൾ തമ്മിലുള്ള സ്നേഹം,

സംഘടന നിർദ്ദേശിക്കുന്ന സന്ദർശനങ്ങൾ ഇവയൊക്കെ ഓരോ പ്രവർത്ത കാംഗവും അനുഷ്ഠിക്കാൻ ബാധ്യതപ്പെട്ട കാര്യങ്ങളാണ്. തങ്ങളുടെ പരിധി യിൽപ്പെട്ട കോൺഫറൻസുകൾ കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നല്കുവാനും, നിയമാവലിപ്രകാരം സൂ ക്ഷിക്കാൻ ബാധ്യതപ്പെട്ട റിക്കാർഡുകളും രജിസ്റ്ററുകളും കൃത്യമായി ഓരോ കോൺഫറൻസുകളും സൂക്ഷിക്കുന്നു എന്നുറപ്പുവരുത്താനുമുള്ള ഏരിയാ കൗൺസിൽ ഭാരവാഹികളുടെ ഉത്തരവാദിത്വം ഞാൻ ഓർമ്മിപ്പിക്കുന്നു. എല്ലാ അംഗങ്ങളും നിയമാവലി അറിഞ്ഞിരിക്കുക എന്നതും പ്രധാനപ്പെട്ട കാര്യമാണ്. പ്രസംഗത്തെക്കാൾ പ്രവർത്തനത്തിനും, പ്രശസ്തിയേക്കാൾ ആത്മീയ വളർച്ച യ്ക്കുമാണല്ലോ നാം പ്രാധാന്യം നല്കുന്നത്. കൂടുതൽ ആത്മാർത്ഥതയോടെ പ്രവർത്തിക്കാനും ഫലം പുറപ്പെടുവിക്കാനും നമുക്ക് ഒന്നുചേർന്നു പ്രവർത്തി ക്കാം.

മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കപ്പെടുകയാണല്ലോ. നമ്മുടെ അംഗങ്ങളിൽ ഭൂരിഭാഗവും ഏതെങ്കിലും തൊഴിൽ മേഖലകളിൽ വ്യാപരിക്കുന്നവരാണല്ലോ. തൊഴിലാളികളുടെ മധ്യസ്ഥനായ വി. യൗസേ പ്പിനെപോലെ നീതിബോധത്തോടെ നമ്മുടെ തൊഴിൽമേഖലകളിൽ വ്യാ പരിക്കുവാൻ നമുക്കു സാധിക്കണം. തൊഴിൽ ദാതാവും തൊഴിലാളികളും തമ്മിലുള്ള ഊഷ്മളമായ ബന്ധം ഇരുകൂട്ടരുടെയും വളർച്ചയ്ക്ക് ഒരുപോലെ സഹായകരമാണല്ലോ. തൊഴിലാളികളുടെ അവകാശത്തർക്കങ്ങളിൽപ്പെട്ട് വള രെയേറെ നഷ്ടങ്ങൾ സഹായിക്കേണ്ടിവന്നവർ നമുക്കു ചുറ്റുമുണ്ട്. മെച്ചപ്പെട്ട തൊഴിൽ തേടി മറ്റു ദേശങ്ങളിലേക്ക് പോകുന്നവരും മറ്റു സംസ്ഥാനങ്ങളിൽനി ന്ന് തൊഴിൽ തേടി നമ്മുടെ നാട്ടിൽ എത്തുന്നവരും വളരെയാണ്. പരസ്പരം ഉൾക്കൊള്ളാൻ സാധിക്കുന്ന ഒരു തൊഴിൽ സംസ്കാരം സാധ്യമാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

## ആശാഭവൻ സുവർണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം മാർച്ച് 30 – ന്

ജിമ്മി പടനിലം സെന്ററിൽ വച്ച് ബഹുമാനപ്പെട്ട കേരള ഗവർണർ നിർവഹിച്ചു. ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ജനസംഖ്യയുടെ 2.2 ശതമാനം വരുന്ന ഭിന്നശേഷി കുട്ടികളെ സംരക്ഷിക്കേണ്ടത് ഭരണഘടനാപരമായ ഉത്തരവാദിത്തമാണെന്ന് ഓർമ്മപ്പെടുത്തി.


മനുഷ്യ സേവനം ഈശോര സേവനമാണ്. പ്രവർത്തിയിലൂടെ വെളിപ്പെടുന്ന സ്നേഹമാണ് അർത്ഥപൂർണ്ണമായ സ്നേഹമെന്നും. ആശാഭവൻ പോലുള്ള സ്ഥാപനങ്ങളുടെ അധ്യാപകരുടെയും ജീവനക്കാരുടെയും നിസ്വാർത്ഥമായ സേവനം അനേകർക്ക് മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. ചങ്ങനാശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പേരുംന്തോട്ടം തന്റെ അധ്യക്ഷ പ്രസംഗത്തിൽ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി മെയിന്റനൻസ് ഗ്രാൻറ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ടൈപ്പ് എന്നിവ ലഭ്യമാക്കാൻ ഗവർണർ ഇടപെടണമെന്ന് അഭ്യർഥിച്ചു. ആവശ്യങ്ങൾ എഴുതി നൽകാനും സർക്കാരിൻറെ പരിഗണനയിൽ എത്തിക്കാമെന്നും ഗവർണർ ഉറപ്പു നൽകി അഡ്വ ജോബ് മൈക്കിൾ MLA, സിഎംസി ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ സി. ഡോ. പ്രസന്ന, വികാരി ജനറാൾ ഫാ. തോമസ് പാടിയത്ത്, പ്രിൻസിപ്പൽ സി. പ്രശാന്തി സിഎംസി ജനറൽ കൺവീനർ ഡോ. റൂബിൾ രാജ് എന്നിവർ പ്രസംഗിച്ചു. വികാരി ജനറൽ മോൺ ജോസഫ് വാണിയാപുരക്കൽ, ആശാഭവൻ ഡയറക്ടർ ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ സെബാസ്റ്റ്യൻ പുന്നശേരി എന്നിവർ നേതൃത്വം നൽകി.

ഗവർണറെ യോഗത്തിലേക്ക് സ്വാഗതം ചെയ്തപ്പോൾ ഉപഹാരം നൽകാനെത്തിയത് ഭിന്നശേഷിക്കാരനായ കൊച്ചുമോൻ ആയിരുന്നു. വേദിയിലേക്ക് കയറിയപ്പോൾ ബോക്സിൽ തട്ടി വീണത് സദസ്സിന് ആശങ്കയും വേദനയും സൃഷ്ടിച്ചു. ഒപ്പമുണ്ടായിരുന്ന അധ്യാപിക ഗവർണറുടെ സുരക്ഷാ ജീവനക്കാരും പോലീസും ചേർന്ന് പിടിച്ചെഴുന്നേൽപ്പിച്ചു. പതറാതെ അധ്യാപികയുടെ കൈപിടിച്ച് ഉപഹാരം നൽകാൻ എത്തിയ കൊച്ചുമോനെ ഗവർണർ ചേർത്തുപിടിച്ചു ആശ്വാസവാക്കുകൾ പറയുകയും ഫോട്ടോയ്ക്ക് പോസ് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. അധ്യാപിക സി. വിനീതയുടെ സഹായത്തോടെ ചിരട്ട ഉപയോഗിച്ച് നിർമ്മിച്ച പൂവ് കൊച്ചുമോൻ ഗവർണർക്ക് സമ്മാനിച്ചു.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



176

# വിശ്വാസവും വിശുദ്ധീകരണവും

(തിരുവചനഭാഗം: റോമാ 3,1–31)

എല്ലാ മനുഷ്യരും വിശ്വാസത്തിലൂടെയാണ് വിശുദ്ധീകരിക്കപ്പെടുന്നതെന്ന് പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ദൈവം നീതിമാനും വിശ്വസ്തനും (3,1–8)
2. ദൈവതിരുമുമ്പിൽ എല്ലാവരും പാപികൾ (3,9–18)
3. പാപബോധവും വിശുദ്ധീകരണവും (3,19–20)
4. എല്ലാവരെയും വിശുദ്ധീകരിക്കുന്ന ദൈവം (3,21–26)
5. വിശുദ്ധീകരണം വിശ്വാസത്തിലൂടെ (3,28–31)

വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങൾക്കും അവർക്കു വിശ്വാസപരിശീലനം നൽകുന്ന അജപാലകർക്കും ഈ വചനഭാഗം നൽകുന്ന സന്ദേശമെന്തെന്നു മനസ്സിലാക്കാം.

### 1. ദൈവം നീതിമാനും വിശ്വസ്തനും

*''അങ്ങനെയെങ്കിൽ, യഹൂദനു കൂടുതലായി എന്തു മേന്മയാണുള്ളത്? പരിച്ഛേദനംകൊണ്ട് എന്തു പ്രയോജനമാണുള്ളത്? പല വിധത്തിലും വളരെ പ്രയോജനമുണ്ട്. ഒന്നാമത്, ദൈവത്തിന്റെ അരുളപ്പാടുകൾ ഭരമേല്പിച്ചത് യഹൂദരെയാണ്. അവരിൽ ചിലർ അവിശ്വസിച്ചെങ്കിലെന്ത്? അവരുടെ അവിശ്വസ്തത ദൈവത്തിന്റെ വിശ്വസ്തത ഇല്ലാതാക്കുമോ?''* (3,1–3).

നിയമം കൈവശമുള്ള യഹൂദർ വിജാതീയരുമായി യാതൊരു വ്യത്യാസവുമില്ലാത്തവരാണ്, പാപത്തെയും ദൈവനീതിയെയും സംബന്ധിച്ചിടത്തോളം, എന്നാണ് പൗലോസ്ശ്ലീഹാ റോമാ 2,25–29-ൽ പറഞ്ഞുവച്ചത്. അപ്പോൾ യഹൂദരുടെ നിയമങ്ങൾക്കെല്ലാം എന്താണു പ്രസക്തി എന്ന ചോദ്യം സ്വാഭാവികമായി ഉണ്ടാകും. ഇതുതന്നെയാണ് ഈ ഭാഗത്തെ ചർച്ചാവിഷയവും. സംവാദത്തിൽ പൗലോസിന്റെ പങ്കാളികളായ യഹൂദർ ചോദ്യങ്ങൾ ഉന്നയിക്കുകയും പൗലോസ് മറുപടി പറയുകയും ചെയ്യുന്ന തരത്തിലാണ് ഈ ഭാഗം രചിച്ചി

രിക്കുന്നത്. പൗലോസിന്റെ വിമർശകരും രംഗത്തുണ്ട്. അദ്ദേഹത്തിന്റെ സുവിശേഷം നിയമരഹിതരായ വിജാതീയരെ തൃപ്തിപ്പെടുത്തുന്ന ഒന്നായി അവർ കാണുന്നു (ഗലാ 1,10). അങ്ങനെയെങ്കിൽ ഈശോയുടെ കുരിശുമരണത്തിന്റെ വിലയെന്താണ്? ഈശോയെയും ദൈവത്തെത്തന്നെയും പാപത്തിന്റെ ദാസരായി തരംതാഴ്ത്തുകയല്ലേ? (ഗലാ 2,17). യഹൂദപാരമ്പര്യങ്ങളെ പൗലോസ് തിരസ്കരിച്ചതുകൊണ്ട് അദ്ദേഹം ഇസ്രായേലിന്റെ തെരഞ്ഞെടുപ്പിനെയും വിലകുറച്ചു കാണുന്നു എന്ന ആരോപണം ഉന്നയിക്കപ്പെടും.

പക്ഷേ, പൗലോസ്ശ്ലീഹാ അപ്രകാരം ഒരിക്കലും പറയുന്നില്ല. നിയമവും പരിച്ഛേദനവുംകൊണ്ട് പല പ്രയോജനങ്ങളുണ്ട് എന്നു തന്നെയാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്. ഇസ്രായേലിനെ സ്വന്തജനമായി ദൈവം തെരഞ്ഞെടുത്തു. അവർക്കു ദൈവവചനം നൽകി. ദൈവവചനത്തിൽനിന്നും ദൈവേഷ്ടം (നിയമങ്ങൾ) അറിയാനും പരിച്ഛേദനത്തിലൂടെ ദൈവവുമായുള്ള ബന്ധം ഉറപ്പിക്കാനും അവർക്കു കഴിയും (3,3-4). ഇതൊക്കെയുണ്ടായിട്ടും കുറെ ഇസ്രായേൽക്കാർ അവ അനുസരിക്കാതെ അവിശ്വസ്തത കാണിച്ചതുകൊണ്ട് എന്താണു സംഭവിക്കുക എന്നാണ് പൗലോസ് പറയുന്നത്. യഹൂദർ തിന്മചെയ്തിട്ടും ദൈവം കരുണ കാണിച്ചെങ്കിൽ അതിന്റെ അർത്ഥം എന്താണ്? ദൈവം ശിക്ഷ വിധിക്കുമ്പോൾ അത് അനീതിയാണെന്നു പറയാമോ? ഒരിക്കലും പാടില്ല. വിലയില്ലാത്ത കൃപാവർഷമല്ല ദൈവത്തിന്റെ നീതി. ദൈവം നീതിമാനും സത്യസന്ധനുമായതുകൊണ്ടാണ് അവിടുന്നു പാപികളെ രക്ഷിക്കുന്നത് (സങ്കീ 98,2-3). ഓരോരുത്തരും ദൈവനിയമങ്ങളെ അംഗീകരിക്കുകയും, അവ അനുഷ്ഠിക്കുകയും പാപങ്ങളെപ്രതി പശ്ചാത്തപിക്കുകയും ചെയ്യണം. ഈശോമിശിഹായിലൂടെ വെളിപ്പെട്ടത് ദൈവം നീതിമാനും വിശ്വസ്തനുമാണെന്നാണ്. അതുകൊണ്ട് മിശിഹായിൽ വിശ്വസിച്ചുകൊണ്ട് ദൈവത്തിന്റെ നീതിയും വിശ്വസ്തതയും അംഗീകരിക്കണം. മിശിഹായിലുള്ള വിശ്വാസത്തിന്റെ അനുസരണമാണ് വിശ്വാസീസമൂഹത്തിന്റെ മുഖമുദ്ര. അതിനുപകരിക്കുന്നവിധം വിശ്വാസപരിശീലനം നല്കുവാൻ അജപാലകർ ശ്രദ്ധിക്കണം.

## 2. ദൈവതിരുമുമ്പിൽ എല്ലാവരും പാപികൾ

*''അപ്പോഴെന്ത്? യഹൂദരായ നമുക്ക് വല്ല മേന്മയുമുണ്ടോ? ഇല്ല, അശേഷമില്ല. യഹൂദരും ഗ്രീക്കുകാരും പാപത്തിന് അധീനരാണെന്നു നമ്മൾ മുമ്പേ കുറ്റപ്പെടുത്തിയല്ലോ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: നീതിമാനായി ആരുമില്ല; ഒരുവൻപോലുമില്ല; കാര്യം ഗ്രഹിക്കുന്നവനില്ല; ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴിതെറ്റിപ്പോയി. എല്ലാവർക്കും ഒന്നടങ്കം തെറ്റുപറ്റിയിരിക്കുന്നു; നൻമ ചെയ്യുന്നവനില്ല, ഒരുവനുമില്ല''* (3,9-12).

നേരത്തെ പറഞ്ഞതിനു തുടർച്ചയായി യഹൂദരുടെയും വിജാതീയരുടെയും മേലുള്ള കുറ്റാരോപണം പൗലോസ്ശ്ലീഹാ തുടരുകയാണ്. ദൈവത്തിന്റെ മുമ്പിൽ പാപരഹിതരായി ആരുമില്ല എന്നു സമർത്ഥിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. നിയമംവഴിയാണ് പാപത്തെക്കുറിച്ചു ചിന്തയുണ്ടാകുന്നത്. അതല്ലാതെ നിയമം ആരെയും നീതീകരിക്കുകയില്ല, ഇതാണ് പൗലോസിന്റെ ബോദ്ധ്യം. സങ്കീർത്തനങ്ങളും ഏശയ്യാപ്രവാചകനുമാണ് അദ്ദേഹം ഏറ്റവുമ

ധികം ഉപയോഗിക്കുന്നത്. 'ആരുമില്ല' എന്ന പ്രയോഗം 10-12 വാക്യങ്ങളിൽ അഞ്ചു പ്രാവശ്യവും 18-ാം വാക്യത്തിൽ ഒരു പ്രാവശ്യവും കാണുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ ഈ ആരോപണം യഹൂദർക്കും ബാധകമാണ്. കാരണം, ദൈവം ലോകംമുഴുവനെയും വിധിക്കുന്നവനാണ്. യഹൂദരും വിജാതീയരും പാപത്തിനു വിധേയരാണ്. നിയമത്തിനു ആരെയും രക്ഷിക്കാൻ കഴിവില്ലല്ലോ. യഹൂദരും വിജാതീയരും ഒരേപോലെ ദൈവത്തിന്റെ വിധിക്കു അർഹരാണെന്നും രക്ഷ നേടണമെങ്കിൽ അവിടുത്തെ കൃപയിൽ ആശ്രയിക്കാതെ മറ്റു മാർഗമില്ലെന്നും പൗലോസ് സമർത്ഥിക്കുകയാണ്.

ദൈവത്തിന്റെ അനുശാസനങ്ങൾ നൽകപ്പെട്ടിരിക്കുന്നത് അവയ്ക്കു കീഴിലുള്ളവർക്കാണ്. പ്രധാനമായും യഹൂദർക്ക് (2,17-24). വിജാതീയർക്കും നിയമങ്ങൾ നല്കപ്പെട്ടിട്ടുണ്ട് (1,20-21,32; 2,14-15,26) യഹൂദസങ്കല്പമനുസരിച്ച് നിയമംകൊണ്ട് ഉദ്ദേശിക്കുന്നത് തോറാ (പഞ്ചഗ്രന്ഥം) ആണ്. അതിന്റെ വ്യാഖ്യാനമാണ് വിശുദ്ധഗ്രന്ഥത്തിലെ ഇതരപുസ്തകങ്ങളെല്ലാം. നിയമം വിശുദ്ധഗ്രന്ഥത്തിലൂടെ സംലബ്ധമാണ്. അതുകൊണ്ട് നിയമം ലംഘിക്കുമ്പോൾ ഇരുകൂട്ടരും ദൈവവചനംതന്നെയാണ് ലംഘിക്കുന്നത്. അങ്ങനെ നിയമം നിയമലംഘകനെ കുറ്റം വിധിക്കുന്നു. പാപത്തെക്കുറിച്ചുള്ള അറിവു പകരുന്നത് നിയമമാണല്ലോ. അപ്പോൾ നീതീകരണത്തിനുള്ള ഒരേയൊരു മാർഗം വിശ്വാസം തന്നെ. പാപിയെ കുറ്റപ്പെടുത്താൻ നിയമത്തിനു കഴിയുമെങ്കിലും, നിയമദാതാവിനുമാത്രമേ പാപിയെ വിശുദ്ധീകരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങൾ നിരന്തരം ദൈവത്തിൽനിന്നു നിരന്തരം വിശുദ്ധീകരണം പ്രതീക്ഷിച്ചുകൊണ്ടു ജീവിക്കുവാൻ അജപാലകർ അവരെ ഓർമ്മിപ്പിക്കണം.

## 3. പാപബോധവും വിശുദ്ധീകരണവും

*''നിയമത്തിന്റെ അനുശാസനങ്ങളെല്ലാം നിയമത്തിനു കീഴുള്ളവരോടാണു പറയപ്പെട്ടിരിക്കുന്നതെന്നു നമുക്കറിയാം. എല്ലാ അധരങ്ങളെയും നിശബ്ദമാക്കുന്നതിനും ലോകം മുഴുവൻ ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കുന്നതിനുംവേണ്ടിയാണ് ഇത്. നിയമം അനുഷ്ഠിക്കുന്നതുകൊണ്ട്, ഒരുവനും അവിടുത്തെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. നിയമംവഴി പാപത്തെക്കുറിച്ച് ബോധമുണ്ടാകുന്നുവെന്നേയുള്ളൂ''* (3,19-20).

ദൈവത്തിന്റെ അനുശാസനങ്ങൾ നല്കപ്പെട്ടിരിക്കുന്നത് അവയ്ക്കു കീഴിലുള്ളവർക്കാണ്. ഇത് പ്രധാനമായും യഹൂദർക്കാണ്. വിജാതീയർക്കും പ്രകൃതിനിയമങ്ങൾ നല്കപ്പെട്ടിട്ടുണ്ടെങ്കിലും, നിയമാനുഷ്ഠാനം കൊണ്ടുമാത്രം ആരും രക്ഷപ്പെടുകയില്ല. രക്ഷപെടാനുള്ള മാർഗം മാനസാന്തരവും വിശ്വാസവുമാണ്. ഈശോയുടെ സുവിശേഷപ്രഘോഷണത്തിന് തുടക്കം കുറിച്ചത് മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണല്ലോ (മർക്കോ 1,14-15). മാനസാന്തരംപോലും അന്തിമ നീതീകരണത്തിന് അപര്യാപ്തമാണ്. കാരണം പാപത്തിന്റെ മനുഷ്യകുലത്തിൻമേലുള്ള സ്വാധീനം അത്ര ശക്തമാണ്. അതുകാണ്ട് പാപബോധവും പശ്ചാത്താപവും നാം നിരന്തരമായി പുലർത്തേണ്ട ഒരു മനോഭാവവും നിലപാടുമാണ്.

ഈ പാപബോധത്തിൽ നിന്നുമുളവാകുന്ന പശ്ചാത്താപവും മാനസാന്തര വുമാണ് വിശുദ്ധീകരണത്തിന് നിർണ്ണായകമായിത്തീരുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ പ്രാർത്ഥനയെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനം ഇത് വ്യക്തമാക്കുന്നുണ്ട്. താൻ ചെയ്ത സത്കൃത്യങ്ങളുടെ ദീർഘമായ ഒരു ലിസ്റ്റ് അവതരിപ്പിച്ചുകൊണ്ട് ദൈവാലയത്തിൽ പ്രാർത്ഥിച്ച ഫരിസേയനേക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേയ്ക്ക് മടങ്ങിയത് 'ദൈവമേ പാപിയായ എന്നിൽ കനിയണമേ' എന്ന് മാറത്തടിച്ചുകൊണ്ട് പ്രാർത്ഥിച്ച ചുങ്കക്കാരനാണ് (ലൂക്കാ 18,9-14). മാനസാന്തരം ദൈവത്തിന്റെ കരുണയുള്ള സ്നേഹത്തിലേ യ്ക്കുള്ള നിർണ്ണായകമായ തിരിവാണ്. അപ്രകാരം ദൈവസ്നേഹത്തിലുള്ള വിശ്വാസമാണ് നമ്മെ വിശുദ്ധീകരിക്കുന്നത്. ''ഇവളുടെ നിരവധിയായ പാപ ങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികമായി സ്നേഹിച്ചു'' (ലൂക്കാ 7,47) എന്ന ഈശോയുടെ വാക്കുകൾ ഇതിനെ സ്ഥിരീകരിക്കുന്ന താണ്.

## 4. എല്ലാവരെയും വിശുദ്ധീകരിക്കുന്ന ദൈവം

*''നിയമവും പ്രവാചകന്മാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ദൈവനീതി നിയമത്തിലൂടെയല്ലാതെ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു. ഈ ദൈവനീതി, വിശ്വസിക്കുന്ന എല്ലാവർക്കും, ആരെന്നുള്ള വ്യത്യാസംകൂടാതെ ഈശോമി ശിഹായിലുള്ള വിശ്വാസംവഴി ലഭിക്കുന്നതാണ്. എല്ലാവരും പാപംചെയ്തു ദൈവമഹത്ത്വത്തിന് അയോഗ്യരായി. അവർ അവിടുത്തെ കൃപയാൽ ഈശോ മിശിഹാവഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതീകരിക്കപ്പെടുന്നു''* (3,21-24).

എല്ലാ മനുഷ്യരും ദൈവനീതിയ്ക്ക് വിധേയരാണെന്നു പറഞ്ഞ പൗലോസ് ശ്ലീഹാ, ആ നീതി മനുഷ്യനു കരഗതമാകുന്നത് വിശ്വാസത്തിലൂടെയാണെന്ന് ഈ ലേഖനഭാഗത്ത് പറഞ്ഞുവയ്ക്കുന്നു. സുവിശേഷത്തിൽ വിശ്വസിച്ചു കൊണ്ട് ജീവിക്കുന്ന സകലർക്കും ദൈവത്തിന്റെ നീതി കരഗതമാകും എന്ന അടിസ്ഥാനപ്രമേയമാണ് പൗലോസ്ശ്ലീഹാ വികസിപ്പിക്കുന്നത്. ഈശോമി ശിഹായുടെ കുരിശുമരണത്തിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദൈവനീതി സകലർക്കും കരഗതമാകും. ദൈവം നീതിമാനാണെന്ന് നിയമവും പ്രവാച കന്മാരും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ അവിടുത്തെ നീതി ഇപ്പോൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് മനുഷ്യന്റെ നിയമാനുസരണംവഴിയല്ല. ദൈവം ഇപ്പോൾ വെളിപ്പെടുത്തുന്ന ഈ നീതി വിശുദ്ധഗ്രന്ഥത്തിൽ അധിഷ്ഠിതമാ യതുതന്നെയാണ്. 'നിയമവും പ്രവാചകന്മാരും' എന്നതുകൊണ്ട് വിശുദ്ധഗ്ര ന്ഥത്തെയാണല്ലോ (പഴയനിയമം) അർത്ഥമാക്കുന്നത്. അതായത്, ഇതൊരു പുതിയ ആശയമല്ല എന്നാണ് പൗലോസ്ശ്ലീഹാ പറയുന്നത്.

അദ്ദേഹം ഉദ്ദേശിക്കുന്ന പഴയനിയമ സൂചനകൾ പുറ 34,5-7; ഏശ 11,4-5; 43,25; 45,68; ജറെ 23,5-6 എന്നിവയും, അബ്രാഹത്തോടുള്ള വാഗ്ദാനം രേഖ പ്പെടുത്തുന്ന ഉല്പ 15,6 ഉം ആയിരിക്കണം. ദൈവത്തിന്റെ ഈ നീതി ഈശോ മിശിഹായിൽ വിശ്വസിക്കുന്ന സകലർക്കും ലഭിക്കും. അവർ ആരെന്നു മുഖം നോട്ടമില്ല. നിയമാനുഷ്ഠാനംവഴി അതു ലഭിക്കുകയുമില്ല. നീതി മനുഷ്യർക്കു സംലബ്ധമാക്കുവാനുള്ള ദൈവത്തിന്റെ ഉപാധിയാണു വിശ്വാസം. ഈ ഉപാധി

സ്വീകരിക്കുന്നവനാണ് നീതീകരണം ലഭിക്കുക. ''വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്ക്'' എന്നു പൗലോസ്ശ്ലീഹാ 1,17 ൽ പറഞ്ഞത് ഈ വിശ്വാസത്തെ ഉദ്ദേശിച്ചാണ്. രക്ഷയിലേക്കു നയിക്കുന്ന ദൈവത്തിന്റെ ശക്തിയാണ് സുവിശേഷം. ആ ശക്തി വിശ്വാസംവഴി മനുഷ്യർക്ക് അനുഭവപ്പെടും. അതുകൊണ്ട് വിശ്വാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അതു നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുവാനും, അതു വളരുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും വിശ്വാസപരിശീലകരായ അജപാലകർ ജനങ്ങളെ ബോധവൽക്കരിക്കണം.

## 5. വിശുദ്ധീകരണം വിശ്വാസത്തിലൂടെ

*''എന്തെന്നാൽ, നിയമാനുഷ്ഠാനം കൂടാതെതന്നെ വിശ്വാസത്താൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു. ദൈവം യഹൂദരുടേതു മാത്രമാണോ? വിജാതീയരുടേതുമല്ലേ? അതേ, അവിടുന്ന് വിജാതീയരുടെയും ദൈവമാണ്. എന്തെന്നാൽ, ദൈവം ഏകനാണ്. അവിടുന്നു പരിച്ഛേദിതരെയും അപരിച്ഛേദിതരെയും അവരവരുടെ വിശ്വാസത്താൽ നീതീകരിക്കും''* (3,28-30).

നിയമത്തിന്റെ പേരിൽ അഹങ്കരിക്കുന്ന യഹൂദർക്കുള്ള മറുപടിയാണ് ഈ ഭാഗത്ത് പൗലോസ്ശ്ലീഹാ നല്കുന്നത്. ഒരുപക്ഷേ, നിയമാനുഷ്ഠാനംകൂടാതെ രക്ഷ നേടാം എന്നുള്ള ശ്ലീഹായുടെ പ്രസംഗത്തെ വിമർശിച്ചവരെയും അദ്ദേഹം മുമ്പിൽ കാണുന്നുണ്ടാകും. വിശ്വസിക്കുന്നവർക്ക് ഒരു നിയമമേയുള്ളൂ. അതു മിശിഹാതന്നെയാണ് (ഗലാ 2,21; 1 കൊറി 9,19-23). അവിടുന്നാണ് നിയമത്തിന്റെ അന്ത്യവും ലക്ഷ്യവും. നിയമാനുഷ്ഠാനം, വിശ്വാസം എന്നീ രണ്ടു വിഷയങ്ങൾവഴി നീതീകരണത്തെ മനസ്സിലാക്കാം. 'വിശ്വാസംവഴി നീതീകരണത്തിനും' വിശുദ്ധഗ്രന്ഥ സാക്ഷ്യമുണ്ട്. നിയമാവർത്തനം 6,4 ൽ ഏറ്റുപറയുന്ന ഏകദൈവം ഇസ്രായേൽക്കാരുടെമാത്രം ദൈവമല്ലല്ലോ. എല്ലാവരെയും രക്ഷിക്കാൻ ആഗ്രഹിക്കുന്ന ദൈവം നീതിപൂർവ്വം പ്രവർത്തിക്കണമെങ്കിൽ നിയമമില്ലാത്തവർക്കുവേണ്ടി എപ്രകാരമായിരിക്കും പ്രവർത്തിക്കുക? ഇവിടെയാണു വിശ്വാസത്തിന്റെ പ്രസക്തി.

ദൈവം ഒരുവനേയുള്ളൂ എന്നത് ഇസ്രായേലിന്റെ വിശ്വാസപ്രമാണമാണ് (നിയ 6,4). ആ ദൈവത്തിന് ഇസ്രായേൽക്കാരും വിജാതീയരും ജനംതന്നെയാണ്. കാരണം അവിടുന്നാണ് ഇരുകൂട്ടരുടെയും സ്രഷ്ടാവ്. ഇസ്രായേൽക്കാരെ അവർക്കു നല്കിയിരിക്കുന്ന നിയമവും അവരുടെ വിശ്വാസവും അനുസരിച്ചും (പരിച്ഛേദനം), വിജാതീയരെ അവരുടെ നിയമമനുസരിച്ചും (അപരിച്ഛേദനം) ദൈവം വിധിക്കും. ഈ അദ്ധ്യായത്തിന്റെ സമാപനവാക്യം പൗലോസ്ശ്ലീഹായുടെ അർത്ഥഗർഭമായ ഒരു ചോദ്യമാണ്. അദ്ദേഹത്തിന്റെ പ്രേഷിതപ്രസംഗത്തിൽ അസംതൃപ്തരായിരുന്നവരോടാണ് ഈ ചോദ്യം. ഇത്രയും പറഞ്ഞതിൽനിന്ന് താൻ നിയമത്തെ അസാധുവാക്കുകയാണെന്ന് അർത്ഥമില്ലല്ലോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. നിയമം ദൈവദത്തമാണ്. മിശിഹാ നിയമം പൂർത്തിയാക്കുന്നവനുമാണ്. അങ്ങനെ അവിടുന്നുവഴി സകലരും വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നു. വിശ്വാസജീവിതവും വിശുദ്ധീകരണവും തമ്മിലുള്ള ബന്ധത്തെപ്പറ്റി അജപാലകർ വിശ്വാസികളെ ബോധവൽക്കരിക്കണം.

## ജീവിതസൂചിക

1. വിശ്വാസത്തിന്റെ അനുസരണത്തെക്കുറിച്ച് എന്റെ സമൂഹത്തെ ഞാൻ എപ്രകാരമാണ് ബോധവൽക്കരിക്കുന്നത്?
2. സ്വന്തം വിശുദ്ധീകരണമാണ് കൂദാശാജീവിതത്തിന്റെ ലക്ഷ്യമെന്ന് ജനങ്ങളെ നിരന്തരം ഓർമ്മിപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. കുമ്പസാരമെന്ന കൂദാശയിലൂടെ ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം അനുഭവിക്കാനും, ക്ഷമിക്കുന്ന സ്നേഹം പരസ്പരം നല്കാനും ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
4. വിശ്വാസവും വിശുദ്ധീകരണവും തമ്മിലുള്ള ബന്ധം ജനങ്ങൾക്ക് കാണിച്ചുകൊടുക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
5. വിശ്വാസത്തിലൂടെയാണ് വിശുദ്ധീകരണവും രക്ഷയും ലഭിക്കുന്നത് എന്ന ബോദ്ധ്യത്തിൽ വളരുവാനും മറ്റുള്ളവരെ വളർത്തുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

---

» *ദലിത് കത്തോലിക്കാ മഹാജനസഭ തുടർച്ച...*

ങ്ങൾ വഴി പൊതുസമുഹത്തിലും അംഗങ്ങളിലും എത്തിക്കുന്നതിന് മീഡിയ രംഗത്ത് പ്രവർത്തിക്കുന്ന യുവജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ മീഡിയ സെൽ പ്രവർത്തനം ആരംഭിച്ചു. മീഡിയ സെല്ലിന്റെ കൺവീനറായി DCYL അതിരൂപതാ എക്സിക്യൂട്ടിവ് അംഗം അൻസൺ ദേവസ്യയെ തിരഞ്ഞെടുത്തു. പ്രസ്തുത ടീമിന്റെ നേതൃത്വത്തിൽ ഫൊറോനാ, യൂണിറ്റ് തലങ്ങളിൽ പ്രത്യേക വാട്സ് ആപ്പ് ഗ്രൂപ്പുകൾ ക്രമീകരിച്ച് വിവരങ്ങളും നിർദ്ദേശങ്ങളും അറിയിപ്പുകളും മറ്റും എല്ലാവരിലും എത്തുന്നുവെന്നു ഉറപ്പ് വരുത്തുകയും ഫേസ്ബുക്ക് പേജ് പോലുള്ള മാധ്യമങ്ങൾ അവലംബിക്കുകയും ചെയ്യുന്നതാണ്.

### മെയ് മാസത്തെ പ്രധാന പരിപാടികൾ

- കരിയർ ഗൈഡൻസ് സെമിനാർ
- യുവജന ക്യാമ്പ്/DCYL അതിരൂപത തിരഞ്ഞെടുപ്പ്

**ഫാ. ജോൺസൺ ചാലക്കൽ**
(ഡയറക്ടർ)

**ഷൈജു ജോസഫ്**
(സെക്രട്ടറി)



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മാർച്ച് 2022**

25 കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ചങ്ങനാശേരി അതിരൂപതയിലെ ഒൻപത് ഹെവ്പദിയാക്കോന്മാർക്ക് മ്ശംശാന പട്ടം നൽകി പരിശുദ്ധ കുർബാന അർപ്പിച്ചു. പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ പ്രോലൈഫ് ദിനത്തോട് അനുബന്ധിച്ച് സന്ദേശം നൽകി. ചങ്ങനാശേരി എസ്.ബി കോളേജിൽ ഇരുപത്തിനാലാമത് ബർക്കുമാൻസ് അവാർഡ്ദാന ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് ചെങ്ങന്നൂർ മർത്ത്മറിയം ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു.

26 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ പങ്കെടുത്തവർക്ക് സന്ദേശം നൽകി. തുടർന്ന് മാർത്തോമ വിദ്യാനികേതനിൽ വിശ്വാസബോധിനി പരിശീലനപദ്ധതിയുടെ സമാപന സമ്മേളനത്തിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കട്ടക്കയം ബഹുമാനപ്പെട്ട മൈക്കിളച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ഫാത്തിമാപുരം സേക്രഡ് ഹാർട്ട് സ്കൂളിന്റെ വാർഷികദിനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

27 രാവിലെ വെളിയനാട് സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ഇടവകാംഗങ്ങൾക്കു വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് അമ്പൂരി സെന്റ് ജോർജ് ഇടവകയിൽ ഹോംമിഷനു നേതൃത്വം നൽകിയ എസ്.ഡി. സന്യാസസമൂഹത്തിന്റെ ഓൺലൈൻ കൂട്ടായ്മയിൽ പങ്കെടുത്തു.

28 അതിരൂപതാതല നാമകരണ നടപടികളുടെ ഭാഗമായി അതിരമ്പുഴയിലുള്ള മദർമേരി ഫ്രാൻസിസ്ക ദ് ഷന്താളിന്റെ കബറിടം തുറക്കുന്ന കർമ്മത്തിനും ഭൗതികാവശിഷ്ടങ്ങളുടെ പുനഃസംസ്കരണകർമ്മത്തിനും മുഖ്യ കാർമികത്വം വഹിച്ചു.

29 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വായ്പ്പൂർ സെന്റ് ജോസഫ് ഇടവകാംഗം ഇളംപുരയിടം ത്രേസ്യാമ്മ ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

30 രാവിലെ ആശാഭവന്റെ സുവർണ്ണ ജൂബിലിയുടെ ആഘോഷങ്ങളോടനുബന്ധിച്ചു നടന്ന ഔദ്യോഗിക ചടങ്ങിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. അതിൽ പങ്കെടുക്കാൻ എത്തിചേർന്ന വിശിഷ്ടാഥിതി കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ്ഖാനെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് അസംപ്ഷൻ കോളേജിൽ നിന്നും സ്തുത്യർഹസേവനത്തിനുശേഷം വിരമിക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും യാത്രാമംഗളങ്ങൾ നേർന്നു സംസാരിച്ചു. വൈകുന്നേരം വെരൂർ സെന്റ്

മേരീസ് എൽ.പി. സ്കൂളിന്റെ നവീകരിച്ച കെട്ടിടം ആശീർവാദിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

31 രാവിലെ കോട്ടയം മാമ്മൻമാപ്പിള ഹാളിൽ ദീപികയുടെ 135-ാം വാർഷികാഘോഷത്തിന്റെയും വിശുദ്ധ ചാവറ കുര്യാക്കോസച്ചന്റെ സ്വർഗപ്രാപ്തിയുടെ 150-ാം വാർഷികാഘോഷസമാപനത്തിന്റെയും ഭാഗമായി നടന്ന ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് മാങ്ങാനത്തുള്ള ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് സന്യാസസമൂഹത്തിന്റെ നവീകരിച്ച മഠത്തിന്റെ ആശീർവ്വാദം കർമ്മം നിർവഹിച്ചു. വൈകുന്നേരം ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് മെമ്പേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്ത് അവരുമായി സംവദിച്ചു.

**ഏപ്രിൽ 2022**

01 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസ് കാര്യലയത്തിൽ നടന്ന ദീപിക അപ്പക്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനകളുടെ സംയുക്താഭിമുഖ്യത്തിലുള്ള കുരിശിന്റെ വഴിയും പരിഹാരപ്രദക്ഷിണവും പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്നപ്പോൾ സമാപന സന്ദേശം നൽകി.

02 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അടൂർ മാർ സ്ലീവാ ഇടവകയുടെ പുതിയതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ ആശീർവ്വാദകർമ്മം നിർവഹിച്ചു.

03 രാവിലെ ചങ്ങനാശേരി അതിരൂപതയുടെ മിഷൻപ്രദേശമായ വിരുതുനഗറിൽ പുതുതായി പണികഴിപ്പിക്കപ്പെട്ട സെന്റ് ജോസഫ് ദൈവാലയത്തിന്റെ കൂദാശ നിർവഹിച്ചു. തുടർന്നുനടന്ന പരി. കുർബാനയിൽ അഭി. ജോർജ് രാജേന്ദ്രൻ പിതാവിനൊപ്പം സഹകാർമ്മികനായി പങ്കെടുത്ത് സന്ദേശം നൽകി.

04 രാവിലെ കുറിച്ചി സെന്റ് ജോസഫ് ഇടവകാംഗമായ ആലഞ്ചേരി ബഹു. ഐസക്ക് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭാഗമായി ദൈവാലയത്തിൽ പരിശുദ്ധ കുർബാനയ്ക്കു മുഖ്യ കാർമികത്വം വഹിച്ചു സന്ദേശം നൽകുകയും മറ്റു കർമ്മങ്ങൾക്കു അഭിവന്ദ്യ ആലഞ്ചേരി പിതാവിനൊപ്പം സഹകാർമികത്വം വഹിക്കുകയും ചെയ്തു.

05 രാവിലെ എടത്വാ പയസ് ടെൻത് ഐ.ടി.ഐ വജ്രജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കനത്ത വേനൽ മഴയിൽ കൃഷിനാശം നേരിട്ട വേഴപ്ര, രാമങ്കരി പാടശേഖരങ്ങൾ സന്ദർശിച്ചു. വൈകുന്നേരം കുറുമ്പനാടം സെന്റ് ആന്റണീസ് ഇടവകയിൽ നടന്ന ബൈബിൾ കൺവൻഷന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു സന്ദേശം നൽകി.

06 രാവിലെ നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന പള്ളി ഇടവകാംഗം പുഷ്പമംഗലം ഡോ. വിപിൻ ചെറിയാന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ഓൺലൈനായി നടന്ന പെർമെനന്റ് സിനഡിൽ പങ്കെടുത്തു. നെടുങ്കുന്നം സഞ്ജീവനിയുടെ എക്സിക്യൂട്ടിവ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

07 രാവിലെ പാറേൽ എസ്.എച്ച് പ്രൊവിഷ്യൽ ഹൗസിന്റെ സപ്തതിയോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ചങ്ങനാശേരി

സെന്റ് ജോസഫ് കോളേജ് ഓഫ് കമ്യൂണിക്കേഷനിലെ അവസാനവർഷ ബിരുദ വിദ്യാർത്ഥികളുടെയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെയും കോഴ്സ് പൂർത്തീകരണചടങ്ങ് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ചീരഞ്ചിറ സെന്റ് ജോർജ് ദൈവാലയത്തിന്റെ കൽകുരിശ് വെഞ്ചരിച്ചു. ഓൺലൈനായി നടന്ന പെർമെനന്റ് സിനഡിൽ പങ്കെടുത്തു. രാജമറ്റം തിരുഹൃദ ഇടവകാംഗമായ പടിഞ്ഞാറേക്കര മത്തായി ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

08 ചങ്ങനാശേരി അതിരൂപതയിലെ പരേതരായ വൈദികർക്കായി കത്തീഡ്രൽ പള്ളിയിൽ നടന്ന അനുസ്മരണകുർബാനയ്ക്കു മുഖ്യ കാർമികത്വം വഹിച്ച് സന്ദേശം നൽകി. നാൽപ്പതാം വെള്ളിയോടനുബന്ധിച്ച് നിർമലപുരം കരുവള്ളിക്കാട് സെന്റ് തോമസ് കുരിശുമലയിലേക്കു നടത്തപ്പെട്ട കുരിശിന്റെ വഴിയുടെ ആരംഭത്തിൽ ചുങ്കപ്പാറ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവെച്ച് സന്ദേശം നൽകി. തുടർന്ന് കുരിശിന്റെവഴിക്ക് നേതൃത്വം നൽകി അതിൽ സംബന്ധിച്ചു.

09 രാവിലെ പള്ളാതുരുത്തി സെന്റ് തോമസ് ദൈവാലയത്തിൽ പിരിശുദ്ധ കുർബാനയർപ്പിച്ചു. പിന്നീട് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

10 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളിയിലെ ഓശാന തിരുകർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് പിതൃവേദി-മാതൃവേദി സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കെ. റെയിൽ വിരുദ്ധപ്രതിഷേധം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കു വെരൂർ സെന്റ് ജോസഫ് ഇടവകാംഗം മണക്കുന്നേൽ ബഹു. ജോണച്ചന്റെ സഹോദരൻ തോമസ് ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ആലപ്പുഴ ഫൊറോന സംഘടിപ്പിച്ച കുരിശിന്റെ വഴിയിൽ പങ്കെടുക്കുകയും തുടർന്ന് ആലപ്പുഴ കത്തീഡ്രൽ ദൈവാലയത്തിൽ സമാപനസന്ദേശം നൽകുകയും ചെയ്തു.

11 രാവിലെ അതിരൂപതയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സേവനം ചെയ്യുന്ന ജീവനക്കാർക്കായി അതിരൂപതാകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം വേൾഡ് മലയാളി അസോസിയേഷന്റെ അഭിമുഖ്യത്തിൽ അരമന വളപ്പിൽ പ്ലാവിൻതൈ നട്ടു.

12 രാവിലെ ആലപ്പുഴ കത്തീഡ്രൽ ദൈവാലയത്തിൽ സപ്രാ പ്രാർത്ഥനയ്ക്കു കാർമ്മികത്വം വഹിക്കുകയും കാലംചെയ്ത അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അതിനുശേഷം കത്തീഡ്രൽ ദൈവാലയത്തിൽ മുൻ മന്ത്രിയായിരുന്ന കെ.ജെ. ചാക്കോയുടെ ചരമവാർഷികത്തിൽ സന്ദേശം നൽകി. തുടർന്നു പള്ളി സെമിത്തേരിയിൽ പരേതനുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കനത്ത വേനൽ മഴയിൽ കൃഷിനാശം നേരിട്ട കുമരങ്കരി ഓടേറ്റി വടക്ക് പാടശേഖരം സന്ദർശിച്ചു. വൈകുന്നേരം കേരള സർക്കാരിന്റെ മദ്യനയത്തിനെതിരേ അതിരൂപതാകേന്ദ്രത്തിൽ ചേർന്ന വിവിധ മത-സാംസ്കാരിക നേതാക്കളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

13 രാവിലെ വാഴപ്പള്ളി എസ്.എ.ബി.എസ് ആരാധനസന്യാസ സമൂഹത്തിന്റെ മഠത്തിൽ മണ്ണൂരെട്ടൊനിൽ ബഹു. എമിൽഡാമ്മയുടെ മൃതദേഹത്തിങ്കൽ

ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ രോഗാവസ്ഥയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. തുടർന്ന് ഇത്തിത്താനം പ്രീസ്റ്റ് ഹോമിലുള്ള വൈദികരെ സന്ദർശിക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പനയംപാല സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിന്റെ ബലിപീഠ കൂദാശ യ്ക്കു കാർമ്മികത്വം വഹിച്ചു. വൈകുന്നേരം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വലിയ ആഴ്ചയോടനുബന്ധിച്ച് കുമ്പസാരിപ്പിച്ചു.

14 ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാ വ്യാഴ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകുകയും നവവൈദികരുടെ പാദങ്ങൾ കഴുകുകയും ചെയ്തു.

15 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ പീഡാനു ഭവ വെള്ളിയുടെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

16 രാവിലെ വാഴപ്പള്ളി എസ്.എ.ബി.എസ് ആരാധനസന്യാസ സമൂഹത്തിന്റെ മഠം ചാപ്പലിൽ പൊരൂക്കരപേരയിൽ ബഹു. മേരി എസ്പ്പിരിത്താമ്മയുടെ മൃതസംസ്കാരശുശ്രൂഷയ്ക്കു മുഖ്യകാർമ്മികത്വം വഹിക്കുകയും അനു ശോചനം അറിയിക്കുകയും ചെയ്തു. കത്തീഡ്രൽ ദൈവാലയത്തിൽ വലിയശനിയുടെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും രണ്ട് കുട്ടികൾക്ക് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തു.

17 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പിന്റെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

18 രാവിലെ നൂറനാട് ഇൻഫെന്റ് ജീസസ് മഠത്തിന്റെ സുവർണ്ണജൂബിലിയോ ടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. അതോടൊപ്പം കെ.സി.എം. ഹോസ്പിറ്റലിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ചു നവീകരിച്ച ഹോ സ്പിറ്റൽ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

19 കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ട അതിരൂപത വൈദിക സമ്മേ ളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

20 തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ നടന്ന തലശ്ശേരി അതിരൂപത യുടെ മെത്രാപ്പോലീത്തയായി നിയമിതനായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനിപിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു.

21 കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം തെക്കേക്കര സെന്റ് ജോൺസ് ഇടവക ദൈവാലയത്തിൽ ഇടവകതിരുനാ ളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

22 വൈകുന്നേരം നാല്പാത്തിമല സെന്റ് തോമസ് ഇടവക ദൈവാലയ ത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

23 പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ നടന്ന പാലക്കാട് രൂപതാധ്യ ക്ഷനായി നിയമിതനായ അഭിവന്ദ്യ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു. അതിനുശേഷം ചേലക്കര ചാൾസ് മൗണ്ട് എസ്റ്റേറ്റ് സന്ദർശിച്ചു.

24 രാവിലെ തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിനുശേഷം ഇരവുചിറ സെന്റ് മേരീസ് ഇടവകാംഗമായ പാറത്തോട് ഡോ. ആന്റണി പി. ജോസഫിന്റെ ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ഏറ്റുമാനൂർ ക്രിസ്തുരാജ ഇടവകാങ്കണത്തിൽ എ.കെ.സി.സിയുടെ 104-ാം ജന്മദിനാഘോഷത്തോടനുബന്ധിച്ച് നടന്ന സമുദായ സംഗമത്തിൽ സംബന്ധിച്ച് ഉദ്ഘാടനകർമ്മം നിർവഹിച്ചു.

## മാർ തോമസ് തറയിൽ

**ഏപ്രിൽ 2022**

08 നാഗമ്പടം വിശുദ്ധ അന്തോണീസിന്റെ തിരുശേഷിപ്പ് തീർത്ഥാടന ദൈവാലയത്തിൽ കോട്ടയത്തെ കത്തോലിക്കാ ഇടവകകൾ നടത്തിയ സംയുക്ത കുരിശിന്റെ വഴിയിൽ ആമുഖസന്ദേശം നൽകി. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ അതിരൂപതയിലെ മരണമടഞ്ഞ സകല വൈദികർക്കുംവേണ്ടി അർപ്പിച്ച പരിശുദ്ധ കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ നടന്ന ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി. സീറോമലബാർ മെത്രാന്മാരുടെ ഓൺലൈൻ മാസധ്യാനത്തിൽ സംബന്ധിച്ചു.

09 ആയൂർ ക്രിസ്തുരാജാ ഫൊറോന ദൈവാലയത്തിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികളുമായി സംവദിക്കുകയും തുടർന്ന് ചങ്ങനാശേരി അതിരൂപതയുടെ കാരുണ്യ സംരംഭമായ 'കരുതൽ 2022' കൺവെൻഷനിൽ സംസാരിക്കുകയും ചെയ്തു. അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തിൽ നടത്തിയ 'കരുതൽ 2022' കൺവെൻഷനിൽ സംസാരിച്ചു. അമ്പൂരി സെന്റ് ജോർജ്ജ് ഓഡിറ്റോറിയത്തിൽ കേന്ദ്ര-സംസ്ഥാന പരിസ്ഥിതി നിയമങ്ങളിൽ പ്രതിഷേധം അറിയിക്കുവാനുള്ള ആക്ഷൻ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

10 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ലൂർദ്ദ് ഫൊറോന ഓഡിറ്റോറിയത്തിലും പൊങ്ങുംമൂട് സെന്റ് അൽഫോൻസാ ദൈവാലയത്തിലും നടത്തിയ 'കരുതൽ 2022' കൺവെൻഷനിൽ സംസാരിച്ചു.

11 തിരുവനന്തപുരം ലാറ്റിൻ ആർച്ച്ബിഷപ് ഹൗസിൽ റൈറ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ പിതാവിനെ സന്ദർശിച്ചു.

12. ആലപ്പുഴ രൂപത കർമ്മലമാതാ ലാറ്റിൻ കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിന്റെ മൃതസംസ്ക്കാരശുശ്രൂഷയോടനുബന്ധിച്ചു നടന്ന പരിശുദ്ധ കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിലെ കാർഡിനൽ ടിസ്രാങ് ഹാളിൽവച്ച് ചങ്ങനാശേരി അതിരൂപത മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പുതിയ മദ്യനയങ്ങൾക്കെതിരെ നടത്തിയ യോഗത്തിൽ പങ്കെടുത്തു. വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റിൽ ബഹുമാനപ്പെട്ട സിസ്റ്റർ ഇമേൽഡായുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

14 അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോന ദൈവാലയത്തിൽ പെസഹായുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

15 കൊല്ലം സെന്റ് തോമസ് സീറോ മലബാർ കത്തോലിക്കാ ദൈവാലയത്തിൽ കുരിശിന്റെ വഴിയിൽ പങ്കെടുത്ത് ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റിൽ ബഹുമാനപ്പെട്ട മദർ മേരി ഇസ്പിരിത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

17 ജയ്പൂർ തിരുക്കുടുംബദൈവാലയത്തിൽ ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉദയ്പൂർ ഫാത്തിമാ മാതാ കത്തീഡ്രൽ ദൈവാലയത്തിൽ, ഉദയ്പൂർ രൂപതയുടെ മുൻ മേലധ്യക്ഷൻ അഭിവന്ദ്യ ജോസഫ് പതാലിൽ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

18 ആലുവ എസ്.എ.ബി.എസ്. ജനറലേറ്റിൽ 55 സന്യാസാർത്ഥിനികളുടെ നിത്യവ്രതവാഗ്ദാന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ആലുവ ഹോളി ഫാമിലി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. കാക്കനാട്, സി.എം. ഐ. പ്രിയോർ ജനറൽ ഹൗസിൽ സീറോ മലബാർ സഭ ക്ലർജി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ സിറോ മലബാർ മൈനർ സെമിനാരി റെക്ടർമാരുടെ മീറ്റിംഗിൽ മുഖ്യപ്രഭാഷണം നടത്തി.

19 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട അതിരൂപത വൈദികസമ്മേളനത്തിൽ പങ്കെടുത്തു. കൈനകരി സെന്റ് ആന്റണീസ് സി.എം.സി. കോൺവെന്റ് കപ്പേള കൂദാശചെയ്തു.

20 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ രണ്ട് സന്യാസാർത്ഥിനികളുടെ നിത്യവ്രതവാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

21 കുന്നന്താനം എൽ.എസ്.ഡി.പി. സന്യാസിനി സമൂഹത്തിൽ 9 സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയാഘോഷത്തോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു. മനയ്ക്കച്ചിറ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വിവാഹവാഗ്ദാനകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. നാൽപ്പാത്തിമല സെന്റ് തോമസ് ദൈവാലയത്തിൽ മാർത്തോമ്മാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ചു ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു.

22 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ പരിശുദ്ധ അന്തോണീസിന്റെ തിരുനാളിനോടനുബന്ധിച്ചു ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു. തിരുവല്ല വി.ജി.എം. ഹാളിൽ നടത്തപ്പെട്ട മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസോസിയേഷന്റെ തൊണ്ണൂറ്റിരണ്ടാം സംസ്ഥാന വാർഷിക സമ്മേളനത്തിൽ സംസാരിച്ചു. ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തിയ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. 'കരുതൽ 2022' തൃക്കൊടിത്താനം ഫൊറോനാ ഓൺലൈൻ കൺവെൻഷനിൽ സംസാരിച്ചു.

23 ചങ്ങനാശേരി എഫ്.സി.സി. ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസവ്രതവാഗ്ദാനത്തോടനുബന്ധിച്ച് അർപ്പിച്ച കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റ് ചാപ്പലിൽ 3 സന്യാസാർത്ഥിനികളുടെ സന്യാസവസ്ത്രസ്വീകരണത്തിനും

പ്രഥമവ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. 'കരുതൽ 2022' ചമ്പക്കുളം ഫൊറോനാ ഓൺലൈൻ കൺവെൻഷനിൽ സംസാരിച്ചു.

24 പെരുങ്കാവ് സെന്റ് തോമസ് ദൈവാലയത്തിൽ മാർത്തോമ്മാശ്ലീഹായുടെ തിരുനാൾ ആചരണത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും പുതുതായി നിർമ്മിച്ച സൺഡേ സ്കൂൾ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. ഏറ്റുമാനൂർ ക്രിസ്തുരാജാ ഓഡിറ്റോറിയത്തിൽ ഓൾ കേരളാ കത്തോലിക്കാ കോൺഗ്രസിന്റെ നൂറ്റിനാലാം വാർഷികത്തോടനുബന്ധിച്ചു നടത്തപ്പെട്ട കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത നേതൃസംഗമം ഉദ്ഘാടനം ചെയ്തു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട 'കരുതൽ 2022' കൺവെൻഷനിൽ സംസാരിച്ചു.

25 കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസവ്രതവാഗ്ദാനത്തോടനുബന്ധിച്ച് അർപ്പിച്ച കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഇന്റർഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ പങ്കെടുത്തു. 'കരുതൽ 2022' കുറുമ്പനാടം ഫൊറോനാ ഓൺലൈൻ കൺവെൻഷനിൽ സംസാരിച്ചു.

26 പാസ്റ്ററൽ സെന്ററിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ സംസാരിച്ചു. ഫാത്തിമാപുരം സ്നേഹനിവാസ് ബോയ്സ് ഹോമിനായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ കട്ടിളവെപ്പുകർമ്മം നിർവഹിച്ചു. തെള്ളകം-പുഷ്പഗിരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ സി.എം.സി. ഭോപാൽ മൗണ്ട് കാർമ്മൽ പ്രൊവിൻസ് സമൂഹത്തിലെ 2 സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയാഘോഷത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. എം.എസ്.ജെ. ജനറലേറ്റിലെ സന്യാസിനി സമൂഹത്തിന് ഓൺലൈനിലൂടെ ക്ലാസ്സെടുത്തു. 'കരുതൽ 2022' നെടുംകുന്നം ഫൊറോനാ ഓൺലൈൻ കൺവെൻഷനിൽ സംസാരിച്ചു.

27 ഇരവുചിറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ മാത്തൂർ ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ ഇരുപത്തിയഞ്ചാം ചരമവാർഷികത്തോടനുബന്ധിച്ച് കബറിടത്തിങ്കൽ നടത്തിയ ഒപ്പീസിൽ പങ്കെടുത്ത് ഓഡിറ്റോറിയത്തിൽ നടത്തിയ അനുസ്മരണയോഗത്തിൽ സംസാരിക്കുകയും സ്മരണിക പ്രകാശനം ചെയ്യുകയും ചെയ്തു. ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ, പൊടിപ്പാറ ബഹുമാനപ്പെട്ട പ്ലാസ്സിഡ് അച്ചന്റെ മുപ്പത്തിയേഴാം ചരമവാർഷികത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിക്കുകയും, കബറിടത്തിങ്കൽ ഒപ്പീസു ചൊല്ലുകയും ചെയ്തു. പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ ബഹുമാനപ്പെട്ട സിസ്റ്റർ സെലിൻ എസ്.എച്ച്. ന്റെ സന്യാസ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ പരിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി. 'കരുതൽ 2022' കോട്ടയം ഫൊറോനാ ഓൺലൈൻ കൺവെൻഷനിൽ സംസാരിച്ചു.





# ENGAGEMENTS

## 2022 MAY

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 02:30 pm | മതാധ്യാപക സംഗമം |
| | 04:00 pm | KLM  തൊഴിലാളിദിന റാലി |
| | 06:00 pm | SB College |
| 02 | 10:00 am | Betrothal @ Velliyankudy |
| 03 | 07:00 am | Edathua Thirunal *Qurbana* |
| | 10:00 am | Palamattam Sisters Annual Meeting |
| | 02:00 pm | St.Thomas College of Nursing  Lamp Lighting Ceremony |
| | 06:30 pm | Class for Major Seminarians @ Kurichy |
| 04 | 11:30 am | Marriage @ Chanjody |
| | 03:00 pm | Visitors |
| 05 | 06:30 am | Minor Orders |
| | 10:00 am | Minor Seminary Day Celebration |
| | 02:30 pm | LSDP Final Profession @ Kunnamthanam |
| 06 | 06:00 pm | Puthujeevan Trust Board Meeting |
| 07 | 07:00 am | Solemn Holy Communion @ Kayalpuram |
| | 10:00 am | Vestition of CMC Sisters @ Carmel Mount |
| | 04:00 pm | മദ്യവിരുദ്ധ റാലി |
| 08 | 09:00 am | Holy *Qurbana*, Parish Day @ Laikadu |
| | 02:30 pm | മാതൃ–പിതൃ നേതൃസംഗമം @ Thrickodithanam |
| | 03:30 pm | മാതൃ ദിനാഘോഷം @ Kurumpanadom |
| 09 | 11:00 am | Sacrament of Initiation @ St. Antony’s Padua |
| 10 | 10:00 am | Holy *Qurbana* @ Punnathura |
| 11 | 12:00 pm | CNG CHRY Archeparchy Representative Meeting @STH |
| | 03:00 pm | Home Mission Sisters Meet |
| 12 | 09:30 am | Blessing of New Store of St. Joseph Press @ Muthoor |
| | 10:30 am | Marriage @ Manimala |
| | 03:00 pm | Nurse’s Day @ Chethipuzha |
| 13 | | Eco Spiritual Dialogue @ Nallathanni |

| | | |
|---|---|---|
| 14 | 09:00 am | Holy *Qurbana* and Kudumbayogam @ Punnathura |
| | 03:00 pm | Church *Quddasa* @ Punnakunnathusserry |
| 15 | 09:00 am | Holy *Qurbana* and Angels Meet Kurumpanadom Forane @ Kurumpanadom Forane |
| | 04:00 pm | Requiem *Qurbana* of Late Fr. Francis Mullankuzhy @ Thuruthy |
| 16 | 07:00 am | Golden Jubilee and Silver Jubilee of CMC Sisters @ Holy Queens |
| | 03:00 pm | Office Blessing @ Thiruvalla |
| 17 | 09:00 am | Solemn Holy Communion @ Punnathura |
| | 06:00 pm | Interdepartmental Meet |
| 18 | | Betrothal @ Ayoor |
| 19 | 07:00 am | Holy *Qurbana* and Jubilee of SMMI Sisters |
| 20 | | അതിരൂപതാ ദിനം |
| 21 | 09:00 | DCMS, Synodality Seminar and Symposium Inauguration |
| | 11:00 | Marriage @ Punnathura |
| | 03:00 | Jubilee of MOC |
| 22 | 09:00 am | Holy *Qurbana* @ Chengannur |
| | 04:00 pm | Holy *Qurbana* @ Arunoouttampadam |
| 23 | | Marriage @ Mayam |
| 24 | | CCHI General Body Meeting @ Munroe Thuruth |
| 25 | 10:30 am | Holy *Qurbana* – 50th Death Anniversary of Servant of God Mother Shanthal @ Athriampuzha |
| 27 | | Deepika Apex Board and Director Board Meeting @ Kakkanad |
| 28 | 10:00 am | Holy *Qurbana* @ Little Sistres of Christ, Mannanam |
| | 03:00 pm | Thrickodithanam Forane Council – Synodality |
| 29 | 09:00 am | മതാധ്യാപക നേതൃസംഗമം |



# E N G A G E M E N T S

## 2022 MAY

**Mar Thomas Tharayil**
Auxiliary Bishop of Changanacherry


| | | |
|---|---|---|
| 01 | 07.45 am | First Holy Communion @ Chengannur |
| | 11.00 am | Chapel Blessing @ Mahajubilee, Edathua |
| | 03.00 pm | KLM – *Maydina* Rally Flag off |
| | 03.30 pm | *Mathadyapaka Netrusangamam* @ Sandesanilayam |
| | 05.00 pm | Homily @ Puthenangady |
| 02 | 06.15 am | First Holy Communion @ Thazhathuvadakara |
| 03 | 06.45 am | Baptism @ St. Xavier's Veliyanadu |
| | 09.00 am | Class @ Denahalaya |
| 04 | 09.00 am | Class @ Denahalaya |
| 05 | 06.30 am | Minor Orders & Minor Seminary Jubilee Celebration @ Kurichy |
| | 03.00 pm | Holy *Qurbana* @ Pulincunnoo |
| 06 | 11.30 am | Holy *Qurbana* @ Thellakom |
| | 03.00 pm | Visitors |
| 07 | 10.30 am | Baptism @ TVM Lourde |
| 08-10 | | Etawah |
| 11 | 09.00 am | Class @ Denahalaya |
| 12 | 09.00 am | Class @ Denahalaya |
| 13 | 04.30 pm | *Kalkurishu* Blessing & Holy *Qurbana* @ Kelamangalam |
| 14 | 07.30 am | Holy *Qurbana* @ Edathua |
| | 11.30 am | Holy *Qurbana* @ Vaipur New |
| | 03.30 pm | KLT Course Certificate Distribution |
| 15 | 09.30 am | Family Conference @ Thrissur |
| 16 | 06.20 am | Holy *Qurbana* @ Priest Home |
| | 11.00 am | Marriage @ Ithithanam |
| 17 | 11.00 am | Jubilee *Qurbana* @ CMC Podimattam |
| | 03.00 pm | Visitors |
| | 06.00 pm | Interdepartmental Meeting |
| 18 | | Engaged |

| | | |
|---|---|---|
| 19 | 11.30 am | Betrothal @ Veroor |
| | 06.00 pm | Kottayam Lourde |
| 20 | 09.00 am | *Athiroopathadinam* @ Kottayam Lourde F |
| 21 | 10.00 am | LMCST Board of Governors Meet @ Kuttichal |
| 22 | 09.00 am | Holy *Qurbana* @ Kuchapuram |
| | 04.00 pm | Mathru-Pithruvedi Convention @ Amboori F |
| 23 | | Engaged |
| 24 | 10.00 am | New Priests' Gathering |
| 25 | 03.00 pm | Engaged |
| 26 | 10.00 am | LMCST Board of Governors Meet @ Kuttichal |
| 27 | 03.00 pm | Engaged |
| 28 | 11.00 am | Support a Child Meeting @ Atmata |
| 29 | 03.00 pm | Catechism Teachers Meet @ Manarcadu |
| 30-31 | | Engaged |

**VEDAPRACHARA MADHYASTAN VOL.94 No.11 May 2022**
Date of Publication : 30-04-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



**നാഥനൊടൊത്തു നിരാമയനിൽ**
**ജീവൻ നിഭൃതമടക്കിയ നാം**
**ഭൗമികചിന്ത വെടിഞ്ഞു പരം**
**ദൈവിമായതു തേടേണം**

**(ഉയിർപ്പുകാലം, വ്യാഴം സപ്രാ)**

Estd. 1928

Phone 2410101

Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Issac Alencherry, Exe. Editor: Fr Jenny Kayamkulathusserry

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org